KOTTAYAM PUBLIC LIBRARY

Call No. 294 GUR-A Acc. No. 19581

Author ഗുരുവായൂർ ദേവസ്വം

Title [illegible]

۹۴۱

KPL 294
GUR-A

ഹൈന്ദവസംസ്കാരം പുസ്തകം 5.

0-50

14581

# ആദ്ധ്യാത്മികജീവിതം

പ്രസാധകന്മാർ:

ഗുരുവായൂർ ദേവസ്വം,

ഗുരുവായൂർ.

1953

വാണീവിലാസം പ്രസ്സ്,

ഗുരുവായൂർ.

—വില 8 ണ.

# ഉള്ളടക്കം

1. പ്രസ്താവന

2. സന്ദേശങ്ങൾ

3. ഉദ്ഘാടനം

—തച്ചുടയകയ്മൾ, ഇരിഞ്ഞാലക്കുട.

4. ഉപക്രമം

—നിശ്രേയസാനന്ദസ്വാമികൾ, മദ്രാസ്സ്.

5. ശ്രേയസ്സും പ്രേയസ്സും

—സുകുമാർ, അഴീക്കോട്.

6. ധർമ്മസ്വരൂപം

—പണ്ഡിതരാജൻ, കെ. അച്യുതപ്പൊതുവാൾ.

7. നിത്യനൈമിത്തികകർമ്മങ്ങൾ

—ജി. വിശ്വനാഥശർമ്മ

8. ഉപസംഹാരം

—നിശ്രേയസാനന്ദസ്വാമികൾ.

# പ്രസ്താവന

ഗുരുവായൂർ ദേവസ്വത്തിൻെറ ആഭിമുഖ്യത്തിൽ 1952 മേയ് മാസത്തിൽ നടത്തിയ നാലാം അഖില കേരളഹിന്ദുമത സംസ്കാര സമ്മേളനത്തിൻെറ പ്രഥമയോഗത്തിലെ പ്രസംഗങ്ങളാണ് ഈ സംപുടത്തിൽ സമാഹരിയ്ക്കപ്പെട്ടിട്ടുള്ളത്. മററു യോഗങ്ങളിലെ പ്രസംഗങ്ങളും പ്രത്യേകം പ്രസിദ്ധം ചെയ്തിട്ടുണ്ട്. ഈ സമാഹാരം സനാതനധർമ്മപ്രണയികളുടെ സമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

—പ്രസാധകന്മാർ.

## Messages

Council of States Secretariat,
Parliament House, New Delhi.
2, King Edward Road,
New Delhi, 26th May, 1952.

........................ I am glad to know that you are doing very important work and that it is receiving the appreciation of persons like His Highness the Rajpramukh of Mysore. It is not possible for me to be present at Guruvayur, but I hope your conference will be a great success.

Yours Sincerely,
Dr. S. Radhakrishnan,
(Vice President of India.)

20, Akbar Road,
New Delhi, 26th May, 1952.

............... As the Parliament is in session, it is obviously not possible for me to come over there. I wish the conference success.

Yours Sincerely,
G. V. Mavalankar,
(Indian Parliament Speaker.)

Governor's Secretary,
Raj Bhavan,
Guindy, 24th May, 1952.

........................ I am to say that His Excellency regrets his inability to attend the Conference. His Excellency wishes the Conference every success.

Yours faithfully,
(Sd.) H. Sambamurti.

K. Venkataswami Naidu,
Minister (Religious Endowments
and Registration)

Fort St. George,
Madras,
27th May, 1952.

.................. It is an excellent idea to have arranged such a Conference in a place over-ridden by Communist propaganda. I hope and pray that this Conference will be a great success and that in the years to come it will become a great and powerful force for the Religious revival of Kerala. I wish the Conference all success

May God help you.

Yours faithfully,
(Sd.) K. Venkataswami Naidu.

28th May, 1952.

Dear Brother,

This is only to send you my cordial good wishes that the Conference will inspire all who attend and be a great success.

Yours sincerely,
C Jinarajadasa,
President, The Theosophical Society,
Adyar.

K. P. Kesava Menon,
High Commissioner of India Ceylon.

Colombo,
28th May, '52.

Regret inability attend Conference. Wish Conference all success.

(Sd.) K. P. Kesava Menon.

Dr. A. Aiyappan, Superintendent.

Government Museum, Egmore, Madras, 27-5-'52.

............... Having attended two of the conferences, I know how useful and inspiring they are. I congratulate you and other organisers on your initiative and the variety you are introducing into the programme. I have no doubt that the conference will be a complete success and pay dividends in terms of better understanding of our contributions to Indian Culture and Hindu religious thought.

Yours sincerely,
(Sd.) A. Aiyappan.

K. K. Menon, B. A., B. L.,
Executive Officer,
Sri Meenakshi Sundareswarar etc.
Devasthanams.

Madurai,
26—5—1952.

... ... ...... I send you my sincere greetings for the occasion and pray that this conference would open new avenues to mark the renovation of the ancient religious fervour and culture for which Kerala has ever been so famous.

Yours Sincerely,
(Sd) K. K. Menon.

C. Anna Rao B. A.
Executive Officer.

T. T. Deavasthanams,
Tirupati, 26—5—1952.

...................... It will be instructive to be present on such an occassion, but the work here prevents me from attending the same. I invoke the Blessings of Lord Srinivasa of Seven Hills on this happy occasion.

Yours faithfully,
(Sd.) C. Anna Rao.

ദേവസ്വം ബോർഡ്, തിരുവനന്തപുരം,
26—5—1952.

ഇക്കൊല്ലം സമ്മേളനത്തിന്റെ ഉൽഘാടനകർമ്മം നിർവഹിക്കുന്നത് ചാമുണ്ഡേശ്വരീഭക്തനായ മൈസൂർ മഹാരാജാവ് തിരുമേനിയാണെന്നറിയുന്നതിൽ എനിക്ക് അത്യധികമായ സന്തോഷമുണ്ട്. ഹൈന്ദവധർമ്മത്തിന്റെ പ്രചരണവും, നവോത്ഥാനവുമാണല്ലോ ഈ സമ്മേളനത്തിന്റെ ലക്ഷ്യങ്ങൾ. ഭാരതഭൂമിയിലെ മഹാക്ഷേത്രങ്ങളുടെ ഗണനാപ്രസംഗത്തിൽ പൌരാണികത്വംകൊണ്ടും പ്രശസ്തികൊണ്ടും മഹോന്നതമായ ഒരു സ്ഥാനമുള്ള ഗുരുവായൂർ ക്ഷേത്രത്തിന്റെ പരിസരങ്ങളിൽവെച്ച് കൂടുന്ന ഈ സമ്മേളനത്തിന് ഹൈന്ദവസംസ്കാരപ്രചരണവിഷയകമായി ധാരാളം പ്രവർത്തിക്കുവാൻ ഇടയാകുമെന്നുള്ളതിൽ സംശയമില്ല. സമ്മേളനത്തിൽ പങ്കുകൊള്ളാനുള്ള ഭാഗ്യം ഇല്ലെങ്കിലും അതിന്റെ മംഗളകരമായ നടത്തിപ്പിന്നായി നിങ്ങളോടൊത്ത് ഞാനും ഗുരുവായൂർ അപ്പനോട് പ്രാർത്ഥിച്ചുകൊള്ളുന്നു.

എന്ന്, സ്നേഹപൂർവ്വം, രാജ്യസേവാപ്രവീണ
പി. ജി. നാരായണനുണ്ണിത്താൻ (പ്രസിഡണ്ട്)

ആനക്കര, 26—5—1952.

സമ്മേളനത്തിന്ന് സർവ്വ വിജയവുമാശംസിക്കുന്നു. ശുഭം ഭൂയാത്!

വിനീതനമസ്കാരപൂർവ്വം,
എ. വി. കുട്ടികൃഷ്ണമേനോൻ.

കുമ്പിടി, 27—5—52.

സമ്മേളനത്തിന്ന് സകലവിധ മംഗളങ്ങളും ആശംസിക്കുന്നു.

എന്ന്, വിധേയൻ, എ. വി. ഗോവിന്ദമേനോൻ.

കോട്ടക്കൽ, 26—5—1952.

ഈ സാംസ്കാരികസമ്മേളനത്തിൽ പങ്കുകൊള്ളുവാൻ എനിക്ക് പ്രത്യേകം ആഗ്രഹമുണ്ട്. എങ്കിലും ദേഹാസ്വാസ്ഥ്യം നിമിത്തം അതിന്ന് സാധിക്കാതെ വന്നതിൽ അത്യന്തം വ്യസനിക്കുന്നു. സമ്മേളനത്തിന്ന് സർവ്വവിജയങ്ങളും ആശംസിച്ചുകൊണ്ട് വിധേയൻ,
പി. വി. കൃഷ്ണവാരിയർ.

# മംഗളാശംസ


ഹൈന്ദവ ജനതക്ക
    നവമാം സംസ്കാരത്തിൻ
സുന്ദര കിരണത്താ–
    ലുൾത്തട്ടിലേകീടുവാൻ,
ആർഷഭാരതത്തിന്റെ
    പൊൻക്കൊടി പൊക്കിക്കെട്ടാ–
നാസ്തിക്യബോധ
    മഷ്ടബന്ധമിട്ടുറപ്പിക്കാൻ,
ശ്രീവാതപുരിതന്നി
    ലുടലാണ്ടൊരീസ്സഭാ–
ഘോഷിക്ക, നമസ്കാര
    പൂർവ്വമെന്നാശംകൾ.

ഗുരുവായൂർ,
24—5—1952.

—നാലാങ്കൽ.



ശ്രീ തച്ചുടയക്കയ്മളും (ഉൽഘാടകൻ)



നിശ്രേയസാനന്ദസ്വാമികളും (അദ്ധ്യക്ഷൻ)

# ഉദ്ഘാടനം

ഈശ്വരഭക്തന്മാരും ഹിന്ദുമതസംസ്കാരപ്രിയന്മാരുമായ മഹാജനങ്ങളേ !

മൈസൂർ രാജപ്രമുഖന് അവിചാരിതമായി നേരിട്ട അസൌകര്യത്താലും, ഈ സമ്മേളനഭാരവാഹികളുടെ സ്നേഹപൂർവ്വമായ നിർബ്ബന്ധത്താലും ഈ പുണ്യകർമ്മം ഞാൻ ഏററുപോയതാണ്.

ഇന്നു ഉദ്ഘാടനം ചെയ്യുന്ന ഈ സമ്മേളനപരിപാടികൾ മൂന്നു് ദിവസത്തേക്കു് നീണ്ടുനില്ക്കുന്നതാണെന്നും, പല പണ്ഡിതന്മാരുടേയും വാഗ്മികളുടേയും പ്രസംഗങ്ങളും, വിവിധകലാപരിപാടികളും ഉണ്ടാകുമെന്നും കാര്യപരിപാടിയിൽ കാണുന്നുണ്ടു്. ഈ മാതിരി സമേളനങ്ങൾകൊണ്ടു് വളരെ പ്രയോജനം സിദ്ധിക്കുന്നുണ്ടെങ്കിലും, പ്രായേണ സാമാന്യജനങ്ങൾ ഇവിടെ പ്രതിപാദിക്കുന്ന വിവിധ വിഷയങ്ങളെപ്പററി ഗാഢമായി ആലോചിച്ചു അവ പ്രവർത്തിപഥതയിൽ കൊണ്ടുവരുന്നതിന്നു് ശ്രദ്ധിക്കുന്നുണ്ടോയെന്നു് സംശയമാണ്. സർവ്വമതസാമാന്യതത്വങ്ങൾ, കലകൾ തുടങ്ങിയ വിവിധ വിഷയങ്ങളെ പ്രതിപാദിച്ചു നടത്തുന്ന ഈ സമ്മേളനത്തിന്റെ ഭാരവാഹികൾ സർവ്വഥാ അനുമോദാർഹരാണ്. ജീവിതത്തിൽ മതത്തിന്നുള്ള സ്ഥാനം എന്താണെന്നും, സർവ്വമതത്തിന്റേയും സമാന്യതത്വങ്ങൾ എന്താണെന്നും മനസ്സിലാക്കി പ്രവർത്തിക്കുന്നപക്ഷം യാതൊരസമാധാനത്തിനോ അസംതൃപ്തിക്കോ ഇടവരികയില്ല. എന്നാൽ, ഈ മാതിരി കാര്യങ്ങളിൽ പ്രായേണ ആരും ഔത്സുക്യം പ്രദർശിപ്പിക്കാറില്ല. ഹിന്ദുമതസംസ്കാരത്തിന്നു് പല ന്യൂനതകളും, കാലഗതിയിൽ സംഭവിച്ചിട്ടുണ്ടെന്നു് ഏവരും ഒരുപോലെ സമ്മതിക്കുന്നതാണ്. അതെല്ലാം ശരിപ്പെടുത്തുന്നതിന്നു് ഈ മാതിരി സമ്മേളനം പ്രയോജനപ്പെടുമെന്നുള്ളതിന്നു് സംശയമില്ല. അതിലേക്കു് ഹിന്ദുക്കൾക്കു് ശക്തിയുണ്ടാകുവാൻ ഗുരുവായൂരപ്പൻ അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഈ സമ്മേളനം ഉദ്ഘാടനം ചെയ്തുകൊള്ളുന്നു.

—തച്ചുടയകയ്മൾ, ഇരിഞ്ഞാലക്കുട.

# ഉപക്രമം

മാന്യരെ,

ഈ സമ്മേളനത്തിന്നു് എന്നെ ക്ഷണിക്കുകയും അദ്ധ്യക്ഷസ്ഥാനം തന്നു എന്നെ പ്രത്യേകിച്ച ബഹുമാനിക്കുകയും ചെയ്ത സമ്മേളനഭാരവാഹികാംക്കു് നമസ്കാരം.

മൈസൂർ രാജപ്രമുഖൻ ഈ സമ്മേളനം ഉദ്ഘാടനം ചെയ്യുവാൻ എഴുന്നെള്ളുന്നതാണെന്നു കേട്ടപ്പോഠം ആദ്യമായിട്ടു എനിക്കു് ജനകരാജാവിൻെറ കഥയാണു് ഓമ്മവന്നതു്. അദ്ദേഹത്തിൻെറ സഭയിൽ പലപ്പോഴും വേദാന്തചച്ചകഠം നടക്കാറുണ്ടു്. ആ അവസരങ്ങളിലെല്ലാം അദ്ദേഹംതന്നെയാണു് അഗ്രാസനം വഹിക്കാറുള്ളതു്. ഒരിക്കൽ ഒരു വലിയ യജ്ഞം നടന്നുകൊണ്ടിരിക്കുമ്പോഠം, ഓരോ കൊമ്പിന്മേലും പൊന്നണിഞ്ഞ ആയിരം പശുക്കളെ ദക്ഷിണക്കുവേണ്ടി മഹാരാജാവു് കൊണ്ടുവന്നു കെട്ടി. സഭയിൽ വെച്ചു് ആരാണോ വലിയ ബ്രഹ്മജ്ഞാനി, അദ്ദേഹം ആ പശുക്കളെ എല്ലാം സമ്മാനമായി എടുത്തുകൊള്ളട്ടെ എന്നു് മഹാരാജാവു് ആജ്ഞാപിക്കുകയും ചെയ്തു. പണ്ഡിതന്മാക്കെല്ലാം പശുക്കളെ കൈവശമാക്കുവാൻ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ പശുക്കളെ സ്വീകരിക്കുക നിമിത്തം താനാണു് പണ്ഡിതശ്രേഷ്ഠനെന്നു് കൊട്ടിഘോഷിക്കുക എന്നുള്ള ന്യൂനതയിൽ അകപ്പെടും. ഈ ഭയത്താൽ എല്ലാവരും മൌനം ദീക്ഷിച്ചു. കുറച്ചുസമയം കാത്തിരുന്നതിൻെറ ശേഷം യാജ്ഞവല്ക്യ ഋഷി എഴുനീററുനിന്നു് തൻെറ ശിഷ്യനോടു് ആ പശുക്കളെ എല്ലാം സ്വന്തം ആശ്രമത്തിലേക്കു തെളിച്ചുകൊണ്ടുപോകാൻ ആജ്ഞാപിച്ചു. മററുള്ളവക്കെല്ലാം കോപം വരികയും, അവരിൽ ഒരു പണ്ഡിതൻ, വിശേഷിച്ചും, "താനാണോ ഏററവും വലിയ ബ്രഹ്മജ്ഞാനി?" എന്നു് യാജ്ഞവല്ക്യനോടു ചോദിക്കുകയും ചെയ്തു. വലിയ ബ്രഹ്മജ്ഞാനിക്കു് എൻെറ നമസ്കാരം. എനിക്കു് പശുക്കളെ കിട്ടണമെന്നു ആഗ്രഹമുണ്ടു്; അത്രയേ ഉള്ളു", എന്നായിരുന്നു സരസനായ യാജ്ഞവല്ക്യൻെറ മറുവടി. ഇതിന്നു ശേഷം അവിടെ കൂടിയിരുന്ന പണ്ഡിതന്മാരിൽ പലരും എന്തെല്ലാം ചോദ്യങ്ങഠം ചോദിച്ചുവെന്നും, യാജ്ഞവല്ക്യൻ അവക്കെല്ലാം എങ്ങിനെ ശരിയായ സമാധാനങ്ങഠം പറഞ്ഞുവെന്നും ബൃഹദാരണ്യക ഉപനിഷത്തിലെ മൂന്നാം

അദ്ധ്യായം വായിച്ചുനോക്കിയാൽ അറിയാവുന്നതാണ്. ചോദ്യം ചോദിച്ചവരിൽ ഒരു സ്ത്രീ കൂടി ഉണ്ടായിരുന്നു. ഈ കഥ പറഞ്ഞതിൻെറ ഉദ്ദേശം പുരാതന കാലങ്ങളിൽ ബുദ്ധിമാന്മാരായ രാജാക്കന്മാർ വേദാന്തചച്ചകറം നടക്കുമ്പോറം അഗ്രാസനം വഹിച്ചിരുന്നു എന്നു് കാണിക്കുവാനാണ്. മൈസൂർ രാജപ്രമുഖനെ ഈ സമ്മേളനത്തിൻെറ ഉദ്ഘാടനത്തിന്നു് ക്ഷണിച്ചതിൽ ഇവിടത്തെ ഭാരവാഹികറം പഴയ പതിവുപ്രകാരം നടക്കുക മാത്രമാണ് ചെയ്തതു്.

ഈ മാതിരി സമ്മേളനങ്ങളെക്കൊണ്ടു് പലവിധ ലാഭങ്ങറം ഉണ്ടാവുന്നതാണ്. ഒന്നാമതായി, നാട്ടിലെ പല ഭാഗത്തുമുള്ള മഹാന്മാരെ നമുക്ക് ഒരേ രംഗത്തു് പ്രവേശിപ്പിക്കുവാൻ സാധിക്കുന്നു. അവക്കാകട്ടെ അന്യോന്യം പരിചയപ്പെടുന്നതിന്നും, തങ്ങളുടെ അനുഭവങ്ങളെ ഒത്തുചേത്തു് നോക്കുന്നതിന്നും സൌകയ്യം സിദ്ധിക്കുന്നു. ദേശത്തിൽ അങ്ങുമിങ്ങും ഉത്ഭവിച്ചു ബലം പിടിച്ചുവരുന്നവയും, പരസ്പരവിരോധം ഉള്ളവയും ആയ ആശയഗതികളെ കുറച്ചെങ്കിലും സമരസപ്പെടുത്തുവാനും വഴികറം ഉണ്ടാവുന്നു. രണ്ടാമതായി, സാംസ്കാരികവിഷയങ്ങളിൽ താല്പയ്യമുള്ള പൊതുജനങ്ങറംക്ക് മഹാന്മാരായ പലരേയും കാണുന്നതിന്നും അവരുടെ പ്രസംഗങ്ങറം കേറംക്കുന്നതിന്നും അവസരം കിട്ടുന്നു. വളരെക്കാലത്തെ പഠിപ്പിൻെറയും തപസ്സിൻെറയും ഫലം ആ പ്രസംഗങ്ങളിൽകൂടി പ്രവഹിക്കാതിരിക്കുകയില്ലല്ലോ. മൂന്നാമതായി, യുവാക്കന്മാക്ക് സാംസ്കാരികരംഗത്ത് പ്രവേശിക്കുവാനും സമുദായസേവാനിപുണരാകുവാനും സൌകയ്യം ഉണ്ടാവുന്നു. വയോവൃദ്ധന്മാരായ പണ്ഡിതന്മാർ രംഗത്തുനിന്നു് പിന്മാറുകയോ, അഥവാ മരിച്ചുപോവുകയോ ചെയ്യുമ്പോറം, സാംസ്കാരികവിഷയങ്ങളെ ശരിയായി കൊണ്ടുനടത്തുവാനുള്ള പരിശീലനം ഈവിധ സമ്മേളനങ്ങറം ചെറുപ്പക്കാക്ക് കൊടുക്കുന്നു.

നമ്മുടെ കായ്യക്രമമനുസരിച്ച് നാം മൂന്നുനാലു് ദിവസങ്ങറം മാത്രമേ ഇവിടെ ചേന്നിരിക്കുകയുള്ളു. അതുകൊണ്ടു ഒരു ചിന്തകനും താൻ വിശേഷാൽ പഠിച്ചിട്ടുള്ള എല്ലാ സംഗതികളും ശ്രോതാക്കളുടെ മുമ്പാകെ വിവരിക്കുവാൻ സാധിക്കുകയില്ല. തനിക്കുതന്നിട്ടുള്ള ക്ലിപ്തസമയത്തിനുള്ളിൽ, സഭാവാസികളുടെ ശ്രദ്ധയെ ഉദ്ദീപിപ്പിക്കുന്ന ചില അംശങ്ങറം മാത്രമെ ഓരോ പ്രാസംഗികനും എടുത്തുപറയുക ഉണ്ടാവുകയുള്ളു. ഒരൊററ പ്രസംഗത്തിലോ ലേഖനത്തിലോ തൻെറ സകല ചിന്തകളേയും ഒതുക്കുവാൻ ആക്കും സാദ്ധ്യമല്ലല്ലോ.

ഇവിടെ പല വിഷയങ്ങളെപ്പററി ചച്ച നടക്കും. ഉദാഹരണമായി "ശ്രേയസ്സ്" എന്ന വിഷയമെടുക്കുക. ശ്രേയസ്സും പ്രേയസ്സും ഒരേ സമയത്തു തന്നെ മനുഷ്യരുടെ മുമ്പാകെ എത്തുന്നു. ഇന്ദ്രിയങ്ങളെ നിഗ്രഹിച്ചവർ മോക്ഷ ഹേതുവായ ശ്രേയസ്സിനെ കൈകൊള്ളുന്നു. നേരേ മറിച്ച്, മോഹാവിഷ്ടനായ മൂഢൻ ബന്ധകാരണമായ പ്രേയസ്സിനെ സ്വീകരിക്കുന്നു. (ശ്രേയശ്ച പ്രേയശ്ച മനുഷ്യമേതസ്തൌ സംപരീത്യ വിവിനക്തി ധീരഃ!)

കഠോപനിഷത്തു വായിച്ചിട്ടില്ലാത്തവക്കും ഇവിടെ കൂടിയിരിക്കുന്ന ചെറുപ്പക്കാക്കുംവേണ്ടി കഠോപനിഷത്തിൽ വണ്ണിക്കപ്പെട്ട നചികേതസ്സിൻെറ കഥ ചുരുക്കിപ്പറയാം. കേവലം ബാലനായ നചികേതസ്സ് ബ്രഹ്മജ്ഞാനി ആയിത്തീൻ; അതുപോലെതന്നെ മററുള്ളവക്കും ജ്ഞാനം സിദ്ധിക്കും എന്നു ആ ഉപനിഷത്തിൽനിന്നും സ്പഷ്ടമാകുന്നു. വേദാന്തചിന്തയും ആദ്ധ്യാത്മികജീവിതവും ഒരു മനുഷ്യനു്, തൻെറ ശരീരം ബലം കുറഞ്ഞു, തനിക്കു് വിഷയഭോഗങ്ങൾ അസാദ്ധ്യമായിത്തീരുന്ന ഘട്ടത്തിൽ മാത്രമേ പ്രയോജനപ്പെടുകയുള്ളു, എന്നു നമ്മളിൽ പലരും പലപ്പോഴും തെററിദ്ധരിക്കാറുണ്ട്. ചിലർ ആ വിധ അജ്ഞാനം നീങ്ങാതെതന്നെ മരിച്ചുപോകാറും ഉണ്ട്. ആദ്ധ്യാത്മികാഭിവൃദ്ധിക്കു പ്രധാനമായ കാരണം വയസ്സല്ലാ, ശ്രദ്ധയാണ് എന്നു നചികേതസ്സിൻെറ കഥ തെളിയിക്കുന്നു.

നചികേതസ്സിൻെറ അച്ഛൻ തൻെറ ധനമെല്ലാം സൽപാത്രങ്ങൾക്കു ദാനം ചെയ്യുക എന്നതു പ്രധാന അംഗമായ ഒരു യാഗം ആരംഭിച്ചു. പക്ഷെ ദാനകാലം വന്നപ്പോൾ അദ്ദേഹത്തിൻെറ മനസ്സിളകി. നല്ല പശുക്കളെ എല്ലാം തൻെറ സ്വന്തം, അതായത് കുടുംബത്തിൻെറ, ആവശ്യത്തിന്നായി നീക്കിവെച്ചു. ഇനിമേൽ പുല്ലുതിന്നുക, വെള്ളം കുടിക്കുക, എന്നീ ശരീരവ്യാപാരങ്ങൾ നടത്തുവാൻപോലും കഴിയാത്ത വൃദ്ധപശുക്കളെമാത്രം ഓരോന്നായി ദാനം ചെയ്യുവാൻ തുടങ്ങി. "പുത്" എന്ന നരകത്തിൽനിന്നു് അച്ഛനെ രക്ഷിക്കുന്നതിനാലാണല്ലോ "പുത്രൻ" എന്ന പേരുണ്ടായത്. അത് ഭാവിയിൽ വരാവുന്ന ഒരു നരകമാണ്. അച്ഛൻ തൻെറ സദുദ്ദേശത്തെയും വ്രതത്തേയും മറന്നു് ലോഭിയാവുന്നതുകൊണ്ടു് ഇപ്പോൾത്തന്നെ ഒരു വലിയ നരകത്തിൽ വീഴുകയാണ് അതിൽ വീഴാതെ രക്ഷിക്കേണ്ടതു് താൻ ചെയ്യേണ്ടുന്ന കൃത്യമാണെന്നു് ശ്രദ്ധാപരിപൂണ്ണനായ നചികേസ്സിനു് ഉടനെതന്നെ തോന്നി

ന്യായമാണെന്നു തോന്നിയതു് കാൎയ്യരൂപത്തിൽ കൊണ്ടുവരുന്നതു് ശ്രദ്ധയുടെ ലക്ഷണമാകകൊണ്ടു് കുട്ടി അച്ഛനോടു "എന്നെ ആൎക്കാണു് ദാനം ചെയ്യുന്നതു?" എന്നു സ്പഷ്ടമായി ചോദിച്ചു. ചോദ്യത്തിന്റെ ഉദ്ദേശം മനസ്സിലാക്കിയ അച്ഛൻ ഒന്നു രണ്ടു പ്രാവശ്യം താൻ ഒന്നും കേട്ടില്ലെന്നു് നടിച്ചു. മൂന്നാമതും അതേ ചോദ്യം കേട്ടപ്പോൾ, കോപാവിഷ്ടനായി, "അന്തകന്നാണു് നിന്നെ കൊടുക്കുന്നതു്" എന്നു് മറുവടി പറഞ്ഞു. ആശീൎവ്വാദം ചെയ്യേണ്ടുന്ന അവസരത്തിൽ ശാപവാക്കുകളെ പറഞ്ഞതോൎത്തു് പിന്നീടു് അദ്ദേഹം ദുഃഖിച്ചു. കോപംകൊണ്ടു് പറഞ്ഞ വാക്കുകളാണെങ്കിലും, ഗുരുജനങ്ങളുടെ വാക്കുകളെ അതിക്രമിച്ചു് നടക്കുന്നതു് ശരിയല്ലെന്നും, പൂൎവ്വികന്മാരിൽ യോഗ്യരായവർ സത്യം പരിപാലിച്ചതുപോലെ താനും അച്ഛൻ പറഞ്ഞ വാക്കുകളുടെ സത്യത്തെ പരിപാലിക്കണമെന്നും നചികേതസ്സ നിശ്ചയിച്ചു. ഇതും ശ്രദ്ധയുടെ ഫലംതന്നെ.

യമൻ ഏതോ അടിയന്തിരമായി എവിടേക്കോ പോയിരുന്നതിനാൽ നചികേതസ്സ് അദ്ദേഹം വരുന്നതുവരെ അന്നപാനാദികൾ ഉപേക്ഷിച്ചു് പടിക്കുപുറത്തിരുന്നു. അതിഥിയെ വേണ്ടവിധത്തിൽ സൽക്കരിക്കാത്തതിന്റെ പരിഹാരമായി യമധൎമ്മരാജാവു്, താൻ തിരിച്ചുവന്ന ഉടനെതന്നെ, നചികേതസ്സിനെ പാദ്യം മുതലായവയെക്കൊണ്ടു് ആദരിച്ചു. അതിന്നുംപുറമെ, പട്ടിണികിടന്ന ഓരോ നാളിന്നും ഓരോ വരം കൊടുക്കാമെന്നുകൂടെ പ്രതിജ്ഞചെയ്തു.

എല്ലായ്പോഴും ജാഗരൂകനായിരിക്കുക ശ്രദ്ധയുടെ ഒരു വലിയ ലക്ഷണമാണു്. യമനോടുള്ള പെരുമാററത്തിലും നചികേതസ്സിന്റെ ശ്രദ്ധ വെളിവായി. ആദ്യത്തെ വരം ഭൂമിയിലേക്കു് മടങ്ങിച്ചെന്നു് അച്ഛന്റെകൂടെ താമസിക്കുവാൻ സാധിക്കേണമെന്നായിരുന്നു. യമന്നു് പ്രവേശനം നിഷേധിക്കപ്പെട്ട സ്വൎഗ്ഗത്തെ പ്രാപിക്കുന്ന രഹസ്യവിദ്യ ആയിരുന്നു രണ്ടാമത്തെ വരം. മരണാനന്തരമായ അവസ്ഥയെക്കുറിച്ചുള്ള ജ്ഞാനം ഉപദേശിക്കണമെന്നായിരുന്നു മൂന്നാമത്തേതു്. ഈ ലോകത്തിൽനിന്നു പരലോകത്തിലേക്കു് ജനങ്ങളെ കടത്തിഅയക്കുന്ന യമധൎമ്മരാജാവിന്നു ഈ രഹസ്യം അറിയാതിരിക്കുകയില്ലല്ലോ. അതുകൊണ്ടു് ഈ ജ്ഞാനോപദേശത്തിന്നു ശരിയായ ഗുരു അദ്ദേഹം തന്നെ ആയിരിക്കണം. എന്നാൽ യമനാകട്ടെ നചികേതസ്സിന്റെ വിരക്തി

എത്രത്തോളം ദൃഢമാണെന്നു പരീക്ഷിക്കാതെ ആ തത്വം ഉപദേശിക്കുവാൻ തയ്യാറായിരുന്നില്ല. ഐഹികസുഖങ്ങളിൽ ആസക്തിയുള്ള മനസ്സിൽ ആത്മജ്ഞാനത്തിന്നു പ്രവേശം എങ്ങിനെ ഉണ്ടാകും ?

പരീക്ഷ ഈ വിധം ആയിരുന്നു ആവശ്യപ്പെട്ട വരത്തിന്നു പകരം പാടുവാനും ആടുവാനും കഴിയുന്ന അസംഖ്യം സുന്ദരികളേയും, തേർ, കുതിര മുതലായവകളേയും, സുഖങ്ങൾ എല്ലാം അനുഭവിക്കുവാൻവേണ്ടി വന്നേക്കാവുന്ന ദീർഘായുസ്സിനേയും യമൻ കൊടുക്കാമെന്നേറ്റു. ശ്രദ്ധയും ജാഗരൂകതയും തികഞ്ഞ നചികേതസ്സ് ഇതെല്ലാം തൻെറ ശ്രേയസ്സിന്നു വിരുദ്ധമാണെന്നു ഉടനെതന്നെ കണ്ടു. ഈ ഭോഗങ്ങൾ അത്ര നല്ലവയാണെങ്കിൽ യമൻ തന്നെ അവകളെ അനുഭവിക്കുകയാണ് യുക്തം എന്നും, തനിക്കാകട്ടെ, താൻ ആവശ്യപ്പെട്ട സൂക്ഷ്മജ്ഞാനം അല്ലാതെ വേറെ ഒരു വരവും വേണ്ടതില്ലെന്നും ബാലനായ നചികേതസ്സ് ബലമായി വാദിച്ചു. യമനു വളരെ തൃപ്തിയാവുകയും കാലസ്വരൂപനായ അദ്ദേഹം കാലം, ദിക്ക്, കാരണം എന്നിവകൾക്കു അതീതമായ തത്വം ഏതോ, അതിൻെറ ജ്ഞാനം ശിഷ്യനായിത്തീർന്ന നചികേതസ്സിന്നു് വഴിപോലെ ഉപദേശിക്കുകയും ചെയ്തു.

വളരെ സാരഗർഭമായ ഒരു കഥയാണിത്. തല്ക്കാലം ഇന്ദ്രിയങ്ങളെ സന്തോഷിപ്പിക്കുന്നവയും അവസാനത്തിൽ അജ്ഞാനബന്ധത്തെ ഉറപ്പിക്കുന്നവയുമായ വസ്തുക്കളെല്ലാം "പ്രേയസ്സ്" എന്ന പദംകൊണ്ട് നിർദ്ദേശിക്കപ്പെടുന്നു. നേരെ മറിച്ച് വൈരാഗ്യം, വിവേകം, ധ്യാനം മുതലായവ ആരംഭത്തിൽ കഠിനങ്ങൾ ആണെങ്കിലും, കാലക്രമംകൊണ്ട് ആത്മജ്ഞാനത്തെ കൊടുക്കുന്നവയാകകൊണ്ട് "ശ്രേയസ്സ്" എന്ന വകുപ്പിൽ ചേരുന്നവയാണ്.

അദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ ഇതിൽകവിഞ്ഞു് ഒന്നും പറയേണ്ടതില്ല. സ്വന്തം വിഷയങ്ങളിൽ വലിയ പാണ്ഡിത്യമുള്ള പ്രാസംഗികന്മാരുടേയും നിങ്ങളുടേയും മദ്ധ്യേ ഇനി ഞാൻ നില്ക്കുന്നതു് ശരിയല്ല. പ്രസംഗങ്ങൾ എല്ലാം കഴിഞ്ഞതിന്നുശേഷം വല്ലതും പറയേണ്ടിവരുന്നതായാൽ, അതു് "ഉപസംഹാരം" എന്ന സ്ഥാനത്തു് ചുരുക്കി പറഞ്ഞുകൊള്ളാം.

—നിശ്രേയസാനന്ദസ്വാമികൾ.

# ശ്രേയസ്സും പ്രേയസ്സും

അമേരിക്കൻവേദാന്തിയായ തോറോ എഴുതിയതനുസരിച്ച്, വിത്ത് മണ്ണിനടിയിലേയ്ക്ക് വേരുകളയച്ചാലും ഇലകളുന്മുകൾ ആകാശത്തിലേയ്ക്കു പോകുന്നതുപോലെ, ഭൌമമായ ജീവിതത്തോടൊപ്പം സുവിശാലമായ ഒരു ഐശ്വരജീവിതംകൂടി മനുഷ്യൻ നയിക്കേണ്ടതാണ്. നമുക്കു സർവ്വേശ്വരന്റെ ചെടികളായി വളരുക!

അപരിചിതപദങ്ങൾ പൊതുവിൽ വെറുക്കപ്പെടുന്നു. പദങ്ങളും, മറെറന്തും, അപരിചിതങ്ങളാണെങ്കിൽ ജനങ്ങൾ ഇഷ്ടപ്പെടുന്നില്ല. എങ്കിലും 'ശ്രേയസ്സും പ്രേയസ്സും' എന്ന അത്യപരിചിതങ്ങളായ പദങ്ങൾ എടുത്ത് നിങ്ങളുടെ മുമ്പാകെ പ്രതിപാദിക്കുവാൻ മുതിർന്ന ഇയ്യുള്ളവൻ ആരോടും മാപ്പിന്നപേക്ഷിക്കുന്നില്ല. ഞാൻ സമ്മതിക്കുന്നു, ഈ പദങ്ങൾ അതിപുരാതനങ്ങളാണ്. ഏതാണ്ട് മൂവ്വായിരത്തിലധികം വർഷം പഴക്കംതട്ടി ജീർണ്ണിച്ചു ജർജ്ജരിതങ്ങളായ രണ്ടു വാക്കുകൾ! ആ ചിരന്തനകാലഘട്ടത്തിൽ അവയ്ക്കു കല്പിക്കപ്പെട്ടിരുന്ന അർത്ഥത്തിൽ അവ ഇന്നുപയോഗിക്കപ്പെടുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. അത്രമേൽ അവ ജനങ്ങളുടെ പരിചയത്തിന്റെ അന്തരീക്ഷത്തിൽനിന്നകന്ന് അവ്യക്തങ്ങളായിപ്പോയിരിക്കുന്നു. കാലഗതിയുടെ കാറേററ് അജ്ഞതയുടെ കാറണിപ്പടപ്പിൽപ്പെട്ട് മറഞ്ഞുപോയ അവയെ നോക്കി, അനുഗൃഹീതകവിയായ കുററിപ്പുറത്തു കേശവൻനായർ വാർതിങ്കളിനെനോക്കിപ്പാടിയതിൻവണ്ണം, "വരൂ, താഴോട്ടു വരൂ, ഈ നെററിമേൽ ചുംബിക്കൂ" എന്നു നിമന്ത്രണംചെയ്യുന്ന എന്റെ ഭോഷത്തം, ഭോഷത്തമാണെങ്കിൽ, എന്നിൽത്തന്നെ ജീർണ്ണിച്ച് വിലയം പ്രാപിക്കട്ടെ!

ആ വാക്കുകളുടെ ശബ്ദം മൂടപ്പെട്ടുപോയിരിക്കാം. എന്നാൽ അവയുടെ അർത്ഥം അന്നും ഇന്നും അസ്തമിക്കാത്ത രശ്മികൾ ചൊരിഞ്ഞുകൊണ്ട് നില്ക്കുന്നു. വാക്കുകളുടെ യഥാർത്ഥമായ വിലക്കേട് ശബ്ദാപരിചയംകൊണ്ടല്ല, അർത്ഥശൂന്യതകൊണ്ടാണ്, സംഭവിക്കുന്നതെന്ന് നാം മറന്നുകളയരുത്, പ്രകൃത

പദങ്ങൾ പ്രാചീനജീവിതത്തെ മാത്രമല്ല, വർത്തമാനത്തേയും ഭാവിയേയും ഉൾക്കൊള്ളുവാൻകൂടി അർത്ഥാഭോഗമാർന്നതാണ്.‘ ഇന്നി’ലടങ്ങുന്ന എന്റെയും നിങ്ങളുടേയും, ജീവിതങ്ങളുടേയും ‘ഇന്നി’നെ മാത്രമല്ല ‘ഇന്നലെ’യേയും ‘നാളെ’യേയും അടക്കുന്ന ജീവിതത്തിന്റെ ആകെത്തുകയുടേയും ലക്ഷ്യവും മാർഗ്ഗവുമെന്തെന്ന് നിർണ്ണയിക്കാൻ കരളുരുക്കി പാടുപെട്ട ഉപനിഷൽകർത്താക്കളായ ഋഷികൾ എടുത്തുപെരുമാറിയ ആ വാക്കുകൾ ചിന്താവിപണിയിൽ എന്നും വിലയുള്ള നാണയങ്ങളത്രേ. ലക്ഷ്യത്തിന്റേയും മാർഗ്ഗത്തിന്റേയും കൂട്ടുകെട്ടിൽ ‘ശരിയേത്’’ ‘തെറ്റേത്’’ എന്നു കുറിയ്ക്കാൻ ആ പഴയ ദാർശനികർ ഉപയോഗിച്ച രണ്ടു സുന്ദരപദങ്ങളാണ് പ്രേയസ്സും ശ്രേയസ്സും. ഗംഭീരസ്വരങ്ങളായ അവയുടെ ശ്രവണപരിചയക്കുറവ് കണക്കാക്കേണ്ടതില്ലെന്ന് കരുതാൻ വേണ്ട ക്ഷമ നമുക്ക കാണിയ്ക്കുക!

ഈ വാക്കുകൾ നമ്മെ, മറ്റെങ്ങുമല്ല, ജീവിതചിന്തയിലേയ്ക്കാണ് കടത്തിവിടുന്നത്. നാമറിയുന്നില്ല, നാമെല്ലാം ഒരുതരം തടവുകാരാണെന്നു. ദുഃഖത്തിന്റെ കന്മതിൽക്കെട്ടിനുള്ളിൽപ്പെട്ട ഹതഭാഗ്യരാണ് നാം. തടിച്ചുയർന്നു അപ്രധൃഷ്യങ്ങളായ ആ കന്മതിലിന്നിടയിലുള്ള സൂക്ഷ്മസൂക്ഷ്മങ്ങളായ ചില വിള്ളലുകളിലൂടെ ചിലപ്പോൾ സുഖത്തിന്റെ നേരിയ രശ്മികൾ അകത്തു കടന്നെത്താറുണ്ട്. വെളിയിലുള്ള വിശാലമായ ആനന്ദസാമ്രാജ്യത്തിൽനിന്നു ദുഃഖത്തിന്റെ കോട്ട ഭേദിച്ചു ഉള്ളിൽവരുന്ന അവ സുഖത്തിന്റെ വിശ്വസ്തദൂതന്മാരാണ്. വെളിയിലേയ്ക്ക് അവ നമ്മെ മാടിവിളിച്ചുകൊണ്ട് നില്ക്കുന്നു. അസ്പഷ്ടങ്ങളാണ് അവയുടെ ദർശനങ്ങൾ. എങ്കിലും ചിന്തകനായ മനുഷ്യന്നു ജീവിതത്തിന്റെ ദുർഭേദമായ തടവു ചാടാൻ അന്തഃപ്രചോദനം അരുളുന്നു. അവ മനുഷ്യനെ അസ്വസ്ഥനാക്കുന്നു. ‘ദൈവികമായ അസ്വാസ്ഥ്യം’ (Divine Discontent) എന്നു ആ സ്ഥിതിയെ വിളിക്കാം. അവാച്യമാണ് അതിന്റെ പ്രേരണാശക്തി. അതാണ് മനുഷ്യനെ ആനന്ദത്തേയും അനന്തതയേയും ഇച്ഛിയ്ക്കുവാൻ ഉൽകണ്ഠിതനാക്കുന്നത്. എല്ലാ പുരോഗതിയുടേയും നാരായവേരാണത്. “സർവ്വസ്യ സുഖ മീപ്സിതാം” എന്ന് മഹാഭാരതം പറഞ്ഞത് ഈ ശാശ്വത പ്രേരണയെ കണ്ടറിഞ്ഞിട്ടത്രേ. അനന്തതയുടെ നഭോവീഥിയിൽ എങ്ങോ കിടപ്പുള്ള നിത്യസുഖത്തെ അണയാനാവശ്യമായ ചിറകുകൾ നമുക്ക് നല്കുന്നത് ആ ചിന്തകളാണ്. ആശാന്റെ സാവിത്രി അന്തർജ്ജനത്തെപ്പോലെ,

" പൊന്താനുഴവനു കാൽനില്ക്കുന്നില്ലെൻെറ
ചിന്ത ചിറകുകാം നല്കുന്നേ നീ "

എന്നു് ഒട്ടെല്ലാം സഗദ്ഗദം വിലപിച്ചു പ്രാർത്ഥിക്കുന്ന ആത്മാക്കളാണു് മനുഷ്യരിൽ ചുരുക്കം ചിലർ. ചിലപ്പോളെങ്കിലും എല്ലാവരും അങ്ങിനെ യായിരിക്കും എന്നാണെൻെറ വിശ്വാസം. പക്ഷേ അങ്ങിനെയല്ലാത്ത സന്ദർഭങ്ങളാണു് നമ്മുടെ ജീവിതത്തിൽ കൂടുതൽ ഉള്ളതു്. പൊതുവിൽ, മിക്കവരും അനന്തതയുടെ അനുഗ്രഹാതിരേകങ്ങളെപ്പററി എള്ളോളം ആലോചിക്കുന്നില്ല. ഇവരല്ലേ ഭാഗ്യവാന്മാർ ? സ്വർഗ്ഗരാജ്യം— ' വിഡ്ഢികളുടെ സ്വർഗ്ഗരാജ്യം.'— ഇവർക്കുള്ളതുതന്നെ !

മനുഷ്യസമുദായം ഈ രീതിയിൽ രണ്ടുവർഗ്ഗങ്ങളായിത്തിരിയുന്നു. മുതലാളിയുടേയും തൊഴിലാളിയുടേയും വർഗ്ഗങ്ങളല്ല; അനന്തതയെ കാമിക്കുന്നവരുടേയും അല്ലാത്തവരുടേയും വർഗ്ഗങ്ങൾ. ഈ വ്യത്യാസം മുൻനിർത്തിനോക്കിയാൽ മനുഷ്യർക്കു ജീവിതത്തിൽ പിന്തുടന്നുപോകാവുന്ന വഴി ഒന്നല്ല, ധാരാളവുമല്ല, രണ്ടാണു് എന്നു കാണാം. ' നാം തടവുകാരാണു് ' എന്ന രൂപണം നിങ്ങൾ സമ്മതിയ്ക്കുമെങ്കിൽ, ആ വഴികൾ സ്വാഭാവികമായി അടിമത്തത്തിൻെറയും സ്വാതന്ത്ര്യത്തിൻെറയും വഴികളാണു്. അഥവാ ഇരുട്ടിൻെറയും വെളിച്ചത്തിൻെറയും വഴികൾ; അതുമല്ലെങ്കിൽ മരണത്തിൻെറയും ജീവിതത്തിൻെറയും വഴികൾ. ചിന്തകനായ ഭർത്തൃഹരിതൻെറ കവനലോലുപമായ ഭാഷയിൽ ഇതാണെടുത്തുപാടിയതു്:

" സംസാരേ സ്വപ്നസാരേ പരിണതി തരളേ
ദ്വേഗതീപണ്ഡിതാനാം " (1)

ആചാര്യശങ്കരനും പാടുന്നു ;

" ശ്രേയഃ പ്രേയശ്ച ലോകേ ദ്വിവിധമഭിഹിതം
കാമ്യമാത്യന്തികം ച " (2)

ഭർത്തൃഹരിയുടെ രണ്ടു 'ഗതി'കളാണു് ശങ്കരാചാര്യരുടെ ശ്രേയസ്സും പ്രേയസ്സും. ഇവരിരുവരും ഉപനിഷദ്രഷ്ടാക്കളായ മാമുനിമാരുടെ മഹാചിന്തകളുടെ പല്ലവി ഏററുപാടുകമാത്രമാണെന്നു് ഇവിടെ നിങ്ങൾ ഓർമ്മിക്കേണ്ടതുണ്ടു്.

ജീവിതമാർഗ്ഗങ്ങളുടെ വിവേചനവും താരതമ്യപഠനവും ഋഷികളുടെ ഉപനിഷൽഗ്രന്ഥങ്ങളിലുടനീളം കാണാം. അത്തരത്തിൽപെട്ട ഒരു നിർമ്മമായ

(1) ' ശൃംഗാരശതകം '—23. (2) ' ശതശ്ലോകി '—11.

ഗ്രന്ഥമത്രേ കഠോപനിഷത്ത്. മൃത്യു, നചികേതസ്സ് എന്ന രണ്ടു പാത്രങ്ങളുടെ സംവാദത്തിൻെറ രൂപത്തിലാണ് അതിൻെറ ഗ്രഥനം. നചികേതസ്സിന്നു മൃത്യു ആ ഇരുവഴിക്കൂട്ടത്തെപ്പററി ഉപദേശിച്ചുകൊടുത്തിരിയ്ക്കുന്നു:

"അന്യച്ഛ്റേയോ ƒന്യ ദുതൈവ ഃപ്രേയ-
സ്തേ ഉഭേ നാനാത്ഥേ പുരുഷം സിനീതഃ". എന്നും
"ശ്രേയശ്ച പ്രേയശ്ച മനുഷ്യമേത-
സ്തൗ സംപരീത്യ വിവിനക്തി ധീരഃ".

എന്നും. ശ്രേയസ്സും പ്രേയസ്സും ആണ് മനുഷ്യന്നു് അനുസരിയ്ക്കാവുന്ന രണ്ടേ രണ്ടു് വഴികഠം എന്നാണല്ലോ ഇവയുടെ ഭാവം. കഠോപനിഷത്തിൻെറ ഗൌരവത്തോടുകൂടി മററു പല ഉപനിഷത്തുകളും ചൂണ്ടുപലകകഠംപോലെ വഴി കാട്ടികൊണ്ടു് നില്ക്കുന്നുണ്ടു്. പക്ഷേ ശ്രേയസ്സും പ്രേയസ്സും എന്ന പേരുകളിലല്ല, മററു ചില പേരുകളിലാണ്, അവ ജീവിതമാൎഗ്ഗനിദ്ദേശം ചെയ്യുന്നത്. നാമഭിന്നതയുള്ളതുകൊണ്ടു് അത്ഥഭിന്നതയുണ്ടാവണം എന്നില്ലല്ലോ. ഈശാവാസ്യോപനിഷത്തു് ഇതേ മാൎഗ്ഗങ്ങളെപ്പററി പറയുന്നതു് സംഭൂതിയെന്നും വിനാശമെന്നുമുള്ള പേരുകളിലാണ്. പ്രകാശത്തിൻെറയും അന്ധകാരത്തിൻെറയും ലോകങ്ങളാണിവയെന്നു് ഈശം പ്രതിപാദിയ്ക്കുന്നു. പ്രശ്നോപനിഷത്തിൽ പിപ്പലാദമുനി ഉപദേശിയ്ക്കുന്ന പ്രാണനും രയിയും, അവ ആധാരമായുള്ള സൂൎയ്യൻെറയും ചന്ദ്രൻെറയും മാൎഗ്ഗങ്ങളും ഇതേ മട്ടിലുള്ളവയാണ്. വെളിച്ചത്തിൻെറയും ഇരുട്ടിൻെറയും വഴികഠം. പിപ്പലാദൻെറ അമേയഭാവന ഇവയെത്തന്നെ ക്രമത്തിൽ, വെളുത്ത വാവായും, കറുത്ത വാവായും, പകലായും രാവായും ചിത്രീകരിക്കുന്നുണ്ടു്. മുണ്ഡകം തുടങ്ങിയ മററുപനിഷത്തുകളിലും ഭംഗികലൎന്ന ഇത്തരം ഭാസുരഭാവനകഠം തത്ത്വപക്ഷങ്ങഠം വിടുത്തി ഉയരെപ്പറക്കുന്നതു് നോക്കി വികാസമാൎന്നവരായിരിക്കണം നിങ്ങളിൽ ചിലരെങ്കിലും എന്നെനിയ്ക്കു വിശ്വാസമുണ്ടു്. അവയോടൊപ്പം വിചാരമണ്ഡലത്തിലുയരുവാൻ നമുക്കൊത്തു ശ്രമിയ്ക്കുക.

ആദ്യമായി പ്രേയസ്സിനെപ്പററി പറയുവാൻ ഞാനാഗ്രഹിക്കുന്നു. "അഭ്യഹിതം പൂൎവ്വം" എന്ന പാതഞ്ജലതത്ത്വം വെച്ചുനോക്കിയാൽ ഇതു തെററാണ്. വേണമെങ്കിൽ, ഇതു് ശരിയാക്കാൻ "സുപരിചിതം പൂൎവ്വം" എന്നൊരു ലൌകികമായ ന്യായം കല്പിച്ചുകൂടായ്കയില്ല. പ്രേയസ്സാണു് നമുക്കു് കൂടുതൽ സുപരിചിതം; അതല്ല കൂടുതൽ അഭ്യഹിതം എന്നിരുന്നാലും,

സാധാരണ മനുഷ്യന്റെ നോട്ടത്തിൽ പ്രേയസ്സാണ് ജീവിതത്തിന്റെ ഉന്നം. അവന്നു് ജീവിതം കാരാഗാരസമാനമല്ല. അതിനാൽ മോചനം തേടലോ, വെളിച്ചത്തിലേക്കു് കുതിക്കലോ അവന്നറിയില്ല. അവന്നു ജീവിതം ജീവസന്ധാരണത്തിന്നാവശ്യമായ ജൈവക്രിയകളുടെ (Biological Functions) ഒരു കൂട്ടാണ്. ഉണ്ണുക, കുടിക്കുക, വിശ്രമിക്കുക, പ്രത്യുൽപാദനം ചെയ്യുക മുതലായവയാണല്ലൊ ജൈവക്രിയകൾ. ഇവ സർവ്വജീവിസാധാരണങ്ങളാണ്, മനുഷ്യന്നുമാത്രമായുള്ളവയല്ല. അവയുടെ വലയത്തിനുള്ളിലാണ് സാധാരണ മനുഷ്യൻ പരിഭ്രമണം ചെയ്യുന്നത്. ജീവസന്ധാരണത്തിന്നുതകുന്ന ഈ സാമാന്യക്രിയകൾ ചെയ്യുന്നതുകൊണ്ടു് ഇന്ദ്രിയങ്ങൾ തൃപ്തിപ്പെടുന്നു.

ജീവസന്ധാരണത്തിന്നുവേണ്ടിയോ ഇന്ദ്രിയസന്തർപ്പണത്തിന്നുവേണ്ടിയോ മാത്രമുള്ള ഇത്തരംജീവിതം ജീവിതമാകുമോ ? ജനിച്ചുപോയതുകൊണ്ടു് ജീവിക്കലാണത്. 'എന്തിന്നുവേണ്ടി' എന്ന ചോദ്യത്തെ സഹിക്കുവാൻ ഈ ജീവിതത്തിന്നു് കഴിയുകയില്ല. വളരെ നിർബ്ബന്ധിച്ചാൽ, ജീവിക്കാൻ വേണ്ടി ജീവിക്കുന്നു എന്നു് ഉത്തരം ലഭിച്ചുവെന്നു വന്നേക്കാം. ഈ ഉത്തരം നമ്മെ ഇത്തിരിപ്പോലും മുന്നോട്ടു്, നയിക്കുന്നില്ല. 'ജനിച്ചതുകൊണ്ടു് ജീവിക്കുന്നു' എന്നോ 'ജീവിക്കാൻവേണ്ടി ജീവിക്കുന്നു' എന്നോ ഉള്ള സമാധാനങ്ങൾ മനുഷ്യജീവിതത്തിന്റെ മഹത്വത്തെ അപമാനിക്കുന്ന സമാധാനാഭാസങ്ങളാണ്. ഇപ്പറഞ്ഞ മട്ടിൽ ജീവിക്കാൻ മനുഷ്യനാവേണ്ട. ഈ ജീവിതസിദ്ധാന്തത്തെ പാശ്ചാത്യന്മാർ "Material Hedonism" എന്നു വിളിക്കുന്നു. ലോകമാന്യതിലകൻ ഇതിനെത്തന്നെ "ആധിഭൌതികസുഖവാദം" എന്നു് "ഗീതാരഹസ്യ"ത്തിൽ വിളിച്ചതു് ഞാനോക്കുന്നു.

പ്രേയസ്സ് എന്ന പദത്തിൽ ഋഷികൾ ഇതിനെയെല്ലാമാണ് ഉൾക്കൊള്ളിച്ചതു്. ബൃഹസ്പതിയും അജിതനും തൊട്ടു് ചാർവ്വാകനും പുരന്ദരനും വരെയുള്ള ഇന്ത്യയിലെ നാസ്തികന്മാർ ആധിഭൌതികസുഖവാദത്തെ ആശ്ലേഷിച്ചവരായിരുന്നു. "മരണംവരെ സുഖമായി ജീവിക്കുക; ദേഹത്തെ തടിപ്പിക്കുക; ഭസ്മീഭവിച്ച ദേഹം തിരിച്ചുവരികയില്ല എന്നിങ്ങിനെ ഏവർക്കും എളുപ്പം രുചിക്കുന്ന ചാരുവായ വാക്കുകളെ ലോകത്തിൽ ആയതമാക്കി അവരുണ്ടാക്കിയ 'ജനകീയ'ങ്ങളായ ഒച്ചപ്പാടുകൾ കേട്ടറിയാത്തവർ ഈ നാട്ടിൽ ചുരുങ്ങും. നിങ്ങൾക്കു് അത്ര പരിചയമുണ്ടാവാൻ വഴിയില്ലാത്ത പേർസ്യ

ക്കാരനായ ഓമർ ഖയ്യാമിന്റെ കൃതിയിൽ ഭൗതികവാദത്തിന്റെ രസികൻ പ്രതിഫലനങ്ങളുണ്ടു്. അതിന്റെ ഒരു നല്ല സംസ്കൃതവിവൎത്തനത്തിൽനിന്നു് കുറച്ചുവരികൾ ഉദാഹരണത്തിന്നു് ഇവിടെ ഉദ്ധരിക്കാം:

“ പാത്രം സമാപൂരയ ശോകഭാര–
ഹേമന്തവസ്ത്രം ക്ഷിപ മാധവാഗ്നൌ;
ശിഷ്ടാല്പവർത്മാ പടുകാലപത്രീ
തസ്യാശു പക്ഷൌ ധയനോദ്യതൌ ച ”.

*    *    *    *

“ ആമ്രേഡിതേനാലമവാസ്യകാലഃ
പാലായതേ ലം / മദിരാം പ്രദേഹി;
ഭിന്നം യദീദം മധുരം കിമർത്ഥം
നജ്ഞാതഭവ്യം ച പരേതഭൂതം ? ”

പ്രേയസ്സ് എന്ന ജീവിതലക്ഷ്യമാണിത്. മധുഭാജനത്തിന്റെ മാദകത്വം നുരഞ്ഞുപൊന്തുന്ന സുഖത്തിന്റെ സന്ദേശം! ഇന്ത്യയുടെ ചിന്ത ഇതിനെ ഗൌരവത്തോടുകൂടി പരിഹസിച്ചു വിട്ടുകളഞ്ഞു. ഇന്ദ്രിയങ്ങൾക്കു് പ്രിയപ്പെട്ട വസ്തുക്കളുടെ പിന്നാലെയുള്ള ഹാലിളകിയ ഓട്ടം വിഡ്ഢികൾക്കു് ചേർന്നതാണെന്നു് ഋഷികൾ മുക്തകണ്ഠം വിളംബരംചെയ്തു. യയാതിയുടെ കഥ ഈ വിഡ്ഢിത്തത്തെ വെളിപ്പെടുത്തുന്നു. ഇന്ദ്രിയഭരണത്തിന്നടിമപ്പെട്ട മനുഷ്യസമുദായത്തിന്റെ ശാശ്വതപ്രതിരൂപമായി ഞാൻ യയാതി രാജാവിനെ കരുതുന്നു. സുഖിച്ചു സുഖിച്ചു മരവിച്ച്, പുത്രനായ പൂരുവിന്റെ യൌവനമേറെറടുത്തു് വീണ്ടും മൂക്കോളം സുഖത്തിന്റെ മദിരമോന്തിയ യയാതി എവിടെച്ചെന്നാണു് അവസാനിച്ചതെന്നു് നിങ്ങളറിയും. ഭൗതികസുഖങ്ങൾ വെറും മരുമരീചികയാണെന്ന അചലമായ ജീവിതയാഥാർത്ഥ്യത്തിന്റെ പാറക്കെട്ടിന്മേൽ ആ ജീവിതം ചെന്നടിച്ച് തകർന്നുപോയി! എന്നിട്ടദ്ദേഹം പറഞ്ഞു: “ ന ജാതു കാമഃ കാമാനാമുപഭോഗേന ശാമ്യതി ” ഉപഭോഗം കാമനിഗ്രഹണത്തിന്നു് തികച്ചും പററുന്ന മരുന്നല്ല. മഹാഭാരതത്തിലും മനുസ്മൃതിയിലും കാണുന്ന ഈ ഉപഗൂഢമായ ജീവിതസത്യം പ്രേയസ്സിനെ പിന്തുടർന്നു് വിഡ്ഢികളാകാതിരിക്കാൻ നമ്മോടു നിർബ്ബന്ധപൂർവ്വം അപേക്ഷിക്കുകയാണു് ചെയ്യുന്നത്. ഈ അഭ്യർത്ഥന കേൾക്കാത്തവരും കേട്ടുവെന്നു് നടിക്കാത്തവരും കേട്ടാലെതിർക്കുന്നവരും ആണു് ഇന്നു് ഭൂമുഖത്തിൽ കൂടുതൽ. “ തള്ള വാലാട്ടുന്നേടം ഉലകം പൂച്ചക്കുട്ടിക്കു് ” എന്ന മട്ടുകാർക്കു് ഇവിടെ ഭൂരിപക്ഷമാണു്,

മൂക്കിന്നപ്പുറം അവരുടെ കണ്ണെത്തുന്നില്ല. ഏററെ കാണുന്നവനെ സമുദായവിരോധിയായി കരുതേക്കുവാൻ അവർ ഒട്ടും മടിയ്ക്കുന്നില്ല.



സുകുമാർ അഴീക്കോട്.

ഭൂരിപക്ഷമാണെങ്കിലും, അറിവുകേടിൻെറ ഈ ഭൂരിപക്ഷത്തെ എള്ളളവ് വകവെക്കാതെ, ഋഷികൾ അവരെ ആക്ഷേപിക്കുകയും കളിയാക്കുകയും ഉപദേശിയ്ക്കുകയുമുണ്ടായി. മുണ്ഡകോപനിഷത്ത് 'ബാലൻ' എന്നും കഠോപനിഷത്തു് 'മന്ദൻ' എന്നും അക്കൂട്ടരെ അധിക്ഷേപിച്ചു. ശങ്കരാചാൎയ്യർ ഒരു പടികൂടി കടന്നു, അവർ 'മൃഗങ്ങൾക്കുതുല്യരാണെന്നുപോലും സുവിദശമായി വ്യഞ്ജിപ്പിച്ചു. "സൎവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹ"ത്തിൽ നായയേയും പന്നിയേയും കഴുതയേയും ചെവിപിടിച്ചുനിൎത്തിക്കൊണ്ടു്, ജീവിതാവശ്യനിൎവ്വഹണത്തിൽ മനുഷ്യൻ അവയ്ക്കു് സമനായാൽ മതിയോ എന്നു് ചോദിച്ച ചോദ്യത്തിലെ ഓരോ അക്ഷരവും ആയിരം നാക്കുകൾ വെളിക്കിട്ടു് ഈ തിമിരത്തിലാണ്ട ലോകത്തെ അപഹസിയ്ക്കുന്നതായി എനിയ്ക്കു് തോന്നിപ്പോകുന്നു. സൌധാഗ്രഭാഗങ്ങളേയും നിയമനിൎമ്മാണസഭകളേയും പിടിച്ചിളക്കുവാൻ കഴിവുററ ആ ചോദ്യത്തിൻെറ ധീരത ലോകനേതാക്കളെ ഇനിയെങ്കിലും ഉണൎത്തുമാറാകട്ടെ!

യഥാൎത്ഥമായ സുഖാനുഭൂതിയാവട്ടെ, ഇന്ദ്രിയനിരപേക്ഷമാണ്. ഇന്ദ്രിയാശ്രയമില്ലായ്കയാൽ യഥാൎത്ഥസുഖത്തിൻെറ അനുഭോക്താവു, യയാതിയെപ്പോലെ, ദുഃഖത്തിലൊ നിരാശയിലൊ ചെന്നെത്തി തകിടംമറിയുന്നില്ല. ദുഃഖാന്തരസുഖത്തിൻെറ ലക്ഷണമല്ല; സുഖാന്തതയാണു സുഖലക്ഷണം. ഗീത സുഖത്തെ നിൎവ്വചിയ്ക്കുന്നത് ഈ പശ്ചാത്തലത്തിൽവെച്ചാണ്:

"സുഖമാത്യന്തികം യൽ തൽ

ബുദ്ധിഗ്രാഹ്യമതീന്ദ്രിയം " (3)

അങ്ങേയററത്തെ സുഖം ബോധപരവും ഇന്ദ്രിയവിധേയവുമാണെന്നു സാരം. ജൈവാവശ്യനിവ്വഹണമല്ല ഈ സുഖസമ്പാദനത്തിൻെറ ലക്ഷ്യം. ഭൌതിക ജീവിതമാകുന്ന കരിങ്കൽത്തുറുങ്കിൻെറ മതിലുകഠം കടന്നുചാടി രക്ഷപ്പെടലാണു അതിൻെറ ലക്ഷ്യം. നിഴലുകളെ വിട്ടു വസ്തുവെ ഗ്രഹിയ്ക്കലാണത്. തന്നെത്താനറിയലാണത്.

ഇതാണ് ശ്രേയസ്സ് എന്ന പരമമാഗ്ഗം, അഥവാ പരമലക്ഷ്യം. അങ്ങോട്ടു പോകുന്നവൻ സാമാന്യനല്ല. കഠോപനിഷത്ത് പറയുന്നു, അവൻ ധീരനാണെന്നു, അവൻ മന്ദനല്ല, ബാലനുമല്ല വാസ്തവത്തിൽ ഇരുട്ടുവിട്ടു വെളിച്ചത്തിലേയ്ക്കു പോകാൻ കുറച്ചൊന്നും ധീരത പോര. ഇരുട്ടിനെ വെളിച്ചമായിക്കരുതുന്ന മൂങ്ങകളാണു നാം കയ്പിനെ നാം മധുരമായി കരുതുന്നു. ആത്മാവിൻെറ വെളിച്ചവും മാധുര്യവും സവ്വോൽകൃഷ്ടമെന്നു കരുതുന്നവർ ധീരന്മാരല്ലാതെ മററാരാണു? ആത്മാവിനുവേണ്ടി മനുഷ്യൻ എല്ലാം ബലി കഴിയ്ക്കുന്നതുകൊണ്ടു പ്രിയപ്പെട്ടവസ്തുക്കളിൽവെച്ചു അഗ്രിമസ്ഥാനം ആത്മവസ്തുവിന്നു കൊടുക്കണമെന്നും അതിനെ സ്നേഹിയ്ക്കണമെന്നും അതാണു ശ്രേയോമാഗ്ഗമെന്നും ശ്രീ ശങ്കരൻ യുക്തിപേശലമായ രീതിയിൽ 'വേദാന്തകേസരി' തുടങ്ങിയ ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചു കടന്നുപോകാനേ എനിയ്ക്കു കഴിവുള്ളു. ആ ശാങ്കരശബ്ദം ഇവിടെ ഉദ്ധരിച്ചുകൊള്ളുന്നു:

" യൽ പ്രീത്യാ പ്രീതിപാത്രം തനുയുവതിതനൂ
ജാത്ഥമുഖ്യം സ തസ്മാത്
ശ്രേയാനാത്മാഥ ശോകാസ്പദമിതര ദതഃ
പ്രേയ ഏതൽകഥംസ്യാത്?
ഭാര്യാദ്യം ജീവിതാത്ഥേ വിതരതി ച വപുഃ
സ്വാത്മനഃ ശ്രേയ ഇച്ഛൻ
തസ്മാദാത്മാനമേവ പ്രിയമധികമുപാ–
സീത വിദ്വാന്നചാന്യൽ ".

ആത്മവസ്തുവിന്നുവേണ്ടിയുള്ള ഈ യുക്തിവാദങ്ങഠം എളുപ്പത്തിൽ എതിക്കപ്പെടാവുന്നവയല്ലെന്നു, എതിത്തുനോക്കിയാൽ, വേഗത്തിൽ മനസ്സിലാകുമെന്നു തല്ക്കാലം പറഞ്ഞവസാനിപ്പിച്ചുകൊള്ളുന്നു.

---

(3) ഗീത, ധ്യാനയോഗം—21.

ആയില്ല: എതിക്കുന്നവരുടെ ഒരു പ്രധാനപ്പെട്ട സംശയത്തിന്നു മറുപടി പറയുവാൻ ഇവിടെ സൌകര്യമുണ്ട്. സംശയം ഇങ്ങിനെയാവാം: "പ്രേയസ്സിനെ വെടിഞ്ഞു ശ്രേയസ്സിനെ കൈക്കൊള്ളേണമെന്നതു ശരി; എന്നാൽ ഭൌതികവും ജൈവികവും ആയ ആവശ്യങ്ങൾ ഒട്ടും നിവ്വഹിയ്ക്കാതെയിരിയ്ക്കുവാൻ അവധൂതന്മാരായ സന്ന്യാസിമാക്കുകൂടി സാധിയ്ക്കുകയില്ലല്ലൊ. പിന്നെ, അധികം പ്രസംഗിച്ചിട്ടെന്താണകാര്യം? അധികം പ്രസംഗിയ്ക്കാതെ തന്നെ കാര്യം പറയാം! പ്രേയസ്സിനെ പരമലക്ഷ്യമാക്കരുതെന്നല്ലാതെ, ശ്രേയോമാർഗ്ഗം അനുസരിയ്ക്കാൻ വേണ്ടത്ര ദൈഹികാവശ്യനിവ്വഹണം പാടില്ലെന്നു ഒരു ഋഷിയും ശാസിച്ചിട്ടില്ല. മൃഗങ്ങൾക്കൊപ്പം ജീവിയ്ക്കരുത്, മനുഷ്യവർഗ്ഗത്തിൻെറ ഉല്ക്കൃഷ്ടത്തിന്നൊത്തു ജീവിയ്ക്കണം, എന്നാണവരുടെ ശാസനം. മരം, കീടം, പക്ഷി എന്നിവയിൽനിന്നു മനുഷ്യന്നു എന്തോ ഒരു വ്യത്യസ്തതയുണ്ടല്ലൊ. ഉൽകൃഷ്ടമായ ആ വ്യത്യാസത്തോടു നീതിചെയ്യണമെന്നാണു ഉപനിഷത്തുകൾ ആഹ്വാനം ചെയ്യുന്നത്. വെറുമൊരു കുതിരയുടെ ദഹനശക്തിയും കഴുതയുടെ ബുദ്ധിയുമായി ജീവിയ്ക്കുന്ന സമ്പ്രദായം, എത്ര പരിഷ്കരിച്ച നിലയിലായാലും, ഉപേക്ഷിച്ചേ തീരു. മൃഗാദികളിൽനിന്നുള്ള മനുഷ്യൻെറ വ്യത്യസ്തത ഒരുന്നതജീവിതത്തെ ആവശ്യപ്പെടുന്നുണ്ടോ എന്നാണു ചോദ്യം. ഉണ്ടെങ്കിൽ, പ്രേയസ്സു പോരെന്നു പാടിയ ഉപനിഷത്തുകൾക്കു പിഴച്ചിട്ടില്ല. അമേരിക്കൻ വേദാന്തിയായ തോറോ എഴുതിയതനുസരിച്ചു, വിത്തു മണ്ണിന്നടിയിലേയ്ക്കു വേരുകളയച്ചാലും ഇലക്കുമ്പുകൾ ആകാശത്തിലേയ്ക്കു പോകുന്നതുപോലെ, ഭൌമമായ ജീവിതത്തോടൊപ്പം സുവിശാലമായ ഒരു ഐശ്വരജീവിതംകൂടി മനുഷ്യൻ നയിക്കേണ്ടതാണ്. നമുക്കു സവ്വേശ്വരൻെറ ചെടികളായി വളരുക! മണ്ണിനെ മറക്കാനല്ല, വിണ്ണിനെ സ്മരിക്കാനാണു നമുക്കുള്ള ആഹ്വാനം. പ്രേയസ്സു പാടില്ലെന്നല്ല, ശ്രേയസ്സു കൂടിയേ തീരു. ഔപനിഷദുക്തികൾ പ്രകാരം ആത്മാവിൻെറ വഴിയിലൂടെ പോകുന്ന വ്യക്തി, ബുദ്ധി തെളിഞ്ഞ സീതാദേവിയ്ക്കൊപ്പമിരിക്കുമെന്നു "ചിന്താവിഷ്ടയായ സീത" പാരായണം ചെയ്യുമ്പോഴൊക്കെ എനിയ്ക്കു തോന്നാറുണ്ട്. ആ വരികൾ ശ്രദ്ധിയ്ക്കുക:

"സസുഖം ഭവദങ്കശയ്യമേൽ
വസുധേയങ്ങിനെ ഞാൻ രമിച്ചിട്ടം
സുസുഷുപ്തിയിൽ—അല്ലയല്ലയെൻ—

പ്രസൂവേ കൂപ്പിയുയൻ പൊങ്ങിടും !
തടിനീ ജലബിംബിതാംഗിയായ്–
ക്ഷമയെക്കുമ്പിട്ടുവോരുതാരപോൽ.
സ്ഫുടമായ് ഭവദംഘ്രിലിലീനഞാ–
നമലേ! ദ്യോവിലുയന്ന ദീപമാം.

*　　*　　*　　*

കനമാന്നെഴുമണ്ഡമണ്ഡലം
മനയും മണ്ണിവിടില്ല താഴെയാം
ദിനരാത്രികളററ ശാന്തമാ–
മനഘസ്ഥാനമിതാദിധാമമാം ''.

സീത ഇവിടെ ഭൂവിനെ മറന്നില്ല; പക്ഷെ ദ്യോവിനെ ഓർത്തുനിന്നു. ഇത്തരത്തിൽ ഭൂജീവിതത്തിൻെറ ആവശ്യങ്ങളെ ആവശ്യമായത്ര ഓർത്തുകൊണ്ടു ജീവിതാവസാനം വരെ ആത്മശാന്തിക്കുവേണ്ടി ശ്രമിക്കുകയെന്നതാണ് നിഃശ്രേയസകരമായ മാർഗ്ഗം. " ശാന്തിരസ്തു " എന്ന് ആത്മസുഖം ആശംസിക്കുന്നതോടൊപ്പം " പുഷ്ടിരസ്തു " എന്ന് ഭൗതികോൽക്കർഷം ആശംസിക്കുവാൻ മറന്നവരല്ല ഋഷികൾ. വേണ്ടതു വേണ്ടേടത്തു വേണ്ടവണ്ണം അവർ വെളിപ്പെടുത്തി. അവരുടെ വഴി—വെറുതെ ചൂണ്ടിക്കാണിച്ച വഴിയല്ല, സ്വയം സഞ്ചരിച്ചു പരീക്ഷിച്ചറിഞ്ഞ വഴി—ജീവിതപാന്ഥന്മാരെ നിത്യാനന്ദത്തിൻെറ സൗഭഗനികേതനത്തിലെത്തിച്ചേർക്കുമാറാകട്ടെ !

—സുകുമാർ അഴീക്കോട്.

# ധർമ്മം

"ലോകത്തിൽ എപ്പോഴെല്ലാം ധർമ്മഗ്ലാനി നേരിടുന്നുവോ, അപ്പോഴെല്ലാം ധർമ്മസംസ്ഥാപനത്തിനായി ഞാനവതരിക്കു"മെന്നു് ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽവെച്ച് പാർത്ഥസാരഥി ശപഥംചെയ്തിട്ടുണ്ടല്ലോ. അച്ഛാവിഗ്രഹരൂപത്തിൽ ആ ജഗന്നിയന്താവിൻെറ സന്നിധാനംകൊണ്ടു് പരിപാവനമായ ഈ സിദ്ധക്ഷേത്രത്തിൻെറ (ശ്രീ ഗുരുവായൂർ ക്ഷേത്രത്തിൻെറ) സന്നിധിയിൽ നടത്തുന്ന ഈ ധാർമ്മികസമാജത്തിനും ആ ശപഥത്തിനും തമ്മിൽ ഒരു ഗാഢബന്ധമുണ്ടെന്നുതന്നെയാണു് ഞാൻ വിശ്വസിക്കുന്നതു്. ഏതായാലും ധർമ്മഗ്ലാനി പരമകാഷ്ഠയിലെത്തിയിരിക്കുന്ന ഇക്കാലത്തു് ഇത്തരം സമാജപ്രവർത്തനം എത്രയും ഉചിതവും ശ്ലാഘനീയവുമാണെന്നു് സസന്തോഷം പ്രസ്താവിക്കുകയും, ഇതിൽ ഭാഗഭാക്കാകുവാനവസരം തന്നതു് കൊണ്ടു് എനിക്കുള്ള കൃതജ്ഞത സമാജഭാരവാഹികളെ പ്രത്യേകം അറിയിക്കുകയും ചെയ്തുകൊള്ളുന്നു.

ഭാരതഭൂമിയെ ഇതരരാഷ്ട്രങ്ങൾ ഏതെങ്കിലും ഒന്നുകൊണ്ടു മാനിക്കുന്നുണ്ടെങ്കിൽ, അതു് അതിൻെറ ഉൽകൃഷ്ടമായ സംസ്കാരവിശേഷംകൊണ്ടുമാത്രമല്ലാതെ മറെറാന്നുകൊണ്ടുമല്ല. ഭാരതം ആ ആർഷസംസ്കാരത്തെ ശ്രുതി, സ്മൃതി പുരാണാദികളായ മഹാഭാണ്ഡാഗാരങ്ങളിൽ എത്രയോ പണ്ടുതന്നെ സമുച്ചയിച്ചുസൂക്ഷിച്ചിട്ടുണ്ടു്. ആത്മീയമായ ഈ അത്ഭുതശക്തിയുടെ മുന്നിൽ ഏതു് ഭൗതികശക്തികൾക്കും തലകുനിക്കാതെ നില്ക്കുവാനൊക്കുകയില്ലെന്നു് പലവട്ടം അനുഭവപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. ഈ വിശിഷ്ടസംസ്കാരം ഉണ്ടായതും വളൎന്നതും നിലനിന്നതും ഭാരതത്തിലായതുകൊണ്ടാണു് അതു് രാഷ്ട്രാന്തരങ്ങളുടെ അതിരററ ബഹുമതിക്കു് പാത്രമായതു്. പാരമർഷമായ ആ സംസ്കാരത്തിൻെറ ജീവനാഡിയാണു് ധർമ്മം. കായികമൊ, വാചികമോ, മാനസികമോ ആയ ഏതു് മനുഷ്യവ്യാപാരവും ധർമ്മത്തോടിണങ്ങിനിന്നാൽ മാത്രമല്ലാതെ വിജയം പ്രാപിക്കുകയില്ല. അതുകൊണ്ടുതന്നെയാണു് ഉത്തുംഗമായ പുരുഷാർത്ഥസൌധത്തിൻെറ അസ്തിവാരമാണു് ധർമ്മമെന്നു് ഭാരതീയാചാര്യന്മാർ ഉൽഘോഷിച്ചിട്ടുള്ളതു്. ഇങ്ങിനെ, ലോകത്തിനുണ്ടാകേണ്ടതായ സുസ്ഥിതിയുടേയും പുരോഗതിയുടേയും മുഖ്യമൂലമായ ധർമ്മമാണു് ഈ മഹാസമാജത്തിൽ പ്രസംഗിക്കുവാൻ എനിക്കു തന്നിട്ടുള്ള വിഷയം. ഇതിൻെറ സ്വരൂപവും വിഭാഗവും പ്രഭാവവും മുഴുവൻ ഈ ലഘുപ്രസംഗത്തിൽ ഉപപാദിക്കുവാൻ സാദ്ധ്യമല്ല. പ്രാചീ

നങ്ങളായ ധമ്മശാസ്ത്രഗ്രന്ഥങ്ങളിൽ വിസ്തരിച്ചിട്ടുള്ളതിൽനിന്നു് ചില പ്രധാനാംശങ്ങറം സംഗ്രഹിക്കുവാനെങ്കിലും സാധിച്ചാൽ ഈയുള്ളവൻ തൽക്കാലം കൃതകൃത്യനായി.

അനുഷ്ഠേയമായി ശാസ്ത്രം വിധിച്ചിട്ടുള്ള കമ്മത്തേയും കമ്മാനുഷ്ഠാനം കൊണ്ടുണ്ടാകുന്ന പുണ്യവിശേഷത്തേയും ധമ്മമെന്നുപദേശിക്കാം*. ഇതനുസരിച്ച് 'ധമ്മാനുഷ്ഠാനം' എന്ന പദത്തിന്നു് ധമ്മത്തിൻെറ അനുഷ്ഠാനമെന്നും, ധമ്മത്തിനുവേണ്ടിയുള്ള അനുഷ്ഠാനമെന്നും അത്ഥഭേദം വരുമെന്നു് വിശേഷിച്ച് പറയേണ്ടതില്ലല്ലോ. മനുഷ്യരായി ജനിച്ചവക്കെല്ലാം ധമ്മാനുഷ്ഠാനം അവശ്യകത്തവ്യമാണ്. അക്കായ്യത്തിൽ ആചായ്യന്മാരാരും ആക്കും ഒഴിവുകൊടുത്തിട്ടില്ല. കൊക്കോകൻെറ കാമശാസ്ത്രത്തിൽക്കൂടി, 'ഞാനുപദേശിച്ചവശ്യാദി പ്രയോഗങ്ങറം സ്വദാരാകഷ്ണത്തിനു മാത്രമല്ലാതെ അധമ്മ്യങ്ങളായ ചാപലങ്ങറംക്കുവേണ്ടി വിനിയോഗിച്ച് എന്നെക്കൂടി കെട്ടുക്കരുത്' എന്നു് അദ്ദേഹം ശാസ്ത്രാവസാനത്തിൽ അഭ്യത്ഥിച്ചിരിക്കുന്നു. കാത്തികേയൻ കനകനന്ദി മുതലായ ചോരാചായ്യന്മാരും, ദരിദ്രൻ അഹോവൃത്തിക്കുവേണ്ടിയോ, കന്യാദാനം ഗുരുദക്ഷിണ മുതലായതിനുവേണ്ടിയോ സൂക്ഷിച്ചിട്ടുള്ള ധനം അപഹരിക്കരുതെന്നു് നിബ്ബന്ധിച്ചിരിക്കുന്നു. ഇങ്ങിനെ അധമ്മവും കൂടി ധമ്മത്തെ കാക്കണമെന്നു് വരുന്ന സ്ഥിതിക്ക് ധമ്മചയ്യയിൽ നിന്നു് തീരെ ഒഴിഞ്ഞുനില്ക്കുവാൻ ആരേയും അനുവദിച്ചിട്ടില്ലെന്നു് വ്യക്തമാണല്ലോ.

മനുപ്രഭൃതികളായ സ്മത്താക്കളും ജൈമിനി മുതലായ ശാസ്ത്രകാരന്മാരും ധമ്മലക്ഷണം നിവ്വചിച്ചിട്ടുണ്ട്. നിവ്വചന രീതിയിൽ അല്പാല്പം വ്യത്യസ്തങ്ങളാണെങ്കിലും ഒരേ അത്ഥത്തിൽ പയ്യവസാനിക്കുന്നവയാണ് ആ നിവ്വചനങ്ങറം. അതുകൊണ്ട് അവയിലേതെങ്കിലും ഒന്നുമാത്രം ഉദ്ധരിച്ചാൽ മതിയല്ലോ. "യതോ ƒഭ്യുദയ നിശ്രേയസ സിദ്ധിസ്സ ധമ്മഃ" എന്നാണ് കണാദമുനി പറഞ്ഞിട്ടുള്ള ധമ്മലക്ഷണം. 'അഭ്യുദയം=സുഖം, നിശ്രേയസം=ദുഃഖാഭാവം. യാതൊന്നു് ഉൽകൃഷ്ടസുഖമായ സ്വഗ്ഗത്തിൻേറയും, ദുഃഖാഭാവരൂപമായ അപവഗ്ഗത്തിൻേറയും സാധനമാകുന്നുവോ, അതാണ് ധമ്മം' എന്നു് ഭാഷ്യകാരൻ വ്യാഖ്യാനിച്ചിരിക്കുന്നു. സ്വഗ്ഗവും അപവഗ്ഗവുമാണ് പരമപുരുഷാത്ഥം. ശാസ്ത്രത്തിനു തത്സാധകത്വം ഉപപാദിക്കുവാൻ വേണ്ടിയായിരിക്കണം ഭാഷ്യകാരൻ അഭ്യുദയ നിശ്രേയസ പദങ്ങറംക്ക് സ്വഗ്ഗാപവഗ്ഗങ്ങളെന്നു്

---

* 'ധമ്മഃവിഹിതംകമ്മ, അപൂവ്വാഖ്യോവാ' എന്നു് മസ്കരിഭാഷ്യം.

അൎത്ഥം പറഞ്ഞത്. അഭ്യുദയ പദത്തിന്ന് ഐഹികശ്രേയസ്സെന്നും നിശ്രേയസശബ്ദത്തിന്ന് ആമുഷ്മിക ശ്രേയസ്സെന്നും അൎത്ഥം പറയുവാൻ വിരോധമില്ലെന്നു തോന്നുന്നു. ഐഹികമായ സുഖജീവിതത്തിൻേറയും, പാരത്രികങ്ങളായ സ്വൎഗ്ഗാപവൎഗ്ഗങ്ങളുടേയും സാധകം ധൎമ്മമാണ്. ദുഃഖസംഭിന്നമല്ലാത്ത സുഖമെന്ന് പറയപ്പെടുന്ന സ്വൎഗ്ഗത്തിൻേറയും, നിത്യാനന്ദാനുഭൂതിയെന്നോ നിഃശ്ശേഷദുഃഖനിവൃത്തിയെന്നോ വ്യവഹരിക്കപ്പെടുന്ന അപവൎഗ്ഗത്തിൻേറയും സമ്പാദകം ധൎമ്മമാണെന്ന് വേദപുരാണാദികാ ഘോഷിക്കുന്നുണ്ട്. ഐഹിക ജീവിതത്തിൽ ക്ഷേമസമാധാനങ്ങളുണ്ടാക്കുന്നതും ധൎമ്മം തന്നേയാണ്. ജനങ്ങാക്ക് ശരിയായ ധൎമ്മനിഷ്ഠയുണ്ടെങ്കിൽ ലോകത്തിൽ ഒരു തരത്തിലും സുഖഹാനിയുണ്ടാവുകയില്ല. ധൎമ്മനിഷ്ഠ കുറയുന്തോറമാണ് കലഹങ്ങളും വിപ്ലവങ്ങളും വൎദ്ധിക്കുന്നത്. ധൎമ്മരക്ഷയാണ് ആത്മരക്ഷയെന്നും, ധൎമ്മഹിംസ തന്നെയാണ് ആത്മഹിംസയെന്നും ഓരോ മനുഷ്യനും അറിയണം. നമുക്ക് ധൎമ്മശ്രദ്ധയില്ലെങ്കിൽ മററു രക്ഷാമാൎഗ്ഗങ്ങാ എന്തെല്ലാമുണ്ടായാലും നാട്ടിൽ ക്ഷേമം പുലരുകയില്ല അതുണ്ടെങ്കിൽ മററു രക്ഷാസംവിധാനങ്ങളുടെ ആവശ്യവുമില്ല. മഹാഭാരതത്തിലെ ഒരു ചെറിയ കഥകൊണ്ട് ഈ തത്വം ഒന്നുകൂടി വിശദമാക്കാം.

പാണ്ഡവകൌരവയുദ്ധം കഴിഞ്ഞ് വിജയശ്രീലാളിതനായ യുധിഷ്ഠിരൻ, സ്വേച്ഛാമൃത്യുവും പ്രാണത്യാഗം ചെയ്യുവാൻ ഉത്തരായണം പിറക്കുന്നതു കാത്തുകൊണ്ട് ശരശയ്യയിൽ കിടക്കുന്നവനുമായ ഭീഷ്മപിതാമഹനെ വന്ദിച്ചു ചോദിച്ചു. "പാണി, പാദം, ശ്രോത്രം, നേത്രം ഇവയെല്ലാം എനിക്കുള്ളതുപോലെ രണ്ടെണ്ണംവീതം മററുജനങ്ങാക്കുമുണ്ടല്ലൊ. ഘ്രാണാദികളായ മററിന്ദ്രിയങ്ങളും ഉരസ്സ്, ശിരസ്സ്, തുടങ്ങിയ അവയവങ്ങളും അവൎക്കും എനിക്കും ഒരുപോലെത്തന്നെ. എൻേറയും അവരുടേയും ശരീരം, അസ്ഥി, മജ്ജ, മാംസം, രക്തം മുതലായവകൊണ്ടുണ്ടായതാണ്. വിശപ്പ്, ദാഹം, നിശ്വാസം-ഉച്ഛ്വാസം, സുഖം-ദുഃഖം, ജനനം-മരണം, ഈ വകയെല്ലാം ഞങ്ങാക്കെല്ലാവൎക്കും സമാനങ്ങളാണ്. ഇങ്ങിനെ ആകൃതിയിലും പ്രകൃതിയിലും ഞങ്ങളെല്ലാവരും സമന്മായിരിക്കെ, ഞാൻ രക്ഷിതാവും വിനേതാവുമായി സിംഹാസനത്തിൽ വാഴണമെന്നും, മററുള്ളവരെല്ലാം രക്ഷണീയന്മാരും വിനേയന്മാരുമായി എൻെറ ചൊൽപടിയിൽ നില്ക്കണമെന്നും നിശ്ചയിക്കുന്നതിൻെറ അൎത്ഥമെന്താണ്? രാജഭരണസമ്പ്രദായം എന്നുമുതൽ എന്തിനുവേണ്ടി തുടങ്ങി?

ഭീഷ്മർ മറുപടിപറഞ്ഞു:— "ഠികച്ചും ഉത്തരാഹ്മമാണ് യുധിഷ്ഠിര ൻെറ ചോദ്യം. സമാധാനം പറയാം. ശ്രദ്ധിച്ചു കേൾക്ക. ഒരു കാലത്ത് രാജാവുണ്ടായിരുന്നില്ല. പ്രജകളെ ഭരിച്ചിരുന്നത് പ്രജകൾതന്നെയാണ്. സത്യം ഭൂതദയ മുതലായ ശ്രേഷ്ഠധമ്മങ്ങളിൽനിന്ന് രേഖാമാത്രമെങ്കിലും വ്യതിചലിക്കാതെ സകലജനങ്ങളും പരസ്പരസൌഹാർദ്ദം പുലത്തിപ്പോന്നിരുന്നു. ഈഷ്യ, അസൂയ, വഞ്ചന, അപഹാരം, കയ്യേററം മുതലായ വിപ്ലവകാരണങ്ങളൊന്നും അക്കാലത്ത് ലോകത്തിലുണ്ടായിരുന്നില്ല. അതുകൊണ്ട് ദണ്ഡത്തിൻേറയൊ ദണ്ഡാധികാരിയുടേയോ ആവശ്യവും അന്നുണ്ടായിരുന്നില്ല. അങ്ങിനെ കാലം കുറെ കഴിഞ്ഞപ്പോൾ മനുഷ്യക്ക് ധമ്മബോധം കുറഞ്ഞുതുടങ്ങി. അതോടൊപ്പം അവരുടെ മനസ്സിൽ ലോഭമോഹാദികൾ ഓരോന്നായി ക്രമത്തിൽ കയറിക്കൂടിത്തുടങ്ങി. ദയ, പരോപകാരതാല്പയ്യം തുടങ്ങിയതെല്ലാം കുറഞ്ഞു സുഖാഭിലാഷം, സ്വാത്ഥം മുതലായതു വദ്ധിച്ചു ഈ നിലപാടിൽ ആവശ്യസംഭവികളായ കലഹങ്ങളും വിപത്തുകളും പെരുകി നാട്ടിലെങ്ങും സമാധാനക്കേടും ഭയവും നടമാടി.

ധമ്മബോധവും പരലോകഭയവും ജനങ്ങൾക്കില്ലാതാവുന്ന കാലത്ത് ദണ്ഡഭീഷണംകൊണ്ടല്ലാതെ നാട്ടിൽ ധമ്മം നിലനിത്തുവാനും ക്ഷേമസമാധാനങ്ങൾ പുലത്തുവാനും സാധിക്കുകയില്ലെന്ന് അഭിജ്ഞന്മാർ കണ്ടു. ദണ്ഡധാരിയായ ഒരു രക്ഷാധികാരി നാടിനുണ്ടായേ കഴിയൂ എന്നു നിശ്ചയിച്ചു. പ്രജാക്ഷേമത്തിനുവേണ്ടി യഥാപരാധദണ്ഡനായി അധികാരസ്ഥാനത്തിലിരിക്കുന്ന ആ രക്ഷാപുരുഷന് എന്തെല്ലാം ശക്തികൾ—കോശസൈന്യാദികൾ—ഉണ്ടായാൽമാത്രം സ്വകൃത്യം വേണ്ടവിധം നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുമോ, അതെല്ലാമുണ്ടാകേണ്ടതിലേക്കു വേണ്ടിവരുന്ന സഹായസഹകരണങ്ങൾ പ്രജകൾ ചെയ്യണമെന്നു് വ്യവസ്ഥയും ചെയ്തു. ഇങ്ങിനെയാണ് രാജഭരണസമ്പ്രദായം ഉണ്ടായത്. രാജാവെന്നുപറഞ്ഞാൽ, ആരുടേയും ധമ്മവ്യതിക്രമം സമ്മതിക്കാതെ എല്ലാവരുടേയും ക്ഷേമത്തിനുവേണ്ടി പ്രയത്നിക്കുന്ന ഒരു പ്രജാസേവകൻ,—അല്ലെങ്കിൽ, ഒരു ധമ്മപ്രതിനിധി—എന്നേ അത്ഥമുള്ളു. അതുകൊണ്ട് രാജാവായി വാഴുവാൻ യുധിഷ്ഠിരന് വൈമനസ്യമുണ്ടാകരുത്. പ്രജകളിൽ ആരേയും ഒരു തരത്തിലും അധമ്മം ബാധിക്കാതെ കാക്കുവാൻ നിയുക്തനായ രാജാവ്, തന്നെത്തന്നെ അതു് തീണ്ടാതിരിക്കുവാൻ വിശേഷിച്ചും ജാഗരൂകനായിരിക്കണം. അക്ഷയമായ ഭണ്ഡാരം, പ്രബലമായ സൈ

ന്യം, നീതികുശലന്മാരായ മന്ത്രിമാർ തുടങ്ങിയ മഹാശക്തികളെല്ലാം സ്വാധീനത്തിലുള്ള രാജാവ് അധർമ്മപ്രവൃത്തനായാൽ രാജ്യം ഭയാനകങ്ങളായ ദുരവസ്ഥകളുടെ സ്വച്ഛന്ദതാണ്ഡവത്തിനുള്ള രംഗമായിത്തീരും. വരുന്ന ദുരിതങ്ങളെല്ലാം ചുടുകണ്ണുനീരോടും നെടുവീർപ്പോടുംകൂടി അനുഭവിക്കുവാൻ മാത്രമല്ലാതെ പ്രജകളിൽ ആർക്കെന്തുചെയ്യുവാൻ കഴിയും? ഇത്, വത്സ! യുധിഷ്ഠിര! എപ്പോഴും ഓർമ്മയിൽ വച്ചുകൊള്ളണം". ഇതാണ് ഭാരതത്തിൽ പറഞ്ഞിട്ടുള്ള കഥ. ഈ കഥകൊണ്ട് ഐഹികജീവിതത്തിലെ ക്ഷേമത്തിന്റെ മൂലം ധർമ്മമാണെന്ന് വ്യക്തമാകുന്നുണ്ടല്ലോ.



കെ അപ്പുപ്പുതപ്പൊതുവാൾ.

ധർമ്മം സാമാന്യമെന്നും വിശേഷമെന്നും രണ്ടായി തരംതിരിക്കാം. മനുഷ്യരെല്ലാവരും അനുഷ്ഠിക്കേണ്ടതു സാമാന്യധർമ്മം. അവരിൽ ചില വർണ്ണങ്ങളോ ചില ആശ്രമങ്ങളോ അധികമായി ആചരിക്കേണ്ടത് വിശേഷധർമ്മം. "അഹിംസാ സത്യമസ്തേയം ശൗചമിന്ദ്രിയനിഗ്രഹം" എന്നിങ്ങിനെ സാമാന്യധർമ്മങ്ങളെ മനു പരിഗണിച്ചിരിക്കുന്നു.

അഹിംസ = ഒരു പ്രാണിയേയും ഒരു തരത്തിലും ദ്രോഹിക്കാതിരിക്കൽ. സത്യം = പ്രിയവും ഹിതവും അബാധിതാർത്ഥവുമായവാക്ക്. അസ്തേയം=പരസ്വം അപഹരിക്കാതിരിക്കൽ. ശൗചം = ദൈഹികവും മാനസികവുമായ ശുദ്ധി. സ്നാനാദികൾകൊണ്ടും സാത്വികാഹാരംകൊണ്ടുമുണ്ടാകുന്ന ശരീരശുദ്ധിയും, മദാസൂയാദികളായ മാലിന്യങ്ങളുടെ മാർജനംകൊണ്ടുണ്ടാകുന്ന മാനസശുദ്ധിയുമെന്നു് താല്പര്യം. ഇന്ദ്രിയനിഗ്രഹം=ജ്ഞാനേന്ദ്രിയങ്ങളുടേയും കർമ്മേന്ദ്രിയങ്ങളുടേയും നിയന്ത്രണം. അനർഹങ്ങളും അനർത്ഥകരങ്ങളുമായ വിഷയങ്ങളിൽനിന്നുള്ള നിരോധമെന്നർത്ഥം. പ്രസ്തുത ധ

ന്മങ്ങളെയും സകല മനുഷ്യരും ഒരുപോലെ പരിപാലിക്കുകയാണെങ്കിൽ, രാജ്യത്തിൽ ചതിയില്ല; കളവില്ല; കലഹമില്ല; പിടിച്ചുപറിയില്ല; കയ്യേററമില്ല; ആക്കും ഒരല്ലലും ഒപാരാതികേടുമില്ല. അങ്ങിനെയുള്ള പ്രശാന്തസുന്ദരാവസ്ഥയിൽ ഭൂലോകം തപോവനതുല്യവും മനുഷ്യർ മഹർഷികളുമാരുമാകുന്നതുകൊണ്ടു് നാട്ടിൽ നേരും നെറിയും നിലനിർത്തുവാൻ പ്രത്യേക സന്നാഹങ്ങളും ചട്ടവട്ടങ്ങളും ഒന്നും വേണ്ടതില്ല. അല്പം മുമ്പുപറഞ്ഞ ഭാരതകഥകൊണ്ടും ഈ വസ്തുവം തെളിയുന്നുണ്ടു്.

## വിശേഷധർമ്മം

വർണ്ണധർമ്മം, ആശ്രമധർമ്മം, വർണ്ണാശ്രമധർമ്മം, ഗുണധർമ്മം, നിമിത്തധർമ്മം ഇങ്ങിനെ അഞ്ചുതരത്തിലുണ്ടു് വിശേഷധർമ്മം.

വർണ്ണധർമ്മം = ബ്രാഹ്മണാദിവർണ്ണങ്ങൾക്കു് വിധിച്ചിട്ടുള്ള വേദാദ്ധ്യയനാദി. ആശ്രമധർമ്മം = ബ്രഹ്മചാരി മുതലായ ആശ്രമികൾക്കു വിഹിതമായ സമിദാധാനാദി. വർണ്ണാശ്രമധർമ്മം = ബ്രാഹ്മണാദി വർണ്ണങ്ങൾക്കു് ഓരോ ആശ്രമങ്ങളിൽ വിധിച്ച വിഭിന്നധർമ്മം. ബ്രാഹ്മണൻ ബ്രഹ്മചര്യത്തിലിരിക്കുമ്പോൾ ധരിക്കേണ്ടതായി വിധിച്ച മേഖലാജിനാദികളല്ല അതേആശ്രമത്തിൽ ക്ഷത്രിയൻ ധരിക്കേണ്ടതു്. ഈ മാതിരിയിലുള്ള വിശേഷവിധികളാണു് ഇതിനുദാഹരണം. ഗുണധർമ്മം = ബ്രാഹ്മണന്നു് ഋത്വിഗാദിസ്ഥാനം, ക്ഷത്രിയന്നു് അഭിഷേകം മുതലായ അവസ്ഥാവിശേഷങ്ങൾ വന്നുചേരുമ്പോൾ അനുഷ്ഠിക്കേണ്ടതു്. നിമിത്തധർമ്മം = അറിഞ്ഞോ അറിയാതെയോ ചെയ്ത ദുഷ്കർമ്മത്തിന്റെ പാപം തീരുവാൻ അനുഷ്ഠേയമായ പ്രായശ്ചിത്തം.

പ്രസ്തുതങ്ങളായ അഞ്ചു വിശേഷധർമ്മങ്ങളിൽ ആദ്യത്തേതായ വർണ്ണധർമ്മം വർണ്ണചാതുർവ്വിദ്ധ്യമനുസരിച്ചു് നാലുവിധത്തിലുണ്ടു്.

## ബ്രാഹ്മണധർമ്മം

അദ്ധ്യയനം, അദ്ധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം ഇവയാണു് ബ്രാഹ്മണവർണ്ണത്തിന്റെ വിശേഷധർമ്മങ്ങൾ. ഈ ആറിൽ അദ്ധ്യയനവും യജനവും ദാനവും പ്രധാനങ്ങളും അദ്ധ്യയനം അതിപ്രധാനവുമാണു്. ജന്മമാത്രംകൊണ്ടു് സിദ്ധിക്കുന്നതല്ല ബ്രാഹ്മണ്യം. വേദാദ്ധ്യയനം ചെയ്യാത്ത ബ്രാഹ്മണൻ മരംകൊണ്ടുണ്ടാക്കിയ ആനയെപ്പോലെ കേവലനാമധാരിയാണെന്നു് മനുവും മററാചാര്യന്മാരും പറഞ്ഞിരിക്കുന്നു. അദ്ധ്യയനം ബ്രഹ്മച

സ്ഥാശ്രമത്തിലും യജ്ഞാദികാം മററുള്ള ആശ്രമങ്ങളിലും അനുഷ്ഠിക്കേണ്ടവയാണ്. അദ്ധ്യാപനവും യാജനവും ധർമ്മത്തിൻെറ പ്രചാരാധിക്യത്തിൽ താല്പര്യം കൊണ്ടുമാത്രമാണ് ചെയ്യുന്നതെങ്കിൽ ഉത്തമവും, പ്രതിഫലേച്ഛകൊണ്ടു കൂടിയാണെങ്കിൽ മദ്ധ്യമവുമാണ്. (1) പ്രതിഗ്രഹം ആപദ്ധർമ്മമായിട്ടാണ് ഗണിച്ചിരിക്കുന്നത്. ജീവിതയാത്രക്ക മററു മാർഗ്ഗമൊന്നുമില്ലാതേയോ, അവശ്യകത്തവ്യമായ ധർമ്മ്യകാര്യം നിർവ്വഹിക്കുവാൻ ശക്തിയില്ലാതേയോ വരുന്ന സമയത്ത് പ്രതിഗ്രഹം വാങ്ങാം. വാങ്ങിയാൽ പ്രതിഗ്രഹപ്രായശ്ചിത്തമായി വിധിച്ചിട്ടുള്ള ജപാദികളനുഷ്ഠിക്കുകയും വേണം. ദാതാവിൻെറ ശ്രദ്ധാദികളും ദേയദ്രവ്യത്തിൻെറ ശുദ്ധി മുതലായവയും നോക്കാതെ വാങ്ങരുതാത്തതാണ്. ഗ്രഹചാരദോഷാദികാം പറഞ്ഞ് ഭയം ജനിപ്പിച്ചിട്ടോ, ദാനമാഹാത്മ്യം പ്രശംസിച്ച് പ്രരോചനകാം ചെയ്തിട്ടോ കൊടുപ്പിക്കുന്നതും, ദാതാവ് അന്യായമായി ആർജ്ജിച്ചിട്ടുള്ളതുമായ ധനം വാങ്ങരുതെന്ന് സാരം. അതുപോലെ ദാതാവും പാത്രഗുണംനോക്കിയല്ലാതെ ദാനം ചെയ്യരുത്. വേദാദ്ധ്യയനം, ആസ്തിക്യം, ആർജ്ജവം മുതലായ ഗുണങ്ങളുള്ളവൎക്കേ ദാനം ചെയ്യാവൂ. ബിഡാലസന്യാസവും ബകദ്ധ്യാനവുംകാണിച്ച് ലോകവഞ്ചന ചെയ്യുന്ന ബ്രാഹ്മണബ്രുവന്മാൎക്ക് വെള്ളംപോലും (2) കൊടുക്കരുതെന്ന് മനു പ്രത്യേകം ഉൽബോധിപ്പിച്ചിട്ടുണ്ട്.

വേദാദ്ധ്യയനംപോലെത്തന്നെ പ്രധാനമായ ബ്രാഹ്മണധർമ്മമാണ് തപസ്സ്. സ്വാദ്ധ്യായവും തപസ്സുമാണ് ബ്രാഹ്മണ്യത്തെ പോഷിപ്പിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും. ബ്രാഹ്മണവർണ്ണത്തിന്ന് തപസ്സുണ്ടാകണമെന്ന് പറയുന്നതിൻെറ താല്പര്യം, ആ ജാതിക്കാർ മുഴുവൻ ചീരജടാധാരികളും ഫലമൂലാശികളുമായി കാലം കഴിക്കണമെന്നല്ല. ശമം, ദമം, ദയ മുതലായ താപസധർമ്മങ്ങാം അവൎക്ക വിശേഷിച്ച് മുണ്ടായിരിക്കണമെന്നുമാത്രമാണ്. അവശതയിൽപെട്ടവരോട് സമഭാവനയും ദയയും അവൎക്കുണ്ടാകണം. തന്നെ മററുള്ളവർ അപഹസിച്ചാലും അപമാനിച്ചാലും അമർഷവും പ്രതീകാരേച്ഛയുമുണ്ടാകരുത്. ക്ഷുദ്രസ്വഭാവം കാണിക്കുന്ന അത്തരക്കാരുടെ സഹവാസത്തി

---

(1) പ്രതിഗ്രഹ സമർത്ഥോപി പ്രസംഗം തത്ര വർജ്ജയേൽ.
പ്രതിഗ്രഹേണ ഹ്യസ്യാശു ബ്രാഹ്മം തേജഃ പ്രശാമ്യതി. (മനു)

(2) നവാൎയ്യപി പ്രയച്ഛേത്തു ബൈഡാലവ്രതികേ ദ്വിജേ.
നബകവ്രതികേ വിപ്രേ നാവേദവിദി ധർമ്മവിൽ. (മനു)

നം സാമീപ്യത്തിനുമിടവരാത്തവിധം ഒഴിഞ്ഞുനിന്നേക്കണം. സന്ധ്യോപാസനാദികളായ കർമ്മങ്ങളെന്തെല്ലാം വിഹിതങ്ങളായിട്ടുണ്ടോ, അതെല്ലാം വിലോപം വരുത്താതെ ചെയ്തുകൊണ്ടിരിക്കണം.

## ക്ഷത്രിയധർമ്മം

ക്ഷത്രിയൻ ദേവബ്രാഹ്മണഭക്തനും, ശൂരനും, നിത്യോത്ഥാനശീലനുമായിരിക്കണം. അദ്ധ്യയനം, യജ്ഞം, ദാനം ഇവ മൂന്നും ക്ഷത്രിയസാമാന്യത്തിന്റെയും ധർമ്മങ്ങളാണ്. രാജ്യാഭിഷിക്തനായ ക്ഷത്രിയന്ന് ഗുണധർമ്മമായി പ്രജാപാലനവും പ്രാപിക്കുന്നു. രാജധർമ്മങ്ങളിൽ പാലനംപോലെ പ്രധാനമല്ല മറ്റൊന്നും. "ക്ഷത്രിയസ്യ പരോധർമ്മഃ പ്രജാനാമേവപാലനം" എന്ന് മനു പറഞ്ഞിരിക്കുന്നു. രക്ഷകൊണ്ട് അനുരക്തകളായ പ്രജകൾ രാജാവിന്ന് മററു ദുർഗ്ഗങ്ങളെക്കാളെല്ലാം വലിയ രക്ഷയാണ്. അതുകൊണ്ട് പ്രജാരഞ്ജനമാണ് തന്റെ കർത്തവ്യങ്ങളിൽ പ്രധാനമെന്ന് രാജാവറിയണം. അച്ഛന്റെ ഗൃഹത്തിൽ താമസിക്കുന്ന മക്കൾക്കുണ്ടാകുന്ന ഉല്ലാസവും, നിർഭയതയും, സനാഥതാബുദ്ധിയും രാജ്യത്തിൽ സകലജനങ്ങൾക്കുമുണ്ടാക്കണം. (1) "സ്വസുഖനിരഭിലാഷഃ ഖിദ്യസേ ലോകഹേതോഃ" എന്ന് കാളിദാസൻ പറഞ്ഞപ്രകാരം പ്രജകളുടെ ക്ഷേമത്തിനുവേണ്ടി തന്റെ സുഖം വെടിഞ്ഞും രാജാവ് പ്രയത്നിക്കണം. വ്യാസമഹർഷി ഇക്കാര്യം ഒരു നേരമ്പോക്കിൽ പറഞ്ഞിട്ടുണ്ട്. രാജാവ് ഗർഭിണിയെപ്പോലെയാകണമെന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. (2) ഗർഭിണി തനിക്കേററവും പ്രിയനായ ഭർത്താവിന്റെ സമാഗമോത്സവം ഗർഭസുസ്ഥിതിക്കുവേണ്ടി ത്യജിക്കുന്നതുപോലെ, രാജാവും സ്വസുഖനിരഭിലാഷനായി പ്രജാരക്ഷചെയ്യണമെന്ന് താല്പര്യം. ധർമ്മപ്രകാരം രാജ്യം രക്ഷിക്കുവാൻ രാജാവുചെയ്യുന്ന ഓരോ കൃത്യത്തെയും ഓരോ മഹായജ്ഞമായി സ്മൃതിപുകഴ്ത്തുന്നു. (3) അരക്ഷിതാവായ രാജാവ് പ്രജകളോടു വാങ്ങുന്ന ഷ

---

1. പുത്രാ ഇവ പിതുർഗ്ഗേഹേ വിഷയേ യസ്യ മാനവാഃ.
   നിർഭയാ വിചരിഷ്യന്തി സ രാജാ രാജസത്തമഃ. (മഹാഭാരതം)
2. ഭവിതവ്യം സദാ രാജ്ഞാ ഗർഭിണീസഹധർമ്മിണാ.
   യഥാ ഹി ഗർഭിണീ ഹിത്വാ സ്വം പ്രിയം മനസോനുഗം
   ഗർഭസ്യ ഹിതമാധത്തേ തഥാ രാജ്ഞാപ്യസംശയം.
   വർത്തിതവ്യം കുരുശ്രേഷ്ഠ............................ (മഹാഭാരതം)
3. രക്ഷൻ ധർമ്മേണ ഭൂതാനി രാജാ വധ്യാംശ്ച ഘാതയൻ
   യജതേഽഹരഹര്യജ്ഞൈസ്സഹസ്രശതദക്ഷിണൈഃ.

ട്ഭാഗം (കരം) അവർനേടിവെച്ച (1) പാപങ്ങളുടെ മുഴുവൻ ഭാഗമാണത്രേ.

ധർമ്മവ്യാകോപവും രാഷ്ട്രവിപ്ലവങ്ങളും വരുത്തിക്കൂട്ടാത്ത ജനാഭിപ്രായങ്ങളാം രാജാവ് വകവെക്കാതെ തള്ളിക്കളയരുത്. പ്രജകളിൽ ചില വർഗ്ഗക്കാരുടേയോ ചില ദേശക്കാരുടേയോ പക്ഷപാതിയാകരുത്. ദുർമ്മാർഗ്ഗപ്രവൃത്തന്മാരെ തക്കതായ ശിക്ഷകൊടുത്ത് നേർവഴിക്ക് കൊണ്ടുവരുവാനും നിലക്കുനിർത്തുവാനും മടിക്കരുത്. കുതിരക്കു കടിഞ്ഞാണുപോലേയും ആനക്കു തോട്ടിപോലേയും അപഥപ്രവൃത്തന്മാർക്ക് സംഗ്രഹണവും നിയന്ത്രണവുമായിരിക്കണം രാജദണ്ഡം. (2) കാര്യങ്ങളുടെ സ്ഥിതിഭേദമനുസരിച്ച് രാജാവ് തീഷ്ണനും മൃദുവുമാകണമെന്ന് സ്മൃതിയും നീതിയും പറഞ്ഞിട്ടുണ്ട്. "തീക്ഷ്ണശ്ചൈവ മൃദുശ്ചസ്യാൽ കാര്യം വീക്ഷ്യമഹീപതിഃ" എന്ന് മനുവും,

"മൃദുർഹിരാജാസതതംലംഘ്യോഭവതിസർവ്വശഃ
തീക്ഷ്ണാദുദ്വിജതേലോകസ്തസ്മാദുഭയമാശ്രയ" എന്ന് വ്യാസനും ഉപദേശിച്ചിട്ടുണ്ട്. ദുർവൃത്തന്മാരോടു ദയയും ക്ഷമയും കാണിക്കുന്നതു രാജാവിന്റെ ലാഘവത്തിന്നും, നാട്ടിൽ അപചാരങ്ങളുടെ വർദ്ധനക്കും കാരണമാകും. ആനയുടെ ക്ഷമയാണല്ലോ അതിന്റെ തലയിൽ കയറിനിന്നു ചവിട്ടുവാൻ മനുഷ്യനെ ധീരനാക്കുന്നത്!(3) അതുകൊണ്ടു ദുർജനങ്ങളിൽ തീക്ഷ്ണനും സജ്ജനങ്ങളിൽ മൃദുവുമാകണം രാജാവ്. ദുഷ്ടശിക്ഷകൊണ്ടും ശിഷ്ടരക്ഷകൊണ്ടും രാജ്യത്തിൽ ധർമ്മവും ക്ഷേമവും വളർത്തുവാനും നിലനിർത്തുവാനുമാണ് താൻ ശാസിതാവായി ചെങ്കോലെടുത്തു ധർമ്മാസനത്തിൽ വാഴുന്നതെന്ന ബോധം രാജാവിന്നു എപ്പോഴുമുണ്ടായിരിക്കണം. കൃഷിക്കാരന്ന് കൃഷിരക്ഷയിലുള്ള ജാഗരൂകത രാജാവിന്നു രാജ്യരക്ഷയിലുണ്ടാകണം. സസ്യങ്ങൾക്കു സമ്മർദ്ദം കൂടാതെ വളരുവാനും കായ്ക്കുവാനും സാധിക്കത്തക്കവണ്ണം പാഴ്ച്ചെടികൾ പറിച്ചുകളഞ്ഞും, അതൃത്തിവരമ്പുകൾ ബലപ്പെടുത്തിയും, കന്നുകാലികളുടെ പ്രവേശദ്വാരങ്ങൾ നിരോധിച്ചും, ഉണക്കം വന്നാൽ തേകിക്കുളുപ്പിച്ചും കൃഷിക്കാരൻ

---

1 അരക്ഷിതാരംരാജാനം ബലിഷഡ് ഭാഗഹാരിണം
തമാഹു സ്സർവ്വലോകസ്യ സമഗ്ര മലഹാരകം. (മനു)

2 യഥാ ഹി രശ്മയോശ്വസ്യ ദ്വിരദസ്യാങ്കുശോയഥാ
നരേന്ദ്ര ധർമ്മോലോകസ്യ തഥാപ്രഗ്രഹണം സ്മൃതം. (മഹാഭാരതം)

3. ക്ഷമമാണം നൃപംനിത്യം നീചഃ പരിഭവേജ്ജനഃ
ഹസ്തിയന്താഗജസ്യേവ ശിര ഏവാരുരുക്ഷതി. (ബൃഹസ്പതി)

ശീതാതപാദികൾ സഹിച്ചുകൊണ്ടു സസ്യരക്ഷ ചെയ്യുന്നതുപോലെ രാജാവു് രാജ്യരക്ഷ ചെയ്യണമെന്നർത്ഥം.

ഗുരുതരങ്ങളായ അനേകായിരം കാര്യങ്ങളടങ്ങിയ ഒരു മഹാഭാരമാണ് രാജ്യാധികാരം. അത് എത്രതന്നെ സാമർത്ഥ്യങ്ങളുണ്ടായാലും ഒരു വ്യക്തിക്ക് തനിയേ നിർവ്വഹിക്കാവുന്നതല്ല. അതുകൊണ്ട് രാജാവ് നിപുണന്മാരായ മന്ത്രിമാരെ സഹായികളായി സമ്പാദിക്കണം. അത്യന്താവധാനത്തോടുകൂടി ചെയ്യേണ്ട കാര്യമാണിത്. മന്ത്രിനിയമനത്തിൽ വേണ്ടേടത്തോളം അവധാനം ചെയ്യാതിരുന്നാൽ വന്നുകൂടുന്ന ഫലം രാജാവിനും ജനങ്ങൾക്കും അത്യാപത്തുകളായിരിക്കും. കാമത്താലോ, ക്രോധത്താലോ, ലോഭത്താലോ, ഭയത്താലൊ സത്യധർമ്മാദികളിൽനിന്നു് വ്യതിചലിക്കാത്തവനും, നീതിജ്ഞനും, സ്വാമിഭക്തനും, കുലീനനും, മിതഭാഷിയും, മാനിയും, ജിതാത്മാവും, മിരട്ടിൽ പെടാത്തവനും, സ്ഥിരചിത്തനും, കാര്യാകാര്യവിവേകത്തിൽ കുശലനും, കീർത്തികാമനുമായവനെ മന്ത്രിപദത്തിൽ നിയമിക്കണമെന്ന് നീതിയും സ്മൃതിയും ഉപദേശിച്ചിട്ടുണ്ട്. അത് പുരാണാദികൾ അനുമോദിച്ചിട്ടുമുണ്ട്. (1) സേനാനായകൻ ധനാദ്ധ്യക്ഷൻ മുതലായവർക്കുണ്ടാകേണ്ട ഗുണങ്ങൾ നീതിശാസ്ത്രാദികളിൽ പറഞ്ഞിട്ടുള്ളതെല്ലാം പരീക്ഷിച്ചറിഞ്ഞതിനുശേഷം വേണ്ടതാണ് അതാത് സ്ഥാനങ്ങളിൽ ആളെ നിയമിക്കുന്നത്. ഊണുകഴിഞ്ഞു കഴുകിയ കൈ തോരുന്നതോടൊപ്പം ഭക്തിസ്നേഹാദികൾ വററിപ്പോകുന്ന ഒരു തരക്കാർ മിക്ക രാജഗൃഹങ്ങളിലും ആസന്നസേവകന്മാരായി പററിക്കൂടാറുണ്ട്. അത്തരം ദു

---

(1) യോ ന കാമാൽ ഭയാല്ലോഭാൽ ക്രോധാദ്വാ ധർമ്മമുത്സൃജേൽ
ദക്ഷഃ പര്യാപ്തവചനസ്സ തേ സ്യാൽ പ്രത്യനന്തരഃ.
കുലീനശ്ശീലസമ്പന്നസ്തിതിക്ഷുരവികത്ഥനഃ
ശൂരശ്ചാര്യശ്ച വിദ്വാംശ്ച പ്രതിപത്തിവിശാരദഃ
അമാനീ സത്യവാൻ ക്ഷാന്തോ ജിതാത്മാ മാനസംയുതഃ
സ തേ മന്ത്രസഹായസ്സ്യാൽ സർവ്വാവസ്ഥാപരീക്ഷിതഃ (മഹാഭാരതം)
മന്ത്രജ്ഞാശ്ചേംഗിതജ്ഞാശ്ച നിത്യം പ്രിയഹിതേരതാഃ
ശുചയശ്ചാനുരക്താശ്ച രാജകൃത്യേഷു നിത്യശഃ.
വിദ്യാവിനീതാഃ ഹ്രീമന്തഃ കുശലാ നിയതേന്ദ്രിയാഃ
ശ്രീമന്തശ്ച മഹാത്മാനഃ ശസ്ത്രജ്ഞാ ദൃഢവിക്രമാഃ
കീർത്തിമന്തഃ പ്രണിഹിതാ യഥാവചനകാരിണഃ
തേജഃക്ഷമായശഃപ്രാപ്താഃ സ്മിതപൂർവ്വാഭിഭാഷിണഃ
ക്രോധാൽ കാമാർത്ഥഹേതോർവ്വാ ന ബ്രൂയുരനൃതം വചഃ
കുശലാ വ്യവഹാരേഷു സൗഹൃദേഷു പരീക്ഷിതാഃ. (രാമായണം)

ത്തിക്കണ്ണികളുടെ പിടിയിൽ പെടാതിരിപ്പാൻ രാജാക്കന്മാർ വിശേഷിച്ചും മനസ്സിരുത്തണം. (1)

വിഭിന്നങ്ങളായ അധികാരങ്ങളിൽ നിയുക്തന്മാരായ മന്ത്രിമാർ തുടങ്ങിയവരിൽ ഒരോരുത്തൻേറയും കൃത്യനിഷ്ഠ, കാൎയ്യനിൎവ്വഹണസാമൎത്ഥ്യം മുതലായ ഓരോ സംഗതിയും വിശ്വസ്തന്മാരും സുപരീക്ഷിതഭക്തികളുമായ ആപ്ത ചാരാദികൾവഴിയായി അറിഞ്ഞുകൊണ്ടിരിക്കണം. ഉദ്യോഗസ്ഥന്മാരിൽ അധികവും ഏതെങ്കിലും വഴിക്ക് അനൎഹമായ വിധത്തിൽ പരദ്രവ്യാപഹാരികളായിരിക്കും. അത്തരം ശഠന്മാരിൽനിന്ന് പ്രജകളെ രാജാവ് രക്ഷിക്കണം (2). രാജാവിന്ന് അപകീൎത്തിയും ജനങ്ങൾക്ക് പൊറുതികേടും ഉണ്ടാക്കുന്നത് ഉദ്യോഗസ്ഥന്മാരുടെ അപചാരംപോലെ മറെറാന്നില്ല. അതുകൊണ്ട് മന്ത്രി തുടങ്ങിയ സകല ഉദ്യോഗസ്ഥന്മാരുടെയും നടപടികൾ രാജാവ് സൂക്ഷ്മാന്വേഷണംചെയ്ത് അറിയേണ്ടതും, കുററക്കാരന് തക്കതായ ശിക്ഷകൊടുക്കേണ്ടതുമാണ്. കാൎയ്യാൎത്ഥികളിൽനിന്നു അപമൎയ്യാദമായി പണം വാങ്ങുന്ന ഉദ്യോഗസ്ഥനെ സൎവ്വസ്വാപഹാരം(3)ചെയ്ത് നാടുകടത്തുവാനാണ് വിധിച്ചിട്ടുള്ളത്.

ഉള്ള ഗുണങ്ങളെല്ലാം കെടുക്കുന്നവയും, ഇല്ലാതിരുന്ന ദോഷങ്ങൾ വരുത്തിക്കൂട്ടുന്നവയുമായ ദ്യൂതമൃഗയാദിവ്യസനങ്ങളിൽ അത്യാസംഗം രാജാവിന്നുണ്ടാകരുത്. ചൂത്, നായാട്ട് തുടങ്ങി കാമജങ്ങളായ പത്തും, പൈശുന്യം സാഹസം മുതൽ ക്രോധജങ്ങളായ എട്ടുംകൂടി ആകെ രാജവ്യസനങ്ങൾ പതിനെട്ടുണ്ട് അവയെല്ലാം സൎവ്വകാൎയ്യവിഘാതകങ്ങളും ദുഃഖപൎയ്യവസായികളുമാണെന്നു് രാജാക്കന്മാർ പ്രത്യേകമോൎക്കണം.

---

(1) ദൌഷ്കുലേയാശ്ച ലുബ്ധാശ്ച നൃശംസാ നിരപത്രപാഃ
തേ ത്വാം താത നിഷേവേയുൎയ്യാവദാൎദ്രകപാണയഃ (മഹാഭാരതം)

(2) രാജ്ഞോ ഹി രക്ഷാധികൃതാഃ പരസ്വാദായിനഃ ശഠാഃ
ഭൃത്യാ ഭവന്തി പ്രായേണ തേഭ്യോ രക്ഷേദിമാഃ പ്രജാഃ. (മനു)

(3) ദശ കാമസമുത്ഥാനി തഥാഷ്ടൌ ക്രോധജാനി ച
വ്യസനാനി ദുരന്താനി പ്രയത്നേന വിവൎജ്ജയേൽ.
മൃഗയാക്ഷോ ദിവാസ്വപ്നഃ പരിവാദഃ സ്ത്രിയോ മദഃ
തൌൎയ്യത്രികം വൃഥാട്യാ ച കാമജോ ദശകോ ഗണഃ.
പൈശുന്യം സാഹസം ദ്രോഹ ഈൎഷ്യാസൂയാൎത്ഥദൂഷണം
വാഗ്ദണ്ഡജം ച പാരുഷ്യം ക്രോധജോപി ഗണോഷ്ടകഃ. (മനു)

മററ വൎണ്ണധൎമ്മങ്ങളുടേയും ആശ്രമധൎമ്മങ്ങളുടേയും വേണ്ടവിധം പ്രവൃത്തനത്തിന്നും പ്രതിഷ്ഠക്കം മുഖ്യാവലംബമായ രാജധൎമ്മത്തിൻെറ ബഹുമുഖങ്ങളായ ശാഖോപശാഖകളെ വേറെ വേറെ കാണിക്കുവാൻ തുടങ്ങിയാൽ അവസാനിക്കുകയില്ല. അതുകൊണ്ടു് ഈ വിഷയം ഇവിടെ അവസാനിപ്പിക്കുകയല്ലാതെ തൽക്കാലം തരമില്ല.

## വൈശ്യശൂദ്രധൎമ്മങ്ങാം

ക്ഷത്രിയാദികൾ വിധിച്ച അദ്ധ്യയനാദികാം മൂന്നും കൃഷി, ഗോരക്ഷ, വാണിജ്യം ഇവയുമാണു് വൈശ്യവൎണ്ണത്തിൻെറ ധൎമ്മങ്ങാം. ബ്രാഹ്മണൻ വിദ്യാസംരക്ഷണത്തിലും, ക്ഷത്രിയൻപ്രജാപരിപാലനത്തിലും വിശേഷാവധാനം ചെയ്യുന്നതുപോലെ വൈശ്യൻ കൃഷിഗോരക്ഷാദികളിൽ തികച്ചും ജാഗരൂകനായിരിക്കണം. മററ മൂന്നു വൎണ്ണങ്ങളുടേയും ശരീരധാരണത്തിന്നു് വൈശ്യൻെറ സ്വധൎമ്മനിഷ്ഠയാണു് പരമാവലംബം. ത്രൈവൎണ്ണികന്മാരുടെ പരിചൎയ്യയാണു് ശൂദ്രവൎണ്ണത്തിൻെറ ധൎമ്മമായി വിധിച്ചിട്ടുള്ളതു്. വൈശ്യനു് കൃഷിഗോരക്ഷാദികളിലും, ക്ഷത്രിയനു് രാജ്യരക്ഷയിലും, ബ്രാഹ്മണനു് യജ്ഞാദ്യനുഷ്ഠാനത്തിലും വേണ്ടിവരുന്ന സാഹായ്യം ശൂദ്രൻ ചെയ്യണം. അമന്ത്രങ്ങളായ ശാന്തിവൈശ്വദേവാദികളും ശൂദ്രവൎണ്ണത്തിന്നു വിഹിതങ്ങളാണു്.

ഒരു കുഡുംബത്തിൽ എല്ലാവൎക്കും ക്ഷേമത്തോടുകൂടി കഴിഞ്ഞുകൂടുവാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ടോ, അതെല്ലാം തരംതിരിച്ചു് ഓരോ ഭാഗം ഓരോ കുഡുംബാംഗങ്ങാം നിൎവ്വഹിക്കണമെന്നു് വ്യവസ്ഥചെയ്തു്, അതു തെററിക്കാതെ അവരവരുടെ കൃത്യം എല്ലാവരും നടത്തിക്കൊണ്ടുപോകുന്നതായാൽ കുഡുംബത്തിൽ സമൃദ്ധിയും ക്ഷേമവുമുണ്ടാകാതിരിക്കുകയില്ല. ഇതുതന്നെയായിരിക്കണം വൎണ്ണവ്യവസ്ഥയുടെ അടിസ്ഥാനം. രാജ്യമാകുന്ന മഹാകുഡുംബത്തിലെ ഏകോദരഭ്രാതാക്കളായ ചാതുൎവ്വൎണ്ണികന്മാർ സ്വസ്വധൎമ്മം വേണ്ടതുപോലെ രക്ഷിച്ചുകൊണ്ടു് പരസ്പരോപകാരികളായി വൎത്തിക്കണമെന്ന തത്വത്തിലാണു് വൎണ്ണവ്യവസ്ഥയുടെ താല്പൎയ്യം പൎയ്യവസാനിക്കുന്നതെന്നൎത്ഥം. ആ വ്യവസ്ഥ എല്ലാവരും ഒരുപോലെ പരിപാലിക്കുന്നേടത്തോളം കാലം രാജ്യത്തിൽ സുഭിക്ഷവും, സമാധാനവും, സുഖവും പുലരും ! നിലനിൽക്കും !! അതിൽനിന്നു വഴുതിയാൽ എല്ലാമിളകും ! വ്യാകുലമാകും !! അധഃപതിക്കും !!!

വൎണ്ണവ്യത്യാസവും രാജാവുമില്ലാതാക്കി രാജ്യം പരിഷ്കരിക്കുവാനുള്ള

പരിശ്രമങ്ങൾ ചെയ്തുകൊണ്ടും ചെറ്റേടത്തോളം വിജയിച്ചുകൊണ്ടും ഇരിക്കുന്ന ഇക്കാലത്ത് വർണ്ണധർമ്മങ്ങളും രാജധർമ്മങ്ങളും വിസ്തരിക്കുന്നതെന്തിനാണെന്നു് പലരും ചോദിച്ചേക്കാം. വർണ്ണങ്ങളും രാജാവുമില്ലാതായിട്ടില്ല; ഇല്ലാതാവുകയുമില്ല; എന്നാണ് ആ ചോദ്യത്തിന്റെ ഉത്തരം. വർണ്ണവിഭാഗത്തിന്റെ മൂലം ഗുണകർമ്മവിഭാഗമാണ്. അനേകായിരം ജനങ്ങളുടെ വിവിധപ്രയത്നങ്ങളുടെ ഫലം പരസ്പരം വിനിമയംചെയ്തുകൊണ്ടു് നിർവ്വാഹ്യമായ മനുഷ്യരുടെ സാമുദായികജീവിതം തുടൎന്നുകൊണ്ടുപോകണമെങ്കിൽ, അവൎക്ക് വിഭിന്നങ്ങളായ ഗുണകർമ്മങ്ങൾ അവലംബിക്കാതെ തരമില്ല. ഓരോ വർഗ്ഗക്കാർ സ്വഗുണാനുസൃതങ്ങളായ കർമ്മങ്ങളെ പരമ്പരയായി പരിപാലിച്ചുപോന്നിരുന്ന സമ്പ്രദായത്തിന് പല കാരണങ്ങളാലും കാലക്രമത്തിൽ ചില മാററങ്ങൾ വന്നേക്കാമെന്നും വന്നിട്ടുണ്ടെന്നും സമ്മതിക്കാം. ബ്രാഹ്മണൻ കൃഷിക്കാരനും കച്ചവടക്കാരനുമായിട്ടുണ്ടാകാം. പോലീസിലും പട്ടാളത്തിലും ചേർന്നിട്ടുണ്ടാകാം. ഇങ്ങിനെ മററു വർണ്ണങ്ങളും സ്വധർമ്മംവിട്ട് പരധർമ്മം കൈക്കൊണ്ടിട്ടുണ്ടാകാം. ഇതുകൊണ്ടെല്ലാം വരുന്നത് ബ്രാഹ്മണരിൽ ക്ഷത്രിയവൈശ്യശൂദ്രന്മാരും അതുപോലെ ക്ഷത്രിയാദിവർണ്ണങ്ങളിൽ തദന്യവർണ്ണങ്ങളുമുണ്ടെന്നാണ്. അല്ലാതെ വർണ്ണം ഇല്ലാതാവുകയല്ല ചെയ്തിട്ടുള്ളത്. ജനങ്ങൾക്ക് പ്രകൃതിഭേദവും പ്രവൃത്തിഭേദവുമുള്ളേടത്തോളംകാലം അതില്ലാതാവുന്നതുമല്ല.

അതുപോലെ രാജാവുമില്ലാതായിട്ടില്ല. രക്ഷാപുരുഷനെന്നാണ് രാജപദത്തിന്റെ അർത്ഥം. രാജ്യത്തിൽ ജനങ്ങളും, ജനങ്ങൾക്ക് ശീലബലാദിഭേദങ്ങളും ഇല്ലാതാകുന്ന ഒരു കാലമുണ്ടെങ്കിൽ അക്കാലമെത്തുന്നതുവരെ, രാജ്യരക്ഷക്ക് സുശക്തമായിട്ടൊരു ഭരണവ്യവസ്ഥയും അതിന്റെ നിയന്താവായിട്ടൊരു കൂടസ്ഥനുമുണ്ടായേ കഴിയൂ. ഇല്ലെങ്കിൽ ആൎക്കും ആരേയും ശങ്കയും ഭയവുമില്ലാതാവും. എല്ലാവരും അനിയന്ത്രിതന്മാരും സ്വേച്ഛാചാരന്മാരുമായിത്തീരും. ലോകക്ഷേമത്തിനുവേണ്ടി ധർമ്മാചാര്യന്മാർ കെട്ടിപ്പടുത്തുറപ്പിച്ചിട്ടുള്ള അണകളെല്ലാം പിളൎന്ന് തകൎന്നുപോകും. ദുൎന്നയങ്ങളും അക്രമങ്ങളും വർദ്ധിക്കും. സങ്കരവും വ്യാപത്തുകളും കൂടിക്കൂടി നാട്ടിലെല്ലാം ഉദ്വേഗവും ഭയവും പൊറുതികേടും പെരുകും. രാജ്യം ദസ്യുക്കളുടെ കൂത്തരങ്ങായിത്തീരും. കൃഷി കച്ചവടം മുതലായതൊന്നും എങ്ങുമില്ലാതാകും. ദുർഭിക്ഷം ബാധിക്കും. സാഹ

സങ്ങളും പരക്കും. ജനങ്ങൾ തമ്മിൽതമ്മിൽ പിച്ചിക്കീറി തിന്നുതുടങ്ങും (1) ഗൃഹവും ഗൃഹിണിയും കഴിഞ്ഞുകൂട്ടുവാൻ വേണ്ട വകയുമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർ, ആദ്യമാശിക്കേണ്ടത് ഒരു നല്ല രാജാവുണ്ടാകണമെന്നാണെന്ന് ഭാർഗ്ഗവൻ പറഞ്ഞിരിക്കുന്നു. (2) ഇതുകൊണ്ടെല്ലാം വന്നുകൂടുന്നത് രാജ്യത്തിൽ ഏതു കാലത്തും ഒരു നിയന്താവുണ്ടാകണമെന്നല്ലേ? ആ നിയന്താവിൻെറ പേര് രാജാവെന്നോ, രാഷ്ട്രപതിയെന്നോ, പ്രസിഡണ്ടെന്നോ മറ്റോ എന്തെങ്കിലുമോ ആകട്ടെ! നിയന്തൃസ്ഥാനം വംശപരമ്പരാവകാശംകൊണ്ടോ തിരഞ്ഞെടുപ്പുകൊണ്ടോ, സിദ്ധിക്കുന്നതുമായിക്കൊള്ളട്ടെ! എന്തുപേരിലായാലും ഏതു മുറപ്രകാരമായാലും, ആ സ്ഥാനത്തിൽ വരുന്ന നിയന്താവിനു നിയതാനുഷ്ഠേയങ്ങളായ ചില കൃത്യങ്ങളുണ്ട്. രാജധമ്മമെന്നാൽ അതെല്ലാംതന്നെയാണ്.

ഇപ്രകാരം വണ്ണങ്ങളും രാജാവും ഇക്കാലത്തുമുള്ളതുകൊണ്ടു അവരുടെ ധമ്മം അനുശാസിക്കുന്നതു അനാവശ്യമല്ല. അനുശിഷ്ടമായാലും അതനുഷ്ഠിക്കുവാൻ ഭാവമില്ലെങ്കിൽ, നന്നാകുവാനാഗ്രഹമോ അതിനു ഭാഗ്യമോ ഇല്ലെന്നേ പറയുവാനുള്ളു. വിസ്തൃതവും, പരിഷ്കൃതവും, വീതഭയവുമായ മഹാവീഥി കാണിച്ചുതന്നാലും, വൃത്തികേടും രോഗാണുക്കളും നിറഞ്ഞു നാറുന്ന കാനയിൽക്കൂടി തിക്കിത്തിരക്കി നടക്കുവാനാണ് നമുക്കു രസം തോന്നുന്നതെങ്കിൽ ആർ തടയുന്നു? ആ രസലഹരിയിൽ കാനകലക്കി ദുർഗ്ഗന്ധം പരത്തി

---

(1) അരാജകേഷു രാഷ്ട്രേഷു ധമ്മോ നവ്യവതിഷ്ഠതേ
പരസ്പരഞ്ചഖാദന്തി സവ്വഥാധിഗരാജകം.
നധനാത്ഥോ നദാരാത്ഥസ്തേഷാം യേഷാമരാജകം
രാജാ ചേന്ന ഭവേല്ലോകേ പൃഥിവ്യാം ദണ്ഡധാരകഃ
ജലേ മത്സ്യാനിവാഭക്ഷ്യൻ ദുബ്ബലാൻ ബലവത്തരാഃ
വധബന്ധപരിക്ലേശാന്നിത്യമത്ഥവതാം ഭവേൽ
മമതാ ന ച വിന്ദേയുയ്യദി രാജാ ന പാലയേൽ
നയോനിദോഷോ വത്തേത ന കൃഷിന്ന വണിക്പഥഃ
മജ്ജേദ്ധമ്മസ്ത്രയീ ന സ്യാൽ യദി രാജാ ന പാലയേൽ
ഇസ്സുഭിന്നഹൃദയം ഗ്രാഹ്യഭൂതമചേതനം
ക്ഷണേന വിനശേത്സവ്വം യദി രാജാ ന പാലയേൽ
അനയാസ്സമ്പ്രവത്തേരൻ ഭവേദ്വൈ വണ്ണസങ്കരഃ
ദുഭിക്ഷമാവിശേദ്രാഷ്ട്രം യദി രാജാ ന പാലയേൽ. (മഹാഭാരതം)

(2) രാജാനം പ്രഥമം വിന്ദേൽ തതോ ഭാര്യാം തതോ ധനം
രാജന്യസതി ലോകസ്യ കുതോ ഭാര്യാ കുതോ ധനം

ഷ്യം ചെളി വാരിയെറിഞ്ഞും മററുള്ളവരെ—വല്ല സാധുക്കറം നേർവഴിക്കു പോകുന്നുണ്ടെങ്കിൽ അവരെ—ഉപദ്രവിക്കാതിരിക്കുവാനുള്ള സന്മനസ്സെങ്കിലും നാമുണ്ടാകേണ്ടതാണ്.

## ആശ്രമധമ്മങ്ങറം

ബ്രഹ്മചാരിധമ്മം:— വിദ്യാഭ്യാസമാണ് ബ്രഹ്മചാരിയുടെ പ്രധാന ധമ്മം. ആയുസ്സിൻെറ നാലിലാദ്യഭാഗം നാലു വണ്ണങ്ങറംക്കും വിഹിതവിദ്യ കളഭ്യസിക്കുവാനുള്ളതാണ്. വിദ്യയഭ്യസിക്കാത്ത മനുഷ്യൻ വാലും കൊമ്പു മില്ലാത്ത പോത്താണെന്നല്ലേ അഭിജ്ഞന്മാർ പറഞ്ഞിട്ടുള്ളതു്. വിദ്യാത്ഥി, തനിക്കു വിവേകവും ഭാവിജീവിതകാലത്തിൽ മനുഷ്യോചിതമായ വിജയവും കൈവരുത്തുവാൻ വേണ്ടി പ്രയത്നിക്കുന്ന ഗുരുവിനെ കഴിവുള്ളവിധത്തിലെല്ലാം അനുവത്തിച്ചുകൊണ്ടു വിദ്യയഭ്യസിക്കണം. സൂയ്യോദയത്തിന്നുമുമ്പുണന്നു സ്നാനശുദ്ധനാകണം. പ്രാതഃസ്നാനം ശരീരശുദ്ധിക്കുമാത്രമുള്ളതല്ല. ആരോഗ്യത്തിന്നും മനഃപ്രസാദത്തിന്നും പ്രാതസ്നാനം ഒന്നാന്തരം ചികിത്സകൂടിയാണെന്നാണ് വൈദ്യമതം. ശിശുക്കളും വൃദ്ധന്മാരും രോഗികളുമല്ലാത്തവരാരും, ബ്രഹ്മചാരി വിശേഷിച്ചും, സന്ധ്യാകാലങ്ങളിൽ കിടക്കരുതെന്നാണ് വൈദ്യനും വൈദികനും പറയുന്നതു്. ബ്രഹ്മചയ്യം ഒരു വ്രതമായതുകൊണ്ടു മദ്യം, മാംസം, സുഗന്ധദ്രവ്യങ്ങറം, പയ്യുഷിതങ്ങളായ ഭക്ഷ്യങ്ങറം ഇവയെല്ലാം ബ്രഹ്മചാരി വർജിക്കണം. പ്രാണിഹിംസ ചെയ്യരുതു്. കാമക്രോധാദികറംക്കും ഇന്ദ്രിയചാപല്യങ്ങറംക്കും വശംവദനാകരുതു്. നൃത്തഗീതവാദ്യങ്ങളിലും ദ്യൂതാദികളിലും ആസക്തനാകരുതു്. വിദ്യാഭ്യാസത്തിന്നും സ്വഭാവസംസ്കരണത്തിന്നും ഹാനികരമാകുന്നതിലൊന്നിലും അഭിനിവേശം വരാതെ വിദ്യാത്ഥി വിനീതനും ശാന്തനുമായി പഠിപ്പിന്നു പൂത്തി വരുത്തണമെന്നാണ് ഇത്രയും പറഞ്ഞതിൽനിന്നെല്ലാം കൂടി വന്നുകൂടുന്ന സാരം. വിദ്യാഭ്യാസം കഴിഞ്ഞാൽ ശക്തിക്കനുസരിച്ചു ഗുരുദക്ഷിണയും ചെയ്യണം. ഭൂമി, സ്വണ്ണം, പശു മുതൽ വസ്ത്രം, ചെരിപ്പ്, കറിച്ചീരവരെ എന്തെങ്കിലും ശിഷ്യൻെറ ശക്തിപോലെ ദക്ഷിണ ചെയ്യാം. കൊടുക്കുന്ന വസ്തുവിൻെറ മേന്മയെക്കാറം ശിഷ്യൻെറ ഭക്തിക്കാണു ഗുരുദക്ഷിണയിൽ പ്രാധാന്യം.

വിവേകികളും സ്ഥിരചിത്തന്മാരുമായ മഹാന്മാക്കുപോലും ചിലപ്പോറം വ്യാമോഹവും ദുമ്മാഗ്ഗപ്രവൃത്തിയുമുണ്ടായിട്ടുണ്ടു്; ഉണ്ടാകുന്നുമുണ്ടു്.

ഈ സ്ഥിതിക്ക ബാല്യാവസ്ഥയിലിരിക്കുന്നവനും, സ്വയം ഗുണദോഷങ്ങളറിഞ്ഞു കൃത്യാകൃത്യങ്ങൾ നിർണ്ണയിക്കുവാൻ അസമർത്ഥനുമായ വിദ്യാർത്ഥിക്കു ഏതെങ്കിലും ദുരാസംഗം സംഭവിച്ചാൽ അതിലൊട്ടുംതന്നെ അത്ഭുതപ്പെടുവാനവകാശമൊ, കുററപ്പെടുത്തേണ്ട ആവശ്യമോ ഇല്ല. അതുകൊണ്ട് ബ്രഹ്മചാരിക്ക് വേണ്ടാവൃത്തികളും ശീലക്കേടുകളും വരുത്തിക്കൂട്ടാവുന്ന സാഹചര്യങ്ങൾക്ക് സന്ദർഭമുണ്ടാകാനിടവരാത്തവിധം കാലെ തന്നെ കാക്കുന്നതായിരിക്കും നല്ലതെന്നാണ് ഈ നിയന്ത്രണങ്ങൾ കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. ഇക്കാലത്ത് ഇത് പലർക്കും പിടിച്ചില്ലെന്നുവരാം. ജീവിതസമരത്തിലെ ഭാവി ഭടന്മാരായ കുട്ടികളെ ഇത്തരം കർക്കശനിബന്ധനകൾക്കുള്ളിലിട്ടുകറക്കി ചുണയും ചൊടിയും കെടുക്കുന്നത് നല്ലതാണോ; ഉല്ലാസഭരിതമായി വളർന്ന് വികസിക്കേണ്ടവയായ ബാലന്മാരുടെ കോമളഹൃദയങ്ങളിൽ അധീരതയും അസ്വാതന്ത്ര്യപ്രബോധവും വർദ്ധിപ്പിക്കുകയും, ഉത്സാഹവും കർമ്മധീരതയും നശിപ്പിച്ച് മനുഷ്യനെ മടയനും ഭീരുവുമാക്കുകയും, ഒടുവിൽ മനുഷ്യജന്മംതന്നെ നിരുപയോഗമാക്കിത്തീർക്കുകയുമല്ലേ ഇതിന്റെ ഫലം എന്നു അവർ ചോദിക്കുന്നുമുണ്ടാകാം. പക്ഷെ, രാജ്യത്തിനും തനിക്കും ക്ഷേമവും സമാധാനവുമുണ്ടാക്കുന്നതും, മനുഷ്യനെ മനുഷ്യനാക്കുന്നതും തട്ടിപ്പും തലയെടുപ്പുമല്ല; ശാന്തിയും അധർമ്മഭീതിയുമാണ്; എന്നു വിശ്വസിച്ചിരുന്ന കാലത്ത് ആ നിബന്ധനകളെല്ലാം വേണ്ടിവന്നു. അതുകൊണ്ട് അന്നത്തെ ആചാര്യന്മാർ അതുപറഞ്ഞു ഇന്നു അതൊന്നും വേണ്ടെങ്കിൽ തള്ളാം; വേണമെങ്കിൽ കൊള്ളാം; രണ്ടിനും സ്വാതന്ത്ര്യം നമുക്കുണ്ടല്ലോ!

ഗൃഹസ്ഥധർമ്മം:— വിദ്യാഭ്യാസം കഴിഞ്ഞ് ഗുരുവിന്റെ അനുവാദപ്രകാരം സമാവൃത്തനായ ബ്രഹ്മചാരിക്ക് രണ്ടാമാശ്രമമായ ഗാർഹസ്ഥ്യത്തിൽ പ്രവേശിക്കാം. (1) പാണിഗ്രഹണമാണ് ഗൃഹസ്ഥധർമ്മങ്ങളുടെ പൂർവ്വാംശം. കുലശീലാദികളെക്കൊണ്ട് തനിക്കനുരൂപയായ കന്യയെ വിധിപ്രകാരം വിവാഹം ചെയ്യണം. അപരിഹാര്യമായ കർമ്മാനുഷ്ഠാനവും കുടുംബഭരണവും ഒരു വിധം കഴിച്ചുകൂട്ടാവുന്ന ധനസ്ഥിതിയുണ്ടെങ്കിൽ, അതുകൊണ്ട് ഗൃഹസ്ഥാശ്രമി സന്തുഷ്ടനാകണം. സന്തോഷമാണല്ലോ സുഖത്തിന്റെ മുഖ്യമൂലം. കഴിഞ്ഞുകൂടുവാൻ തീരെ വകയില്ലെങ്കിൽ ശാസ്ത്രനിഷിദ്ധവും ലോകഗർഹിതവു

(1) അവിപ്ലുതബ്രഹ്മചര്യോ ഗൃഹസ്ഥാശ്രമമാവസേൽ
ഗുരുണാനുമതഃ സ്നാത്വാ സമാവൃത്തോ യഥാവിധി. (മനു)

മറ്റൊന്നുമില്ലാത്ത വൃത്ത്യുപായം ഏതെങ്കിലും അവലംബിക്കാം. ഏതവലംബിക്കുന്നുവോ, അതിൽ സ്ഥിരപ്രയത്നനാകണം. ഐശ്വര്യത്തെ ദുല്ലഭമായിക്കരുതി ഭഗ്നോത്സാഹനോ, നിരാശനോ, ആത്മാവമാനിയോ ആകരുത്. സത്യവും പ്രിയവുമാകുന്നതേ പറയാവൂ. അപ്രിയമാകുമെങ്കിൽ സത്യവും പറയണമെന്നില്ല. പ്രിയമാകുമെങ്കിലും അസത്യം പറയരുത്. ഈശ്വര-ഗുരു-രാജഭക്തനും വൃദ്ധസേവിയും ദീനാനുകമ്പിയുമായിരിക്കണം. ആരേയും അധിക്ഷേപിക്കുകയോ പരിഹസിക്കുകയോ അരുത്. ശ്രുതി-സ്മൃതിവിഹിതങ്ങളായ സ്വകമ്മങ്ങളാചരിക്കുന്നതിൽ വൈകല്യം വരുത്തരുത്. സമ്പത്തുള്ളപ്പോൾ സന്തോഷത്തോടുകൂടി നല്ല കായ്യങ്ങൾക്ക് ദാനം ചെയ്യണം. എന്നാൽ പ്രഭുത്വം കാണിക്കുവാനായി ദുവ്വ്യയം ചെയ്യരുത്. ജനങ്ങൾക്ക് വെറുപ്പു കൂട്ടുന്നതും സ്വഗുണങ്ങൾക്ക് മാററുകുറയ്ക്കുന്നതുമായ ഭോഗങ്ങൾ ഐശ്വര്യത്തിൻെറ കോലാഹലത്തിൽ അടിച്ചുകയറാതെ സൂക്ഷിക്കണം.

1. ഋഷിയജ്ഞം, അഥവാ ബ്രഹ്മയജ്ഞം = ഋഷിപ്രീതികരമായ സ്വാദ്ധ്യായം, 2. ദേവയജ്ഞം = ദേവപ്രസാദകാരണമായ ഹോമാദി, 3. പിതൃയജ്ഞം = പിതൃക്കളെ പ്രീണിപ്പിക്കുന്ന തപ്പണം 4. നരയജ്ഞം = അതിഥിപൂജ 5. ഭൂതയജ്ഞം = പക്ഷിമൃഗാദികൾക്കുള്ള ബലി, ഇങ്ങനെ അഞ്ചു മഹായജ്ഞങ്ങൾ ദിവസംതോറും ഗൃഹസ്ഥൻ അനുഷ്ഠിക്കണം. പുരാണപാരായണം, അദ്ധ്യാത്മശാസ്ത്രപാഠം മുതലായതും ഋഷിയജ്ഞത്തിലുൾപ്പെടുന്നതാണ്. ഗൃഹസ്ഥൻെറ ജീവിതം അഞ്ചുകൊലയിടങ്ങളെ ആശ്രയിച്ചുകൊണ്ടുള്ളതാണ്. (1) അടുപ്പ്, (2) അരകല്ല്, (3) ഉരല്, (4) വെള്ളപ്പാത്രം, (5) ചൂല് ഇങ്ങനെ അഞ്ചുകൂട്ടം ഏതു ചെററക്കുടിലിലും ഉണ്ടാകുമല്ലൊ. ഇതെല്ലാം വധസ്ഥാനങ്ങളാണ്. കൃമികീടാദികളായ ഏതെങ്കിലും ക്ഷുദ്രജീവികളുടെ പ്രാണഹാനിക്കു ഇവയഞ്ചും പലപ്പൊഴും കാരണങ്ങളാകാവുന്നതാണ്. ഭാരതഭൂമിയെപ്പോലെ ഹിംസാപാപത്തിൽനിന്നു ഭയപ്പെടുന്ന രാഷ്ട്രം ലോകത്തിൽ മറെറാന്നുമില്ലെന്നു സുപ്രസിദ്ധമാണല്ലൊ. അനുസ്യൂതമായി ഭാരതത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്ന അഹിംസാഘണ്ടാനാദം ഇന്നും നിലച്ചിട്ടില്ല; എന്നും നിലയ്ക്കുകയുമില്ല. ആരംഭകാലം കണ്ടെത്തുവാനും സവ്വസമ്മതമായി പരിച്ഛേദിക്കുവാനും ഇന്നോളം ആക്കും കഴിഞ്ഞിട്ടില്ല. ഹിംസാനിന്ദയും അഹിംസാപ്രശംസയും ചെയ്യാത്ത മതാചായ്യന്മാർ ഈ രാജ്യത്തിലുണ്ടായിട്ടില്ല. ഇയ്യിടെയായി രാഷ്ട്രമീമാംസയിലുംകൂടി അത് വ്യാപിപ്പിച്ചിരിക്കുന്നു. ഇപ്ര

കാരം അഹിംസാസമാരാധകന്മാരായ ഭാരതീയർ, ഈ അഞ്ചു സ്ഥാനങ്ങളിൽ ഏതെങ്കിലും കൃമി-മശക-പിപീലികാദികളിൽ ഏതിന്റെയെങ്കിലും പ്രാണാപായത്തിനു കാരണമായേക്കുമെന്നു സംഭാവന ചെയ്യുന്നതിലും ഭയപ്പെടുന്നതിലും അസ്വാഭാവികതയ്ക്കവകാശമില്ലല്ലോ. അറിഞ്ഞോ അറിയാതേയോ സംഭവിക്കാവുന്ന അത്തരം അഞ്ചു ഹിംസകളുടെ പാപം അന്നന്നു തീരുവാനുള്ള പ്രായശ്ചിത്തമായിട്ടാണ് പ്രതിദിനം പഞ്ചയജ്ഞാനുഷ്ഠാനം വിധിച്ചിട്ടുള്ളത്. ഈ അഞ്ചും വിധിപോലെ ചെയ്യുന്ന കുടുംബികളെ ഋഷികളും, ദേവന്മാരും, പിതൃക്കളും, മനുഷ്യരും ഭൂതവർഗ്ഗങ്ങളും അനുഗ്രഹിക്കുമെന്നാണ് ധാർമ്മികസിദ്ധാന്തം.

കർമ്മാനുഷ്ഠാനത്തിനു വേണ്ടത് കഴിച്ച് ബാക്കിയുള്ള സമയം, വ്യർത്ഥാലാപങ്ങൾക്കും വിനോദഗോഷ്ഠികൾക്കും മാത്രമായി കളയാതെ, നല്ല പുസ്തകങ്ങൾ വായിച്ചും ആവശ്യക്കാരുണ്ടെങ്കിൽ പഠിപ്പിച്ചും സ്വജ്ഞാനാഭിവൃദ്ധിക്കും പരോപകാരത്തിനും വിനിയോഗിക്കണം. മനുഷ്യനു അനപായവും ശുഭോദർക്കവുമായ കാലയാപനോപായം വല്ലതുമൊന്നുണ്ടെങ്കിൽ, അത് നല്ല പുസ്തകംമാത്രമാണ്. ഉത്തമഗ്രന്ഥം ഉത്തമമിത്രമാണ്. ഉത്തമ ഗുരുവുമാണ്. വിദ്യാദാനംപോലെ പ്രശസ്തമായ ദാനവുമില്ല.

ഗൃഹസ്ഥൻ ആരുടേയും അതിഥിയാകരുത്. ആകേണ്ടിവന്നാൽതന്നെ ഒരു ദിവസത്തിലധികം പരഗൃഹത്തിൽ താമസിക്കരുത്. "നതിഥിഃ ദ്വിതീയാ(ഷാ)യസ്യ" എന്ന വ്യുൽപത്തി പ്രകാരം രണ്ടാംദിവസം താമസിക്കാത്തവനെന്നാണല്ലോ അതിഥിശബ്ദത്തിന്റെ അർത്ഥം. അധികദിവസം പരഗൃഹത്തിൽ താമസിച്ചാൽ സ്വഗൃഹത്തിൽ ധർമ്മ്യകർമ്മലോപം വരുമെന്നും ഗൃഹസ്ഥൻ ഓർക്കണം. സ്വഗൃഹത്തിൽ വരുന്ന അതിഥിയെ ശക്തിക്കനുസരിച്ചവിധം സൽക്കരിക്കണം. രോഗിയോ വൃദ്ധനോ സൂര്യാസ്തമയകാലത്തിൽ വന്നവനോ ആയ അതിഥിയെ നിവൃത്തിയുണ്ടെങ്കിൽ നിരാകരിക്കരുത്. സൽക്കരിക്കുവാൻ കഴിവില്ലാത്തവർ സൂനൃതവാക്കുകൊണ്ടെങ്കിലും ഉപചരിക്കണം. കഴിവുള്ളവർ അതിഥികളെ യഥോചിതസൽക്കാരംകൊണ്ടും, ബ്രഹ്മചാരി മുതലായ മററു മൂന്നാശ്രമികളെ ഭിക്ഷാദാനാദികൾകൊണ്ടും ആവുന്നവിധം സഹായിക്കണം. വർണ്ണാന്തര രക്ഷ ക്ഷത്രിയവർണ്ണാധീനമായതുകൊണ്ട് ക്ഷത്രിയൻ വർണ്ണങ്ങളിൽ ശ്രേഷ്ഠനാകുന്നതുപോലെ, ഇതരാശ്രമികൾക്ക് ഉപജീവ്യനായ ഗൃഹസ്ഥൻ ആശ്രമികളിലും ജ്യേഷ്ഠനാണ്.

വാനപ്രസ്ഥസന്ന്യാസിധർമ്മങ്ങൾ:- വാർദ്ധക്യചിഹ്നങ്ങളായ ജരാനരകൾ കണ്ടുതുടങ്ങിയാൽ ഗൃഹസ്ഥൻ അനന്തരാശ്രമമായ വാനപ്രസ്ഥത്തിൽ പ്രവേശിക്കണം. ഗൃഹസ്ഥാശ്രമത്തിൽ ആഗ്രഹമില്ലാത്തവർക്ക് ബ്രഹ്മചര്യത്തിൽനിന്നുതന്നെ വാനപ്രസ്ഥത്തിലേക്ക് കടക്കുവാനും വിരോധമില്ല. ശരീരത്തിൻെറ ശോഷണവും ജ്ഞാനതപസ്സുകളുടെ പോഷണവുമാണ് വാനപ്രസ്ഥൻെറ കർത്തവ്യം. ഇതിൽ സ്വാതന്ത്ര്യവും സുകരതയുമുണ്ടാകുവാൻ നല്ലത് പ്രവ്രജ്യയാണ്. പുത്രമിത്രാദികളായ സ്നിഗ്ദ്ധജനങ്ങളുടെ ഇടയിലുള്ള വാസം വാനപ്രസ്ഥനു പററിയതല്ല. ആഹാരത്തിൻെറ മാത്രയും കാലസംഖ്യയും പരിമിതമാക്കി ക്രമത്തിൽ കുറയ്ക്കുവാൻ ശീലിക്കണം. മരണഭീതിയും സ്നേഹബന്ധവും വെടിയണം. ക്ഷുല്പിപാസകളും ശീതവാതാതപങ്ങളും സഹിച്ചുകൊണ്ട് ചിരജടാധാരിയും ഏകാന്തവാസിയുമായി മനഃസ്ഥൈര്യവും ഇന്ദ്രിയനിഗ്രഹവും ശീലിക്കണം. ബ്രഹ്മചാരിയുടേയും ഗൃഹസ്ഥൻെറയുംപോലെ അനർഹവിഷയങ്ങളിൽനിന്ന് ഇന്ദ്രിയങ്ങളുടെ നിയന്ത്രണം മാത്രമല്ല വാനപ്രസ്ഥൻെറ ഇന്ദ്രിയനിഗ്രഹം, ഇന്ദ്രിയങ്ങൾക്ക് വിഷയസംബന്ധമുണ്ടായാൽ ആഹ്ലാദവും, ഇല്ലാതായാൽ വിഷാദവുമുണ്ടാകാത്ത വിധത്തിലുള്ള നിർവ്വികാരതയാണ് വാനപ്രസ്ഥനുവേണ്ടത്. ഇതുണ്ടാകുവാൻ ശീലിക്കേണ്ടത് മനസ്സിൻെറ സ്വാച്ഛന്ദ്യം നിരോധിക്കുകയാണ്. മനസ്സിനെ ജയിച്ചാൽ ഇന്ദ്രിയങ്ങളെല്ലാം വിജിതങ്ങളായി. മനോജയംകൂടാതെ ഇന്ദ്രിയനിഗ്രഹത്തിനു ചെയ്യുന്നതെല്ലാം വൃഥാക്ലേശമാണ്. ഒന്നുകൊണ്ടും ആകൃഷ്ടനും ആർക്കും വശംവദനുമാകാതെ വായുവിനെപ്പോലെ നിസ്സംഗനും സ്വതന്ത്രനുമാകണം വാനപ്രസ്ഥൻ.

ഇങ്ങിനെ മൂന്നാമാശ്രമത്തിലിരുന്ന് ക്ലേശസഹത്വം അഭ്യസിച്ച് തികച്ചും തിതിക്ഷുവായവന്ന് മുമുക്ഷുവായി നാലാമാശ്രമത്തിൽ പ്രവേശിക്കാം. സന്ന്യാസി സർവ്വസംഗപരിത്യാഗിയും സർവ്വഭോഗവിമുഖനുമാകണം. പൂർവ്വാശ്രമങ്ങളിൽ ഗുരുമുഖത്തിൽനിന്നും ഗ്രന്ഥങ്ങളിൽനിന്നും അനുഭവങ്ങളിൽനിന്നും സമ്പാദിച്ച ജ്ഞാനം നിരന്തരപ്രണിധാനംകൊണ്ട് സുദൃഢമാക്കുവാൻ നിസ്തന്ദ്രനായി പ്രയത്നിക്കണം. ജ്ഞാനത്തിൻെറ വിപ്ലവകാരികളായ രാഗദ്വേഷാദികളും അജ്ഞാനവാസനയുമകററി ചിത്തവൈചല്യം വരുത്തുവാൻ അഷ്ടാംഗയോഗാദികളും അനുഷ്ഠിക്കണം.

പ്രസംഗവിഷയത്തിൻെറ പ്രധാന ഭാഗങ്ങളിൽ ചിലത് പ്രാചീനങ്ങ

ളായ ധമ്മശാസ്ത്രഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതനുസരിച്ച് ഏതാണ്ടൊന്നു സ്പ ശിക്കുവാൻ മാത്രമല്ലാതെ ഒന്നും വിസ്തരിക്കുവാൻ എനിക്കു് സാധിച്ചിട്ടില്ല, വിസ്താരം സാമാജികന്മാരുടെ വൈരസ്യത്തിനു കാരണമായേക്കുമോ എന്നു് ഭയമുള്ളതുകൊണ്ടു് ആ സാഹസത്തിനു ഞാനൊരുങ്ങുന്നില്ല. ഒരു സംഗതികൂടി പറഞ്ഞു് പ്രസംഗം അവസാനിപ്പിക്കാം. പാവങ്ങളോടു് അനുതാപവും അനുകമ്പയും ഇക്കാലത്ത് വളരെ വദ്ധിച്ചിട്ടുണ്ടെന്നാണല്ലൊ വച്ചിട്ടുള്ളത്. ഉള്ളലിഞ്ഞും കയ്യഴച്ചും അവരെ സഹായിച്ച് ഉയത്തിക്കൊണ്ടുവരണമെന്ന ഭാവം സാവ്വത്രികമായിക്കാണുന്നുണ്ട്. രാഷ്ട്രീയനയങ്ങളിലും പരിഷ്കരണപരിശ്രമങ്ങളിലും, സാഹിത്യപ്രസ്ഥാനങ്ങളിലും, മററം മററം പാവങ്ങാംക്ക് ഒരു നല്ല സ്ഥാനം കൊടുത്തുവരുന്നുമുണ്ടു്. ഈ മഹാദാക്ഷിണ്യം കാണിക്കുന്നവരോടെല്ലാം എല്ലാവക്കും അളവററ കൃതജ്ഞതയുണ്ടു്. അക്കൂട്ടത്തിൽപെട്ട ഒരു പാവത്തെ–ദയനീയാവസ്ഥയുടെ അങ്ങേ അററത്തോളമെത്തി നിരാശ്രയമായിക്കഴങ്ങുന്ന ധമ്മത്തെ–മാത്രം ആരും കാണുന്നില്ലല്ലോ. പടിവാതില്ക്കൽ കണ്ടനിമിഷത്തിൽതന്നെ, അകത്തേക്കു കാലെടുത്തുകുത്തുവാനനുവദിക്കാതെ “പേ! പോ!” എന്നു് വിലക്കിയോടിക്കപ്പെടുന്ന ‘ധമ്മക്കാര’ൻേറതിനേക്കാളധികം ശോചനീയമായിട്ടുണ്ടു് ഇന്നു് ധമ്മത്തിൻെറ നില. ഊഴിയിലൊരു കാലൂന്നുവാൻപോലുമിടംകിട്ടാതെ വലയുകയാണു് ആ സാധു. പാവങ്ങളുടെ പാരവശ്യം പരിഹരിക്കുവാൻ ബദ്ധകങ്കണരായ മഹാമനസ്സുരുടെ കരുണാകടാക്ഷം ആ പാവത്തിൻമാത്രം പതിയാത്തതു് മഹാ കഷ്ടമല്ലേ! ഇന്നു് ഇരിപ്പിടവും രക്ഷിതാവുമില്ലാതായിട്ടുണ്ടെങ്കിലും, ആയുബ്ബലമുണ്ടെങ്കിൽ നല്ല കാലം വരുമ്പോഠം സുഖിക്കാമെന്നും, ഇവരുടെ കണ്ണിൽപെട്ടാൽ ആയുസ്സിനു തന്നെ അപായം വന്നേക്കുമെന്നും കരുതി ഈ പാവം ആ മഹാന്മാരുടെ കണ്ണോട്ടന്ന വഴിയിൽനിന്നു് ഒളിച്ചുമാറുകയാണെങ്കിൽ കലികൃതമായ കഷ്ടകാലം തീരുന്നതുവരെ ഒററവിരലിൽനിന്നുകൊണ്ടു തപസ്സുതന്നെ ചെയ്യട്ടെ!

—പണ്ഡിതരാജൻ, കെ. അച്യുതപൊതുവാഠം.

# നിത്യകർമ്മങ്ങൾ

മനുഷ്യന്റെ ജീവിതത്തിൽ ഒരു ക്രമീകരണവും അച്ചടക്കവുമുണ്ടാകുന്നതുമൂലം ജീവിതമാർഗ്ഗം ഏററവും സുഭഗവും ശോഭാവഹവുമായിത്തീരുമെന്നതിൽ രണ്ടഭിപ്രായത്തിന്നവകാശമില്ല. വിവിധങ്ങളായ ജീവിതവ്യാപാരങ്ങളേയും കർത്തവ്യങ്ങളേയും ഒരു പൌർവ്വാപര്യക്രമമനുസരിച്ചു അനുഷ്ഠിക്കുന്ന ഒരു വ്യവസ്ഥിതിയാണല്ലോ ദിനചര്യയെന്നറിയപ്പെടുന്നതു്. ധർമ്മശാസ്ത്രങ്ങളിൽ നിരന്തരമായി പ്രതിപാദിച്ചുകാണുന്ന നിത്യകർമ്മാനുഷ്ഠാനത്തെയും ദിനചര്യയുടെ ഒരു ഭാഗമായിത്തന്നെ ഗണിക്കേണ്ടിയിരിക്കുന്നു. രാത്രിയുടെ അന്തിമയാമാരംഭത്തിൽ, അതായതു് ഏഴര വെളുപ്പുള്ളപ്പോൾ മുതൽ ഒരു ഹിന്ദുവിന്റെ ദിനചര്യ തുടങ്ങുകയായി. ഈ സമയമാണ് ബ്രാഹ്മമുഹൂർത്തം. ഈശ്വരധ്യാനത്തിന്നു ഈ ഉഷഃകാലയാമംപോലെ പററിയ സമയം മറെറാന്നില്ലെന്നു മുനിമാർ അനുശാസിച്ചിട്ടുള്ളതാണ്.

ബ്രാഹ്മെ മുഹൂർത്തെ ഉത്ഥായ ധർമ്മം അർത്ഥഞ്ച ചിന്തയേൽ
കായക്ലേശം തദുത്ഭൂതം ധ്യായേത മനസേശ്വരം'' എന്നാണ് വ്യാസവചനം. യമമുഖദർശനം കൂടാതെ കഴിക്കണമെന്നുണ്ടെങ്കിൽ

യഃ ഇച്ഛേൽ ശാശ്വതീം സിദ്ധിം യമസ്യാദർശനം തഥാ
സതതം തേന കർത്തവ്യോ ബ്രാഹ്മെ കാലെ പ്രജാഗരഃ'' എന്നീവിധം ബ്രാഹ്മമുഹൂർത്തജാഗരണശീലം പാലിക്കണമെന്നു സ്മൃതിരത്നാവലീകാരൻ ഉൽബോധിപ്പിക്കുന്നു. അതിൽ അജാഗ്രത കാണിച്ചാലുള്ള ദോഷവും അദ്ദേഹം കയ്യോടെ ചൂണ്ടിക്കാണിക്കുന്നതു നോക്കുക:

ബ്രാഹ്മേ കാലേ തു യാ നിദ്രാ സാപുണ്യക്ഷയകാരിണീ
തൽ മുഹൂർത്തേ തു സംവേത ശയനം യത്ര ദമ്പതീ
ശ്മശാനതുല്യം തദ്വേശ്മ പിതൃഭിഃ പരിവർജ്ജ്യതേ.

ഏതാണ് ഈ ബ്രാഹ്മമുഹൂർത്തം എന്നു് വ്യക്തമായറിയാതെ അലാറം തിരിച്ചുവെക്കുന്നതെങ്ങിനായാണ്? ശരിതന്നെ. ആയതിന്നു ചന്ദ്രികാകാരന്റെ ലക്ഷണം കേൾക്കുക:—

സൂര്യസ്യോദയതഃ പൂർവ്വോ മുഹൂർത്തോ ഘടികാദ്വയം
ബ്രാഹ്മോ മുഹൂർത്തഃ തൽപൂർവ്വഃ മുഹൂർത്തോ ഘടികാദ്വയം.

മുഹൂർത്തമെന്നാൽ രണ്ടു നാഴികയാണ്. ഉദയത്തിന്നു തൊട്ടുമുമ്പ് രണ്ടു നാഴിക രൌദ്രമുഹൂർത്തമാണ്. അതിന്നും മുമ്പുള്ള രണ്ടു നാഴികയത്രെ ബ്രഹ്മമുഹൂർത്തം.

ദിവസവും കാലത്തു 4 മണിക്കെഴുന്നീററാൽ ധാരാളമായി. പക്ഷെ വിഷമം അവിടെയല്ല നിദ്രാസുഖം മുരകുന്ന സമയമാണപ്പോഠം. അതിനെന്തു നിവൃത്തി? നമ്മുടെ നിദ്രാലസ്യം കുറച്ചെങ്കിലും നിയന്ത്രിക്കാനുള്ള പൌരുഷം നമുക്കില്ലെന്നുവന്നാൽ അതു ശോചനീയംതന്നെ.

ജാഗരണത്തിന്നുശേഷം "നാമാന്യുച്ചാരയേൽ ഉച്ചൈഃ തതോഗച്ഛേൽ ജലാശയം" എന്നു സ്മൃത്യത്ഥസാരകാരൻ പറയുന്നു. ഉറക്കെ ഈശ്വരനാമം ചൊല്ലി സ്നാനാത്ഥം ജലാശയത്തിലേക്കു പോകണം. അതിന്നുമുമ്പായി നല്ല നല്ല വിഷയങ്ങളെ കണി കാണണമെന്ന കാത്യായനവചനവും കാണുക

ശ്രോത്രിയം സുഭഗം ഗാം ച അഗ്നിം അഗ്നിചിതം തഥാ
പ്രാതരുത്ഥായ യഃ പശ്യേൽ അഹൽഭ്യഃ സപ്രമുച്യതേ.

വേദജ്ഞൻ, സുന്ദരൻ, പശു, വഹ്നി, അഗ്നിഹോത്രി എന്നിവരെ കണി കണ്ടാൽ അന്നേ ദിവസം വരാവുന്ന ആപത്തിൽനിന്നു മോചനം ലഭിക്കും. ഈ നിദ്ദേശങ്ങഠംക്കു നിമിത്തശാസ്ത്രവുമായി ബന്ധമുള്ളതിനാൽ അവഗണിക്കുന്നതും അപഹസിക്കുന്നതും സൂക്ഷിച്ചുവേണം. കഴുതയേയും കുറുക്കനേയും കണി കണ്ടാൽ ഫലം ഒന്നാവുമെന്നു കരുതേണ്ട. വെണ്ണീറും വിറകെണ്ണയും ഇത്യാദി യാത്രാമുഖത്തിലെന്നല്ല ദിനമുഖത്തിലും ശോഭനമാകയില്ല.

കപിലാം ദപ്പണം ഭാനും ഭാഗ്യവന്തം ച ഭൂപപതിം
ആചാൎയ്യമന്നദാതാരം പ്രാതഃ പശ്യേൽ പതിവ്രതാം.

കറുത്ത പശു, കണ്ണാടി, സൂൎയ്യൻ, ഭാഗ്യവാൻ, രാജാവു്, ആചാൎയ്യൻ, അന്നദാതാവു്, പതിവ്രത എന്നിവരെ കണി കണ്ടാലും മതി.

പിന്നെ " ഉത്തിഷ്ഠോത്തിഷ്ഠ ഗോവിന്ദ ഉത്ഥിഷ്ഠ ഗരുഡദ്ധ്വജഃ
ഉത്തിഷ്ഠ കമലാകാന്ത ത്രൈലോക്യം മംഗളം കുരു" എന്നു ലോകത്തിന്നാകെ ശുഭകാമത നേരുക. അതോടൊപ്പം

അഹല്യാ ദ്രൌപതീ സീതാ താരാമണ്ഡോദരീ തഥാ
പഞ്ചകന്യാ സ്മരേൽ നിത്യം സവ്പാപ വിനാശനം" എന്നീവിധം പഞ്ചവീരരമണികളെ അനുസ്മരിക്കുന്നതു നന്നു. തുടന്നു്

കാൎക്കോടകസ്യ നാഗസ്യ ദമയന്ത്യാഃ നള സ്യ ച
ഋതുപൎണ്ണസ്യ രാജഷേഃ കീൎത്തനം കലിനാശനം" എന്ന നളകഥാനുകീൎത്തനവുമാവാം.

അയോദ്ധ്യാ മധുരാ മായാ കാശീ കാഞ്ചീ അവന്തികാ
പുരീ ദ്വാരവതീ ചൈവ സപ്തൈതേ മോക്ഷദായകാ"

അതെ പ്രസ്തുത പുണ്യസ്ഥലങ്ങളെ രോമാഞ്ചപൂർവ്വമല്ലാതെ ഓൎമ്മിക്കുവാനൊക്കുമോ ഒരു ഹിന്ദുവിന്നു് അതുപോലെ

ഗോകൎണ്ണസേതുഹിമവൽപ്രയാഗൌകാശ്മീരസോമേശ്വരവിഷ്ണുപാദൌ
ശ്രീരംഗകേദാരഅനന്തകന്യേസ്വാമിൻകുരുക്ഷേത്രസദാനമസ്തേ.

എന്നും പ്രാൎത്ഥിക്കാം. പടിഞ്ഞാറ് സോമനാഥംതൊട്ട് കിഴക്ക് ഗയ വരേയും വടക്ക് കാശ്മീരം തുടങ്ങി തെക്ക് കന്യാകുമാരി വരേയും നമുക്ക് പുണ്യക്ഷേത്രങ്ങളെയുള്ളു.

മായാപുരം പഞ്ചവടീ പുരാണം രാഗസാജ്ഞിതം
ശ്രീലാസ്യ വെങ്കിടാദ്രിശ്ച സാളഗ്രാമംച നൈമിശാ. മംഗളസ്തോത്രമാലയാവാം പിന്നെ. സാഗരത്തിരമാലയാകുന്ന പച്ച പൂഞ്ചേലയണിഞ്ഞവളും പൎവ്വതങ്ങളാകുന്ന ഉന്നത സ്തനഭരങ്ങളോടുകൂടിയവളുമായി ഭൂദേവിയെ വണങ്ങുക

സമുദ്രവസനേ ദേവി പർവതസ്തന മണ്ഡിതേ
വിഷ്ണുപത്നി നമസ്തുഭ്യം പാദസ്പൎശം ക്ഷമസ്വമെ.
മൂത്രവിഷ്ടകഫോൽസൎഗ്ഗ മപരാധം ക്ഷമസ്വമെ.

അല്ലയോ ഭൂമാതാവെ, എൻെറ പാദതാഡനം, മലമൂത്രാദിവിസൎജ്ജനം എന്നീ പാപകൎമ്മങ്ങളെ പൊറുക്കണമെ. ഹിന്ദുവിന്നു കണ്ടതെല്ലാം ദേവതാമയമാണല്ലൊ. അപ്പോൾ ഭൂമിയോടെങ്ങിനെ മാപ്പിരക്കാതിരിക്കും ? മകൻെറ വിക്രിയകളെ പൊറുക്കാനുള്ള കടമ അമ്മക്കുണ്ടല്ലൊ. ഇനിമലമൂത്രവിസൎജ്ജനീയവിധിയിൽ ആംഗിരസ്സിങ്ങിനെ പറയുന്നു.

“ അന്തർധായതൃണൈഃ ഭൂമീം ശിരഃ പ്രാവൃത്യ വാസസാ
വാചംനിയമ്യ യത്നേന ഷ്ഠീവനോ ച്ഛ്വാസവൎജ്ജിതഃ
കുൎയ്യാന്മൂത്രപുരീഷേതു ശുചൌദേശേ സമാഹിതഃ ”

ഭൂമിയെ പുല്ലൊ ഇലയൊകൊണ്ടു് മൂടി, തലമുണ്ടുകൊണ്ടു് മൂടിക്കെട്ടി സംസാരിക്കുകയും തുപ്പുകയും ദീൎഘശ്വാസംപോലും വിടുകയും ചെയ്യാതെ മലമൂത്രവിസൎജ്ജനം ചെയ്യണം. പിന്നെ പൎണ്ണലോഷ്ടാദികളെക്കൊണ്ടു് ആ മലം മൂടുകയും വേണമെന്നു് മനുവും ശാസിക്കുന്നു. ഇങ്ങിനെ ശുചീകരണത്തിൻെറയും ആരോഗ്യനിയമങ്ങളുടേയും പല പ്രഥമപാഠങ്ങളും നമുക്കു സാനിട്ടറി വകുപ്പുകാൎക്കുപോലും സ്മൃതികാരന്മാരിൽനിന്നും ഗ്രഹിപ്പാനുണ്ടാകും. ഇതുപോലെ ഇനിയും പലതും

“ പ്രത്യാദിത്യം നമേഹേത നപശ്യേൽ അത്മനഃ കച്ചിൽ ”

ആദിത്യനുനേരെ തിരിഞ്ഞു വിസർജ്ജനമരുതു്. സ്വന്തം മലം കാണുകയുമരുതു.

"ന മൂത്രം പഥികുർവ്വീത ന ഭസ്മനി ന ഗോവ്രജേ.
വഹ്നിഗ്നി വിപ്രമാദിത്യം അപഃ പശ്യൻ തഥൈവ ഗാം".

വഴിയിൽ മൂത്രമൊഴിക്കരുത്. അതുപോലെ ഭസ്മത്തിലും തൊഴുത്തിലും സ്ത്രീ, വഹ്നി, സൂര്യൻ, ജലം, പശു, എന്നിവക്കഭിമുഖമായും അരുത്. ഇത് ഇന്നത്തെ പരിഷ്കാരികളായ യുവജനങ്ങൾക്ക് ബാധകമാക്കുവാൻ പ്രയാസമുണ്ട്, അഭ്യസ്തരും മുതിർന്നവരും കാളേജുകാരും സ്കൂൾപിള്ളേരുമെല്ലാംതന്നെ വഴിയരികെ കാലകത്തിനിന്ന് നില്പിൽതന്നെ മുള്ളുവാൻ ഇഷ്ടപ്പെടുന്നവരുമാണ്; എതിരെ ആരുവന്നാലും കൊള്ളാം.

അനന്തരം ദന്തധാവന വിധിയാണ്

"ആചമ്യ പ്രാങ്മുഖസ്ഥിതഃ ദന്തധാവനമാചരേൽ".

മുള്ളുള്ള വൃക്ഷങ്ങളുടെ കൊമ്പുകളെല്ലാംതന്നെ നല്ലതെന്നാണ് മാർക്കണ്ഡേയപക്ഷം. അത്തി, ഇത്തി, ചെത്തി, പേരാല്, മാവ്, പിലാവ് ഇങ്ങിനെ ഓരോ തരം ശാഖകൾകൊണ്ട് ദന്തധാവനം ശീലിച്ചാലുള്ള വിവിധഗുണസൌഭാഗ്യങ്ങളെപ്പററിയും അദ്ദേഹം വിസ്തരിക്കുന്നുണ്ട്. ചില വിശേഷ ദിവസങ്ങളിലും അവസരങ്ങളിലും ദന്തകാഷ്ഠം ഉപയോഗിക്കരുത്.

"പ്രതിപൽ പർവ്വ ഷഷ്ഠീഷു ചതുർദ്ദശ്യഷ്ടമീഷു ച
നവമ്യാം ഭാനുവാരേ ച ദന്തകാഷ്ഠം വിവർജ്ജയേൽ.
ശ്രാദ്ധേ യജ്ഞേ ച നിയമേ പത്ന്യൌ ച പ്രോഷിതേസതി
രവിവാരേ ച സംക്രാന്തൌ നന്ദഭൂതാഷ്ടപർവ്വസു".

ഗ്രഹണസംക്രമാദി ദിനങ്ങളിലും ദന്തകാഷ്ഠം ഉപയോഗിക്കരുത്. ആ ദിവസങ്ങളിൽ പന്ത്രണ്ടുതവണ കുലുക്കുഴിഞ്ഞാൽ മതി. ദന്തകാഷ്ഠം കിട്ടിയില്ലെങ്കിലും അങ്ങിനെ ചെയ്യാം.

ഇനി നിത്യസ്നാനത്തിൻെറ കാര്യമാണ്. നിത്യസ്നാനം ഹിന്ദുവിൻെറ ഒരു വിശേഷഗുണമായിത്തന്നെ കരുതണം. സ്നാനംചെയ്യാതെ ഒരു നിത്യകർമ്മവുമില്ല ഹിന്ദുവിന്ന്. സ്നാനം പഞ്ചവിധം പ്രോക്തം. അതിൽ ജലസ്നാനം തന്നെ ഉത്തമം. തുളസീഗോമൃത്തിക തേച്ചാൽ മൃത്തികാസ്നാനമായി. സർവാംഗഭസ്മാലേപനം ആഗ്നേയസ്നാനം. പശുവിൻെറ കുളമ്പടിപ്പൊടിയേററുകൊള്ളുന്ന ഗോധൂളിമജ്ജനം തന്നെ വായവീയസ്നാനം. ഇന്നതിന്നു പകരം നാമെല്ലാവരും ബസ്സിൻെറയും കാറിൻെറയും പരക്കംപാച്ചിൽമൂലം റോഡിൽ ഉയരുന്ന പൊടിപ്പടലത്തിൽ മുങ്ങി താമ്രധൂളീസ്നാനം നിയമേന ശീലിക്കുവാൻ

തക്ക ഭാഗ്യമുള്ളവരായിത്തീന്നിരിക്കുന്നു! ജലഗംഗയിൽ വരുണസ്സ്നാനം. ഉഷസ്സിലെ ചെന്ന് തീൎത്ഥരാജനെ വന്ദിക്കണം.

ഗംഗേച യമുനേ ചൈവ ഗോദാവരി സരസ്വതി
നൎമ്മദേസിന്ധു കാവേരി ജലേസ്മിൻ സന്നിധം കുരു.

ഹിന്ദുവിന്നു ഭാരതത്തിലെ നദികളെല്ലാംതന്നെ അവൻെറ ശരീരനാഡിഞരമ്പുകളെപ്പോലെ പ്രിയതരങ്ങളാണ്. സപ്തസിന്ധുകളേയും വന്ദിച്ച് പിന്നെ ജലത്തിലിറങ്ങി നദീസ്തോത്രമാലതന്നെ ഉരുക്കഴിക്കയായി.

"ഭാഗീരഥീ വാരാണസീ യമുനാ ച സരസ്വതീ
ഫൽഗുനീ ശോണഭദ്രാ ച നൎമ്മദാ ഗണ്ഡകീതഥാ
മണികൎണ്ണികാ ഗോമതീ പ്രയാഗീച പുനഃ പുനീ
നേത്രാവതീ വേദവതീ സുദ്യോതീ കനകാവതീ
താമ്രപൎണ്ണീ ഭരദ്വാജാ ശ്വേതാ രാമേശ്വരീ കുശാ
കമണ്ഡലു ധനുഷ്കോടീ സരയൂ പൎണ്ണിനീ തഥാ"

എന്നീവിധം നദിയുടെ ഭൂമിശാസ്ത്രസ്തോത്രം അങ്ങിനെ പദ്യമയമായി ഒലിച്ചുപോകുന്നു. ഹിന്ദുവിൻെറ ദൃഷ്ടിയിൽ ഈ നദീദേവതകളത്രേ ഭാരതഭൂമിയെ പുണ്യഭൂമിയെന്നല്ല, കൃഷിഭൂമിയും കൎമ്മഭൂമിയുമാക്കി മാററിയിരിക്കുന്നത്.

"നദീഷു ദേവഖാതേഷു തടാകേഷുസരസ്സു ച
സ്നാനം സമാചരേന്നിത്യം ഗൎത്തപ്രസ്രവണേഷു ച".

അടുത്തു നദിയുണ്ടെങ്കിൽ മററു ജലാശയത്തിൽ കുളിക്കരുത്. അല്പജലത്തിലും കൽത്തൊട്ടിയിലും മററും സ്നാനം വിഹിതമല്ല. "അസ്നാതാശീ മലംഭുങ്ക്തേ" കുളിക്കാത്തവൻ ഭക്ഷിക്കുന്നത് അമേദ്ധ്യതുല്യമായിക്കരുതണം.

"ന സ്നായാൽ സഹമൂർഖേണ നസ്ത്രീഭിഃ ന ച നാസ്തികൈഃ
ന പാഷണ്ഡൈശ്ച ബാലൈശ്ച ന രോഗാ ശുചിഭിഃ നരൈഃ"

മൂർഖൻ, സ്ത്രീ, ബാലൻ, രോഗി എന്നിവരോടൊപ്പം കുളിക്കരുത്.

"നദ്യാം രജകതീൎത്ഥന്തു ദശഹസ്തേന വർജയേൽ"

വെളുത്തേടൻെറ അലക്കുകടവിൽനിന്നു പത്തു വാര അകലെ ചെന്നേ കുളിക്കാവൂ. സ്മൃതികാരന്മാരുടെ ശുചിത്വനിയമങ്ങൾ പരിഷ്കാരാഭിമാനികളായ ഇന്നത്തെ തലമുറക്കാൎക്കെല്ലാം തികച്ചും ആദരണീയങ്ങളല്ലെ എന്നു് ഒന്നാലോചിക്കുന്നത് നന്ന്. ജലത്തിൽ മുത്തി മൂന്നുവട്ടം മന്ത്രവ്യാഹൃതിപുരസ്സരം അഘമൎഷണംചൊല്ലി കുളിച്ചാൽ അവഭൃതസ്നാനതുല്യമായി. അനന്തരം ജപവിധിയെപററി ചിന്തിക്കാം.

"അഹോരാത്രസ്യ യാ സന്ധ്യാ സൂൎയ്യനക്ഷത്രവൎജിതാ
സാതു സന്ധ്യാ സമാഖ്യാതാ മുനിഭിഃ തത്വദൎശിഭിഃ

രാത്രിയും പകലും തമ്മിൽ ചേരുന്ന സന്ധിക്കു സന്ധ്യയെന്നു പറയുന്നു. കാലത്തു സൂൎയ്യോദയത്തിന്നു മുമ്പും സായം നക്ഷത്രം കാണാകുന്നതിന്നു മുമ്പും ഉള്ള കാലമാണ് ശരിയായ സന്ധ്യാസമയം.

"നിത്യം സന്ധ്യാമുപാസീത, നാസ്തഗേ നോൽഗതേരവൌ" എന്നതുചേൎത്ത സന്ധ്യാകാലലക്ഷണത്തെ യാജ്ഞവല്ക്യനും ശരിവെക്കുന്നു. സന്ധ്യാകാലനിൎണ്ണയത്തെപററി സംവൎത്തന്റെ അഭിപ്രായം അല്പം വ്യത്യസ്തമാണ്.

"പ്രാതഃ സന്ധ്യാം സനക്ഷത്രാം ഉപാസീത യഥാവിധി
സാദിത്യാം പശ്ചിമാം സന്ധ്യാം അൎദ്ധാസ്തമിതഭാസ്കരാം.
ഉത്തമാ തു സനക്ഷത്രാ മദ്ധ്യമാ ലുപ്തതാരകാ
അധമാ സൂൎയ്യ സഹിതാ പ്രാതസ്സന്ധ്യാ ത്രിധാമതാ"

നക്ഷത്രത്തോടുകൂടിയ പ്രാതസ്സന്ധ്യയാണുത്തമം. ലുപ്തതാരകമായാൽ മദ്ധ്യമ സന്ധ്യ സൂൎയ്യോദയത്തോടുകൂടി പ്രാതസന്ധ്യ അതിലും താഴെയാണ്. ഇതിന്റെ പ്രതിലോമ ക്രമത്തിൽ സായം സന്ധ്യയും മൂന്നുവിധമുണ്ടെന്ന് പറയേണ്ടതില്ലല്ലൊ.

"ഉത്തമാ സൂൎയ്യസഹിതാ മദ്ധ്യമാ സൂൎയ്യവൎജ്ജിതാ
അധമാ താരകോപേതാ സായം സന്ധ്യാ ത്രിധാമതാ"

ദക്ഷഗ്രന്ഥാദികൾ ഒന്നുകൂടി സന്ധ്യാമുഹൂൎത്തത്തെ നിൎവ്വചിക്കുന്നതിവിധമാണ്.

ഈഷദ്രവികരഃ പ്രാച്യാം യദാപശ്യേത്തദാദിതഃ
ദൎശനാദ്രവിരേഖായാഃ സന്ധ്യാകാലഃ പ്രകീൎത്തിതഃ

ദിനകരന്റെ ചെങ്കതിരൊളി വീശുന്നതിന്നുമുമ്പ് തൊട്ട് ആ തങ്കരേഖ കാണാറാവുന്നതുവരെയുള്ള സമയമത്രെ പ്രാതഃ സന്ധ്യ. അതാണ് ശരിയായ അൎഘ്യപ്രദാനമുഹൂൎത്തം.

"കരാഭ്യാം തോയമാദായ ഗായത്ര്യാ ചാഭിമന്ത്രിതം
ആദിത്യാഭിമുഖസ്തിഷ്ഠൻ ത്രിരൂൎദ്ധ്വമഥ ചോൽക്ഷിപേൽ.
സൂൎയ്യായ വൈ ഗായത്ര്യാ ത്രിസന്ധ്യാസു ജലം ക്ഷിപേൽ"

ഉഷസ്സ്, മദ്ധ്യാഹ്നം, സായംകാലം എന്നീ ത്രിസന്ധ്യകളിലും അഞ്ജലിപുടത്തിൽ ജലമെടുത്ത് പ്രണവവ്യാഹൃതിപുരസ്സരം ഗായത്രീമന്ത്രം ജപിച്ച് ആ ജലത്തെ ഗോശൃംഗത്തോളം ഊൎദ്ധ്വമുഖമായി ഉൽക്ഷേപിക്കണം. പിന്നെ ക

ളിൽ ജലമെടുത്തു പ്രദക്ഷിണമായി തിരിഞ്ഞ് ദേവകളേയും പിതൃക്കളേയും ഋഷികളേയും തൎപ്പിക്കണം. 'നദ്യഃ തൃപ്യന്തു ഗിരയഃ തൃപ്യന്തു' etc. എന്തെന്നാൽ

സ്നാനാൎത്ഥമഭിഗച്ഛന്തം ദേവാഃ പിതൃഗണൈസ്സഹ
വായുഭൂതാസ്തു ഗച്ഛന്തി തൃഷ്ണാൎത്താഃ സലിലാൎത്ഥിനഃ

എന്ന വരിയിൽ സൂചിപ്പിച്ചമാതിരി ദേവപിതൃഗണങ്ങൾ വായുരൂപികളായി സ്നാനത്തിന്നായി ഗമിക്കുന്നദ്വിജസത്തമനെ ജലതൃഷ്ണയോടെ അനുഗമിക്കുന്നുണ്ടത്രെ. പിന്നെ മുണ്ടുമടക്കി പിഴിഞ്ഞവെള്ളംകൊണ്ട്

"യെ ചാസ്മൽ കുലെജാതാഃ അപുത്രാഗോത്രിണാഃ മൃതാഃ
തെഗൃഹ്ണന്തു മയാദത്തം വസ്ത്രനിഷ്പീഡിതോദകം" എന്ന മന്ത്രം ചൊല്ലി പിതൃക്കളേയും തൎപ്പിക്കണം. ഇങ്ങിനെ

"കാമാല്ലോഭാൽ ഭയാൽ മോഹാൽ സന്ധ്യാം നാതിക്രമേൽ ദ്വിജഃ"

എന്ന് താക്കീതുചെയ്യപ്പെട്ടിരിക്കുന്നു. ഇനി ജപത്തിന്നായി തിരഞ്ഞെടുക്കേണ്ടുന്ന സ്ഥാനത്തെപ്പററി:-

"സൂൎയ്യസ്യാഗ്നേഃ ഗുരോരിന്ദോഃ ദീപസ്യ ചകുശസ്യ ച
അശ്വത്ഥവില്വതുളസീവനെപുഷ്പവനാവൃതെ
സിദ്ധക്ഷേത്രേഷു തീൎത്ഥേഷു ദേവതാനാം ച സന്നിധൌ
വിപ്രാണാം ച ഗവാം ചൈവ സന്നിധൌ ശസ്യതേജപഃ

എന്ന് പറഞ്ഞുകാണുന്നു. സൂൎയ്യചന്ദ്രാഗ്നി ഗുരുഃ ക്ഷേത്രവില്വദീപകുശതുളസീസമീപത്തിങ്കൽ ജപസ്ഥാനം സ്വീകരിക്കുന്നതു ഉത്തമമാവും.

"പൃത്ഥ്വിത്വയാ ധൃതാലോകാ ദേവിത്വം വിഷ്ണുനാധൃതാ
ത്വം ച ധാരയ മാം ദേവി പവിത്രം കുരു ചാസനം"

ഹെ ഭൂദേവി, ചരാചരങ്ങളെ നീ വഹിക്കുന്നു, വിഷ്ണു നിന്നേയും വഹിക്കുന്നു. അപ്രകാരമിരിക്കുന്ന ദേവി എന്നെ വഹിച്ചു ആസനപരിശുദ്ധിയേകിയാലും എന്ന് ഭൂമാതാവിനെ വണങ്ങി ആസനപരിഗ്രഹം ചെയ്യുക. ഇനി ആസനവിരിപ്പുകളെപ്പററിയും അറിയേണ്ടതാവശ്യമാണ്.

"കുശാജിനാംബരൈഃ ദൎവ്വീ കാരയേദാസനം ബുധഃ
വംശേഷ്ടകാശ്മധരണീ തൃണ പല്ലവനിൎമ്മിതം
വൎജ്ജയേദാസനം ധീമാൻ ദാരിദ്ര്യവ്യാധിദുഃഖദം
സൎവ്വസിദ്ധ്യൈ വ്യാഘ്രചൎമ്മ ജ്ഞാനസിദ്ധ്യൈ മൃഗാജിനം
വസ്ത്രാസനം രോഗഹരം കാംബളം ശ്രീകരം പരം"

ദൎഭപ്പുല്ല്, മൃഗചൎമ്മം, വസ്ത്രം, മരപ്പലക എന്ന നാലുതരം ആസനങ്ങളാകാം.

പുലിത്തോല് സർവ്വസിദ്ധിപ്രദമാണെങ്കിൽ മൃഗാജിനം (മാൻതോൽ) ജ്ഞാനസിദ്ധികരമത്രെ. വസ്ത്രാസനം രോഗഹരവും കമ്പളി മുതലായ രോമവിരിപ്പ് ശ്രീകരവുമാണ്. മുള, ഇഷ്ടക, കല്ല്, നിലം, പുല്ല്, ഇല എന്നിത്യാദി രോഗദാരിദ്ര്യകാരണങ്ങളാകയാൽ വർജ്ജിക്കയാണ് ഭേദം.

ഇനി ജപസ്ഥിതിയെപ്പററി പറകയാണെങ്കിൽ

"വീരാസനം സ്വസ്തികം വാ ബദ്ധ്വാന്യതരമാസനം
പദ്മം വാ മുക്തകം വാപി ബദ്ധ്വാ ജപമിഹാചരേൽ"

എന്നീവിധം സുഖസൌകര്യ്യകരമായ ഏതെങ്കിലും ഒരാസനത്തില ജപത്തിന്നായംഗീകരിക്കേണ്ടതുണ്ട്. ഹഠയോഗശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്ന ബഹുവിധാസനങ്ങളേയും അതേപടി ഇവിടെ ഉദ്ധരിക്കാൻ തുടങ്ങിയാൽ വിഷയം നീണ്ടുപോകും. യോഗാസനക്രമം ഒരു പ്രത്യേക ശാസ്ത്രമാണെന്നു എവക്കുമറിയാമല്ലൊ.

ഇങ്ങിനെ ജപത്തിന്നുള്ള സ്ഥാനം, വിരി, ഇരിപ്പ് എന്നിവ വിവേകാനുസാരം സ്വീകരിച്ച് ത്രിസന്ധ്യകളിലും പ്രണവവ്യാഹൃതിപുരസ്സരം നൂററെട്ടോ അതിലധികമോ യഥാശക്തി ഗായത്രീമഹാമന്ത്രം ജപിച്ചു സിദ്ധിവരുത്തുന്നതാണ് ഒരു ദ്വിജൻെറ മുഖ്യധമ്മം. പ്രണവസഹിതഗായത്രീപ്രശംസയെപററി വിസ്തരഭയത്താൽ ഇവിടെ പ്രതിപാദിക്കാൻ തുനിയുന്നില്ല.



ബ്ര. വിശ്വനാഥശർമ്മ

"സഹസ്രപരമാം ദേവീം ശതമദ്ധ്യാം ദശാവരാം
ഗായത്രീംതു ജപേന്നിത്യം സർവ്വപാപ പ്രണാശിനീം
ഗായന്തം ത്രായതേ യസ്മാൽ ഗായത്രീത്വം തതഃസ്മൃതം"

ഗായത്രിയുടെ അത്ഥവും മഹാത്മ്യവും അത്യന്തം വിപുലമാകയാൽ ആ ദിവ്യമന്ത്രത്തിൻെറ രത്നച്ചുരുക്കം മാത്രം ചുവടെ ചേക്കാം.

" അല്ലയൊ സൂൎയ്യഭഗവൻ, പാപതമോനാശകമായ അങ്ങയുടെ തേജസ്സിനെ ധ്യാനിക്കുന്നതുമൂലം ഞങ്ങളുടെ ബുദ്ധിക്ക് വെളിച്ചവും വിവേകപ്രചോദനയും ലഭിക്കുമാറാകേണമെ " എത്രയും ലളിതസുഭഗവും ഏദയമോഹനവുമായ ഈ ഗായത്രിയോടൊപ്പം നില്ക്കാവുന്ന മററൊരു പ്രാൎത്ഥനാമന്ത്രം മനുഷ്യരാശിക്കു ഇന്നേവരെ ലഭിച്ചിട്ടുണ്ടൊ എന്ന കാൎയ്യം അഭിജ്ഞന്മാർതന്നെ തീരുമാനിച്ചുകൊള്ളട്ടെ.

ജപരീതിയെപ്പററിയും രണ്ടു് വാക്ക്. മാനസം, ഉപാംശു, വാചികം, എന്നു് മൂന്നു തരത്തിലുണ്ടു് ജപം.

" ത്രിവിധോ ജപയജ്ഞഃ സ്യാൽ മാനസോപാംശു വാചികം
ഉത്തമം മാനസം ജപ്യം, ഉപാംശുഃ മദ്ധ്യമം സ്മൃതം".

എന്താണീ ഉത്തമമായി എണ്ണപ്പെടുന്ന മാനസംജപം ? വിശ്വാമിത്രൻ വിശദീകരിക്കുന്നു.

" ധിയാ യദക്ഷരശ്രേണ്യാ വൎണ്ണാദ്വൎണ്ണം പദാൽപദം
മന്ത്രാൎത്ഥ ചിന്തനം ഭൂയഃ കഥ്യതേ മാനസം ജപം"

മന്ത്രത്തിലെ അക്ഷരങ്ങളും പദങ്ങളും പദസന്ധി എന്നിവയെ ഇടവിടാതേയും നാക്കും ചുണ്ടും അനക്കാതേയും അകമെ അനുധ്യാനം ചെയ്യുന്ന മാനസജപം സിദ്ധികാമന്മാൎക്ക് വരേണ്യമാകുന്നു. അവനവന്നു കേൾക്കാവുംവിധം ജപിക്കുന്ന ഉപാംശുജപം മദ്ധ്യമം. ഉറക്കെ ഉച്ചരിക്കുന്നത് വാചികജപം. ഇതു മാരണോച്ചാടനാദികൎമ്മങ്ങളിൽ മാത്രം സ്വീകാൎയ്യമാണ്. ജപവേളയിൽ

" ന കമ്പയൽ ശിരോഗ്രീവം ദന്താന്നൈവ പ്രകാശയേൽ
ന ചാന്തരാ വ്യാഹരേത്തു വിരമേദ്വാ കദാചന " എന്ന കാൎയ്യം

ശ്രദ്ധേയമാകുന്നു. ജപത്തിന്നിരിക്കെ തലയും കഴുത്തും ഇളക്കുക, പല്ലും ചുണ്ടും കടിക്കുക സംസാരിക്കുക, തുടങ്ങിയ പ്രവൃത്തികൾ ജപസിദ്ധിപ്രതിബന്ധകങ്ങളാണെന്നു് താല്പൎയ്യം മന്ത്രം ജപമാലകൊണ്ടു് എണ്ണി ഉരുക്കഴിക്കണം. 'സംഖ്യാഹീനന്തു നിഷ്ഫലം' എന്നുണ്ടു്. നിന്നും നടന്നും മററു ജോലിയിലേൎപ്പെട്ടും ജപിക്കരുത്. " ജപേഷു ഗണനാ കാൎയ്യാ പവിത്രിൎവാക്ഷമാലയാ ". ഇതൊക്കെയെല്ലാം മനസ്സിരുത്തി ജപിച്ചാലുള്ള ഫലമോ ?

" മനസ്സന്തോഷണം ശൌചം മൌനം മന്ത്രാൎത്ഥ ചിന്തനം
അവ്യഗ്രത്വം അനിൎവ്വേദോ ജപ സമ്പത്തി ഹേതവഃ

പ്രസന്നത, ശുചിത്വം, മൌനം, അനിൎവ്വേദം, ഏകതാനത ഇവയെല്ലാം ജപസമ്പത്തിഹേതുക്കളത്രെ.

" ജകാരോ ജന്മ വിച്ഛേദഃ പകാരഃ പാപനാശനഃ
ജന്മകർമ്മ ഹരോ യസ്മാൽ തസ്മാൽ ജപ ഇതിസ്മൃതഃ "

ജന്മവും പാപവും അകററുന്നതിനാൽ 'ജപം' എന്നറിയപ്പെടുന്നു. അതുപോലെ

" മകാരോ മനഃ ഇത്യാഹുഃ ത്രകാരോ ത്രാണമുച്യതെ
മനസ്ത്രാണ സമായുക്തോ മന്ത്ര ഇത്യഭിധീയതെ "

മനസ്സിനെ ആപത്തിൽനിന്നും ത്രാണനം ചെയ്യുന്നത് മന്ത്രമെന്ന സംജ്ഞയാൽ വ്യവഹരിക്കപ്പെടുന്നു. ഒരു ഹിന്ദു ദിവസവും മൂന്നു സന്ധ്യകളും കളിച്ചു മുടക്കമില്ലാതെ അനുഷ്ഠിക്കേണ്ട ഒന്നാണ് ഈ മന്ത്രജപയജ്ഞം. സ്വാധ്യായ വേദപാഠനാദിരൂപമായ ഈ ജപയജ്ഞം ഋഷിമാരുടെ ദിനചര്യയിൽപ്പെട്ടതാകയാൽ ഋഷിയജ്ഞമെന്നും പറയും.

രണ്ടാമതായി സൂര്യനമസ്കാരഇഷ്ടദേവതാപൂജാഗ്നിഹോത്രഹോമാദിരൂപമായ ദേവയജ്ഞത്തെപ്പററി അല്പം പറയാം. കർമ്മസാക്ഷിയായ സൂര്യദേവന്നു സർവ്വോൽകൃഷ്ടമായ ഗണനയാണ് വൈദികാചാര്യന്മാർ കല്പിച്ചിട്ടുള്ളത്. സൂര്യനെ അധികരിച്ചുള്ള വേദത്തിലെ ചില ഋക്കുകൾ അർത്ഥവിചിന്തനത്തിൽ എത്രയും ഭാവനാസുഭഗങ്ങളാണെന്ന് സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല. നോക്കുക:—

" ഉദ്യന്നദ്യമിത്രമഹ ആരോഹന്നുത്തരാം ദിവം
ഹൃദ്രോഗം മമ സൂര്യ ഹരിമാണം ച നാശയ
ശുകേഷു മേ ഹരിമാണം രോപണാകാസു ദധ്മസി
അതോ ഹാരിദ്രവേഷു മേ ഹരിമാണം നിദധ്മസി "

" സ്വർഗ്ഗത്തിലേക്കുദിച്ചുയരുന്ന ഹേ സൂര്യഭഗവൻ! അങ്ങുന്ന് എൻെറ ഹൃദ്രോഗത്തെ നശിപ്പിക്കേണമെ! എൻെറ ശരീരത്തിലെ പീതിമാകാരമായ മഞ്ഞനിറത്തിലുള്ള വിളർച്ചയെ കിളികളുടെ ചിറകുകളിലേക്കും മരങ്ങളുടെ ഇലകളിലേക്കും സംക്രമിപ്പിച്ചാലും ". പ്രായാധിക്യത്താൽ രക്തപ്രസാദത്തിൻെറ കുറവുമൂലം മനുഷ്യദേഹത്തിൽ ദൃശ്യമാകുന്ന മഞ്ഞരാശിയിലുള്ള വിളർച്ച തത്തകളുടേയും കിളികളുടേയും ചിറകുകളിൽ പകർത്തിയാൽ അവയ്ക്ക് അഴകും നമുക്ക് സുഖവും ഏറിവരുമല്ലൊ. കവിതാചമൽകാരഭാസുരമായ ഈ അപേക്ഷയെ സൂര്യൻ എങ്ങിനെ കൈപ്പററാതിരിക്കും? സൂര്യരശ്മിയുടെ രോഗശമനശക്തിയെപ്പററി വൈദികാചാര്യന്മാർക്കുണ്ടായിരുന്ന വിജ്ഞാനവും വിശ്വാസവും ഈ വേദമന്ത്രങ്ങളിലും സൂര്യനമസ്കാരവിധിയിലും പ്രതിഫലിച്ചുകാണുന്നില്ലെന്ന് പറവാൻ ഇനി ആരെങ്കിലും ധൈര്യപ്പെടുമോ? "

പ്രതിമാസാളഗ്രാമാദിപൂജയാണിനിയത്തെ കരണീയം. വിഗ്രഹാരാധനാരൂപമായ പ്രതിമാപൂജയെ ഒരു അദ്ധ്യാത്മിക കലയായി ഉയൎത്തി വികസിപ്പിക്കുന്നതിൽ അത്ഭുതാവഹമായ ശ്രദ്ധാഭക്തിയും ശുഷ്കാന്തിയും പ്രദൎശിപ്പിച്ചുവരുന്ന ഒരു ജനവൎഗ്ഗം ഭൂമുഖത്തുണ്ടെങ്കിൽ അത് ഹിന്ദുജനത മാത്രമാകുന്നു എന്നു് ഇത്തരുണത്തിൽ എടുത്തുപറയാതെ നിവൃത്തിയില്ല. ഭാരതത്തിലെ പുണ്യക്ഷേത്രങ്ങളിലെ ആരാധനാരീതികളേയും പൂജാക്രമപരിപാടികളേയും ഒന്നു് കണ്ണോടിച്ചുനോക്കുവാൻ മിനക്കെടുന്ന ഏതൊരുത്തനും മേൽചേൎത്ത അഭിപ്രായത്തിൽ എത്തിച്ചേരുന്നതായിരിക്കും. സല്ക്കാരസപൎയ്യയാൽ ഏതൊരാളേയും പ്രസാദിപ്പിച്ച് വശഗനാക്കാവുന്നതുപോലെ ഷോഡശ ഉപചാര പൂജയാൽ ഇഷ്ടദേവത പ്രസാദിച്ച് ക്ഷേമൈശ്വൎയ്യങ്ങളെ ഗൃഹനാഥന്നു പ്രദാനം ചെയ്യുമെന്നതിൽ സംശയത്തിന്നവകാശമില്ലല്ലോ.

സഞ്ചിന്തയേൽ ഭഗവതശ്ചരണാരവിന്ദം
വജ്രാങ്കശധ്വജ സരോരുഹ ലാഞ്ഛനാഢ്യം
ഉത്തുംഗരക്തവിലസൽ നഖചക്രവാള
ജ്യോത്സ്നാഭിരാഹത മഹദ്ഹൃദയാന്ധകാരം ”

എന്നീവിധം ഭഗവൽപാദാരവിന്ദത്തെ വണങ്ങി, “ ശ്രീകമലാപതെ തവസുപ്രഭാതം ” എന്നു് ഇഷ്ടദേവതക്ക് സ്വാഗതം നേരുക “ മുഞ്ച ബാഹുലതാപാശാൽ കമലെ കമലാപതിം” എന്നും അഭ്യൎത്ഥിച്ചാലെ അവിടുന്നു് പള്ളിക്കുറപ്പുണൎന്നെഴുനേല്ക്കുകയുള്ളു. അനന്തരം അഭിഷേകത്തിന്നുള്ള വെള്ളം കൊണ്ടുവന്നു ശുദ്ധവസ്ത്രംകൊണ്ടരിച്ച് കരടുനീക്കണം.

“ ആയതാഭ്യാം വിശാലാഭ്യാം മോഹനാഭ്യാം ദയാനിധേ
കരുണാ രസപൂൎണ്ണാഭ്യാം ലോചനാഭ്യാം വിലോകയ ”.

കരുണാരസഭരിതമായ കടാക്ഷവിക്ഷേപത്താൽ ഹേ ദേവേശ എന്നെ പൂജാപരിപാടിക്കായി അനുവദിച്ചാലും !

“ സൽപത്രഗന്ധ പുഷ്പാദ്യൈരച്ച്യയാമി യഥാഹരെ
അനുജ്ഞാം ദേഹിദേവേശ സംസാരാൎത്തി നിവൃത്തയേ ”

എന്നു് അനുജ്ഞക്കായി അപേക്ഷിച്ചശേഷം “ അഹിംസാ പ്രഥമംപുഷ്പം ” ഇത്യാദി മാനസികപൂജാദ്യുപകരണഭാവങ്ങളെ സജ്ജീകരിക്കുക.

“ ശംഖം ചന്ദ്രാൎക്കദൈവത്യം മദ്ധ്യേവരുണ ദൈവതം
മൂലേ പ്രജാപതിവേധാഃ അഗ്രേഗംഗാസരസ്വതീ
ത്രൈലോക്യേ യാനിതീൎത്ഥാനിശംഖേ[ ]സ്മിൻ സന്നിധിംകുരു ”.

എന്നീവിധം സൂൎയ്യചന്ദ്രവരുണാദിദേവതകളെ ശംഖത്തിൽ സങ്കല്പിക്കയും "നമിതഃ സൎവ്വദേവൈശ്ച പാഞ്ചജന്യനമോസ്തുതേ" എന്നു് പാഞ്ചജന്യഭാവമാരോപിക്കയും വേണ്ടിയിരിക്കുന്നു. പിന്നെ "ആയാതു വരുണഃ ശീഘ്രം" എന്ന മന്ത്രത്താൽ വരുണദേവനെ ശംഖത്തിൽ പ്രതിഷ്ഠിക്കാം. അനന്തരം വിശുദ്ധയും സദാശിവാമൃതരൂപിണിയുമായ സ്വർഗംഗയെ മന്ത്രപുരസ്സരം ശംഖിലേക്കവതരിപ്പിക്കയും

"ഇമാ ആപഃ ശിവാസ്സന്തു ശുഭാഃ ശുദ്ധാശ്ച നിൎമ്മലാഃ
പാവനാഃ ശീതളാശ്ചൈവ പൂതാഃ സൂൎയ്യസ്യരശ്മിഭിഃ"

എന്ന മന്ത്രത്താൽ ആ നിൎമ്മലശുഭസലിലം സൂൎയ്യരശ്മിസമ്പൎക്കത്താൽ പരിപൂതമായതായി കല്പിക്കയും വേണം. ഇപ്രകാരം മന്ത്രപൂതമായ ശംഖജലം പൂജാഗൃഹത്തിലും പൂജാസാധനങ്ങളിലും പ്രോക്ഷിച്ചു ശുദ്ധിവരുത്തിയതിന്നു മേൽ കലശപ്രതിഷ്ഠ തുടങ്ങാം.

"കലശസ്യ മുഖേ വിഷ്ണുഃ കണ്ഠേ രുദ്രഃ സമാശ്രിതഃ
മൂലേ തത്രസ്ഥിതോ ബ്രഹ്മാ മദ്ധ്യേ മാതൃഗണാഃ സ്മൃതാഃ
കുക്ഷൌ തു സാഗരാഃ സൎവ്വേ സപ്തദ്വീപാ വസുന്ധരാ
ഋഗ്വേദോഥ യജുൎവ്വേദഃ സാമവേദോപ്യഥൎവ്വണഃ
അംഗൈശ്ച സഹിതാഃ സൎവ്വേ കലശാംബു സമാശ്രിതാഃ"

അമൃതകലശത്തിന്റെ ഓരോ അവയവത്തിലും ബ്രഹ്മാവിഷ്ണുമഹേശ്വരാദിദേവന്മാരും വയററിൽ സപ്തസാഗരങ്ങളും ഭൂമിയും ചതുൎവ്വേദങ്ങളും ഒക്കെത്തന്നെ അകപ്പെട്ടതായി ഭാവിക്കേണ്ടതാണു്. ഗംഗാജലംകൊണ്ടു് കലശപൂരണംചെയ്തു് പരിമളഗന്ധാക്ഷതപുഷ്പതുളസീദളാദികൾ നിക്ഷേപിച്ചു് ആ പവിത്രജലത്തെ പുരുഷസൂക്താദികളെക്കൊണ്ടു് ദേവന്നും സാളഗ്രാമത്തിന്നുമഭിഷേകം ചെയ്യാം. ഭേരിവാദ്യഘോഷസമേതം മഹാക്ഷേത്രങ്ങളിൽ നടത്തപ്പെടുന്ന ബ്രഹ്മകലശാഭിഷേകവേളയെ അനുസ്മരിക്കുന്ന ഏതൊരു ഭക്തന്നാണു് ഉൾപ്പുളകമുളവാകാതിരിക്കുക. ഇങ്ങിനെ കലശസ്നാനം കഴിഞ്ഞു് ദേവന്നു പാദാദികേശപൎയ്യന്തം വസ്ത്രാഭരണമാല്യകുസുമാദികളണിയിച്ചു് അലങ്കാരപൂജ ചെയ്യണം. പിന്നെ പായസാന്നാദി വിവിധ മധുപൎക്കനൈവേദ്യങ്ങളായി മന്ത്രപുഷ്പാഞ്ജലിപുരസ്സരം ഛത്രചാമരാദിസമസ്തരാജോപചാരങ്ങളും ചെയ്തു് ദേവനെ പ്രസാദിപ്പിച്ചാൽ പ്രസന്നപൂജയുമായി. അധികം വിസ്തരിക്കുന്നില്ല.

"അകാലമൃത്യുഹരണം സൎവ്വവ്യാധിവിനാശനം
സമസ്തദുഃഖാതിഹരം വിഷ്ണുപാദോദകം ശുഭം

ശരീരേ ജജ്ജരേ ഘോരേ വ്യാധിഗ്രസ്തേകളേബരേ
ഔഷധം ജാഹ്നവീതോയം ! വൈദ്ര്യോനാരായണോ ഹരിഃ ''

മന്ത്രസഹിതം അഭിഷേകംചെയ്ത ഗംഗാതീത്ഥംപോലെ ഒരു ദിവ്യൗഷധം മ റെറാന്നില്ല ഈ വ്യാധിപീഡിതമായ ശരീരത്തിന്നു്. "കാരണം വൈദ്യൻ ശ്രീഹരിനാരായണമൂത്തിയാകുന്നു '' എന്നു് ഭക്തിപൂവ്വം തീത്ഥം സേവിച്ചാൽ പിന്നെ രോഗപാപങ്ങാം നമ്മുടെ ദേഹത്തിൽ തങ്ങിനില്ക്കാനിടയില്ല. ഈദൃ ശമായ സൂയ്യനമസ്കാര ദേവപൂജാദിരൂപമായ ദേവയജ്ഞത്താൽ ഇന്ദ്രാദിദേവ ലോകം നമുക്ക് സ്വാധീനമാകുന്നു.

ഇനി പിതൃയജ്ഞമാണ്. കവ്യപ്രദാനംചെയ്ത് നമ്മുടെ വംശത്തിലും കുടുംബത്തിലും പലകാലങ്ങളിലുമായി പുത്രസന്തതികളില്ലാതേയും ലുപ്തപി ണ്ഡന്മാരായും മരിച്ചുപോയ പൂവ്വപിതൃക്കളെ അവരവരുടെ നാമങ്ങളേയും ബന്ധങ്ങളേയും ചൊല്ലി നിത്യവും തപ്പിക്കണം. അതാണ് പിതൃയജ്ഞം. ഈ പിതൃതപ്പണത്താൽ ദ്വിജസത്തമന്നു് പിതൃലോകപ്രീതി കരഗതമായിത്തീ രുന്നു.

നാലാമത് ഭൂതയജ്ഞത്തിൻെറ കായ്യമാണ്. ഗൃഹസ്ഥാശ്രമിയെ ഉപ ജീവിച്ചുകൊണ്ടാണ് ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്ന്യാസി എന്ന മററ മൂന്നാശ്രമികളും പക്ഷിമൃഗാദികളും പുലരുന്നത് എന്ന സംഗതി പ്രത്യേകം ചൂ ണ്ടികാണിക്കപ്പെട്ടിരിക്കുന്നു. ഒരു ഗ്രാമത്തിൽ ഒരു ഗൃഹസ്ഥനും കുടുംബവും ഇല്ലെങ്കിൽ അവിടെ ബ്രഹ്മചാരികളും സന്ന്യാസികളും എവിടന്നു് ഭിക്ഷ ലഭി ക്കുവാനാണ് ? അതുപൊലെ പശുപക്ഷിമൃഗാദിപാലനത്തിന്നും നാം കുടും ബസ്ഥനോട് കടപ്പെട്ടിരിക്കുന്നു. ഉപഹാരാപ്പണം, പായസബലി, ഭിക്ഷാ പ്രദാനം, ഗോഗ്രാസം എന്നിങ്ങിനെ തൻെറ ഭക്ഷ്യത്തിലൊരു ഓഹരി നിത്യ വും മററ ഭൂതങ്ങാംക്കായി വിതരണം ചെയ്യുന്നത്തന്നെ ഭൂതയജ്ഞമെന്നറിയ പ്പെടുന്നത്. പുരാതന പുരോഹിതകുടുംബങ്ങളിൽ ഇന്നും ഇതിൻെറ ചില അവശിഷ്ടങ്ങാം കണ്ടേക്കാമെന്നല്ലാതെ ഈ റേഷൻകാലത്തു് ഇന്നത്തെ ഗൃഹ സ്ഥന്മാരൊ ഗൃഹിണിമാരൊ ഈ ഭൂതയജ്ഞത്തെ സൌകയ്യപൂവ്വം വിസ്മരിച്ചി ട്ടുണ്ടെങ്കിൽ അതിന്നവരെ കുററപ്പെടുത്തിക്കൂടാ. എങ്കിലും ആയ്യഹിന്ദുവിൻെറ സുപ്രസിദ്ധമായ സമസ്തഭൂതഭാവനക്ക് ഇതും ഒരു തെളിവായി എടുക്കേണ്ടി യിരിക്കുന്നു.

ഇനിയുമായില്ല. ഈ നാലുതരം യജ്ഞം കഴിയുമ്പോഴേക്കുംതന്നെ

നേരം ഉച്ചതിരിയും. ഗൃഹസ്ഥൻ മദ്ധ്യാഹ്നമാകുന്നതോടുകൂടി പുറത്തു പുരപ്പടിക്കൽചെന്നു് ഗോദോഹകാലമെങ്കിലും അതിഥി പ്രതീക്ഷയോടെ വഴി കാത്തുനില്ക്കണം:—

" ഇഷ്ടോ വാ യദി വാ ദ്വേഷ്യോ മൂർഖഃ പണ്ഡിത ഏവ വാ
സംപ്രാപ്തോ വൈശ്വദേവാന്തേ സോതിഥിഃ സ്വർഗ്ഗസംക്രമഃ "

തൽസമയത്തു് വന്നുകേറുന്ന അതിഥി മൂർഖനൊ പണ്ഡിതനൊ മിത്രമോ ശത്രുവൊ ആരുതന്നെ ആവട്ടെ, അവൻ സ്വർഗ്ഗതുല്യനാകുന്നു.

" നൈകഗ്രാമീണമതിഥിം സംഗൃഹ്ണീയാൽ കഥംചന "

ഒരേ ഗ്രാമക്കാരൻ അതിഥിയാകയില്ല. ദൂരദേശാപഗതനായി വരുന്നവനത്രെ അതിഥി.

" അനിത്യമാഗതോ യസ്മാൽ തസ്മാൽ അതിഥിരുച്യതേ "

തിഥിതോറും നാളുതോറും വരാത്ത അപൂർവ്വപുരുഷനെ അതിഥിയെന്നു് വിളിക്കുന്നു. ചുരുക്കത്തിൽ ശ്രീകൃഷ്ണൻ കുചേലനെ യെന്നപോലെ നാം അതിഥിയെ തൈലാഭ്യഞ്ജനസ്നാനാന്നപാന ദാനാദ്യുപചാരങ്ങളാൽ പരിതോഷിപ്പിച്ചാൽ മനുഷ്യയജ്ഞമായി. ഈ അതിഥിമര്യാദമൂലം മനുഷ്യലോകവും സ്വാധീനമാകുന്നു. ഇങ്ങിനെ ഒരു ഗൃഹസ്ഥന്റെ നിത്യകർമ്മപരിപാടിയിൽ ഋഷി, ദേവ, പിതൃ, ഭൂത, മനുഷ്യപ്രീതീകരങ്ങളായ പഞ്ചമഹായജ്ഞങ്ങളുടെ അനുഷ്ഠാനത്തിൽ ലോപമോ അതിപാതമോ വന്നുകൂടെന്നു് ശ്രുതിസ്മൃതി ധർമ്മശാസ്ത്രങ്ങൾ കശ്ശനമായി അനുശാസിച്ചിരിക്കുന്നു. എന്നാൽ ഗൃഹസ്ഥന്മാരായ ഹിന്ദുക്കളുടെയെന്നല്ല മനുഷ്യരുടെ ഇന്നത്തെ കഥയോ ? ചിന്തിക്കാതിരിക്കുകയാണ് ഭേദം. എല്ലാററിനും റേഷനാണെന്നു് ഒഴിവുകഴിവുണ്ടല്ലൊ പറയാൻ. അതിനാൽ ഊണിന്നുമുമ്പു് ഇന്നു് ഗൃഹസ്ഥൻ പടിക്കൽചെല്ലുന്നതു് അതിഥിയെ പ്രതിക്ഷിച്ചല്ല അതിഥിയേയും പിച്ചക്കാരേയും ഭയന്നു് പടി അടച്ചുപൂട്ടാനാണ്. ഒരു പക്ഷെ കാലത്തിന്റേയും ധർമ്മത്തിന്റേയും രൂപം മാറിവീണിരിക്കയാണെന്നു് തോന്നുന്നു. എല്ലാ ഗൃഹസ്ഥരും രന്തിദേവന്മാരാകണമെന്നു് ശഠിക്കത്തക്ക സാഹസബുദ്ധികൊണ്ടു് പ്രയോജനം വല്ലതുമുണ്ടാകുമോ?

വേദവിദ്യാനിരതനായ പ്രശസ്താതിഥിലാഭത്താൽ ആ ഗൃഹത്തിലെ അന്നവ്യഞ്ജനാദി ഓഷധിവിഭവങ്ങൾ സ്വയം സന്തോഷിക്കുമെന്നു് ബൃഹസ്പതി പറയുന്നു.

" വേദവിദ്യാവ്രതസ്നാതേ ശ്രോത്രിയേ ഗൃഹമാഗതേ.
ക്രീഡന്ത്യോഷധയഃ സവ്വാഃ യാസ്യാമഃ പരമാംഗതിം "

എന്നാൽ

" നഷ്ടശൌചേ വ്രതഭ്രഷ്ടേ വിപ്രേ വേദ വിവജ്ജിതേ
ദീയമാനം രുദത്യന്നം കിം മയാ ദുഷ്കൃതം കൃതം "

മന്ത്രാചാരവ്രതഹീനനായവൻ അതിഥിയായി വന്നാൽ "ഞങ്ങാം എന്തു ദുഷ്കൃതം ചെയ്തു" എന്ന വിചാരത്താൽ അന്നം കരഞ്ഞു വിഷാദിക്കുമത്രെ.

ബാലസ്വവാസിനീവൃദ്ധഗഭ്ഭിണീകന്യകമാരെയെല്ലാം ഊട്ടിയതിന്നുമേൽ "ദമ്പത്യോഃ ശേഷഭോജനം" എന്നു യാജ്ഞവല്ക്യനും പറഞ്ഞിട്ടുണ്ടു്. ഈ വിധം അതിഥികളേയും ആശ്രിതഭൃത്യന്മാരേയും കുടുംബത്തിലെ ബാലകന്യകാഗഭ്ഭിണിമാരേയും മററും വഴിപോലെ ഊണുകഴിപ്പിച്ചശേഷം ഗൃഹസ്ഥൻ ഭോജനത്തിന്നായി ഇലക്കുമുമ്പിൽ ഇരിക്കുമ്പോഠം മണി രണ്ടാകും. കാലത്ത് നേരത്തെ വന്നു മുററത്തുകലെനിന്നു് അഗ്നിഹോത്രിയെ കാണാൻ കാത്തുനിന്ന പാക്കനാക്കുപോലും ക്ഷമയുടെ നെല്ലിപ്പടി കണ്ടേണ്ടിവന്ന കഥയോക്കുമ്പോഠം മററുള്ളവരുടെ സ്ഥിതി ഊഹിച്ചുകൊള്ളുകയാണു ഭേദം.

" പിതൃദൈവതഭൃത്യാനാം മാതാപിത്രോഗ്ഗുരോസ്തഥാ
വിഘസം വാഗ്യതോശ്നീയാൽ "

പിതൃദൈവതഭൃത്യരുടേയും മാതാപിതാക്കളുടേയും ഭക്ഷണത്തിന്നുശേഷം ഗൃഹസ്ഥൻ മൌനിയായി ഭക്ഷണത്തിന്നിരിക്കണം.

" ഉപലിപ്തേ ശുചൌദേശേ നിച്ഛിദ്രം ചതുരശ്രകം
ഗോമയം മണ്ഡലം കൃത്വാ ഭോക്തവ്യമിതി നിശ്ചയഃ "

അടിച്ചുതളിച്ചു മെഴുകി വൃത്തിയാക്കിയ ചതുരശ്രമണ്ഡലത്തിൽ ഇലവെച്ചു ഉണ്ണാനിരിക്കണം.

" സ്വയം പ്രക്ഷാള്യ പത്രാണി ദത്തമന്നന്തു ഭായ്യയാ
ഭോക്തവ്യം സഘൃതം കോഷ്ണം ഹിതം പഥ്യം മിതം തഥാ "

എന്നു വ്യാസനും അരുളിചെയ്യുന്നു. ഇല തന്നത്താൻ കഴുകി ഭായ്യാഹസ്തദത്തമായ ഭോജ്യം ഇളംചൂടോടെ ഹിതവും പഥ്യവുമായ തരത്തിൽ ഭക്ഷിക്കണം.

ആഹാരം ച രഹഃ കുയ്യാൽ വിഹാരമ്മൈവസവ്വദാ
ഗുപ്താഭ്യാം ലക്ഷ്മ്യുപേതഃസ്യാൽ പ്രകാശേ ഹീയതേ ശ്രിയാ.

ഗൃഹസ്ഥൻ ആഹാരവിഹാരങ്ങളെ രഹസ്യമായി കഴിക്കണം. പരസ്യമായി ഭക്ഷണാദികഠം ചെയ്താൽ ശ്രീനാശം ഭവിക്കുമെന്നാണു് ശാണ്ഡില്യമതം. ഇ

ന്നൊക്കെ ഭക്ഷണകാര്യത്തിൽ ഹോട്ടലുകളിൽ അത്രക്ക രഹസ്യമൊന്നും സാദ്ധ്യമല്ലല്ലൊ. പിന്നെ രതിവിഹാരത്തിൻെറ കാര്യമാണെങ്കിൽ അതൊക്കെ സിനിമയിലെ വെള്ളിത്തിരശ്ശീലയിൽ കുഞ്ഞുകുട്ടികളടക്കം എല്ലാവക്കും കണ്ടു പഠിക്കാനായി വില്പനക്കുവെച്ചിരിക്കുന്ന പരസ്യവസ്തുക്കളമായിത്തീൎന്നിരിക്കുന്നു. ശാണ്ഡില്യൻ പറഞ്ഞതു് അങ്ങോൎക്കമാത്രമെ ബാധിക്കൂ. പിന്നെ നാക്കും പല്ലും തൊടാതെ പഞ്ചപ്രാണാഹുതികളെ ചെയ്യണം.

"അന്നശ്ചരതി ഭൂതേഷു ഗുഹായാം വിശ്വതോ മുഖഃ"

എന്ന മന്ത്രംചൊല്ലി അമൃതോപസ്തരണപൂൎവ്വകം ഭക്ഷണമാരംഭിക്കാം. എല്ലാ ഭൂതജാലത്തിലേയും അന്തൎഗ്ഗതചാരിയായി ഭഗവാൻ എൻെറ ഭക്ഷണത്താൽ സംപ്രീതനാകട്ടെ എന്നാണു് മന്ത്രാൎത്ഥം. ഭക്ഷണവേളയിൽ മൌനം കാമ്യമാണെങ്കിലും കൂട്ടത്തിൽ മററു വിശിഷ്ടന്മാരുണ്ടെങ്കിൽ "വാചോപചാരഃ കൎത്തവ്യോ ഭുഞ്ജതാ സഹഭോജനെ" എന്നു് വിധിച്ചുകാണുന്നുണ്ടു്.

"ധൎമ്മാൎത്ഥം വിസൃജേദ്വാചം നാസദ്വാചം കദാചന"

ധൎമ്മവചനവും നാമങ്ങളമാകാം, ദുൎവ്വചനങ്ങളരുതു്. ഒടുക്കം

"യദിഭുഞ്ജീന്ത ഭുജ്ജീതസൎവ്വത്രൈവതു ശോഭനം"

മൌനമായ ഭക്ഷണംതന്നെയാണു് ശോഭനം എന്നും കല്പിച്ചിരിക്കുന്നു. ഭോജനകാര്യത്തിൽ നിയമേന പഞ്ചാൎദ്രതപം പാലിക്കണമെന്ന വ്യാസവചനം താഴെ ചേൎക്കാം.

"ഉപലിപ്യശുചൌ ദേശെ പാദൌ പ്രക്ഷാള്യ വൈകരൌ
ആചമ്യാൎദ്രാനനോ ക്രോധോപഞ്ചാൎദ്രോ ഭോജനം ചരേൽ

നിലം കയ്യ് കാലു് മുഖം ഇവ നാലും കഴുകി ശുദ്ധിവരുത്തുക, അഞ്ചാമതായി കോപവികാരാദികളില്ലാതെ മനസ്സ് സ്നേഹാൎദ്രശീതളമായിരിക്കുക—ഇതാണു് പഞ്ചാൎദ്രഭോജനം.

"അനാരോഗ്യം അനായുഷ്യം അസ്വൎഗ്ഗ്യം ചാതിഭോജനം
അപുണ്യം ലോകവിദ്വിഷ്ടം"..........എന്നീ കാരണങ്ങളാൽ വ്യാസൻ അമിതഭോജനത്തെ അതികൎശമായിതന്നെ വിലക്കീട്ടുണ്ടു്. ഈ ക്ഷാമകാലത്ത് മിതഭോജനം കുറെക്കൂടി കാമ്യമാണെങ്കിലും വിശപ്പും രുചിയും ഏറി വരുന്നതിനാൽ ആ സംഗതി നടപ്പില്ലാത്തതാണു്. പിന്നെ ഹോട്ടലുകാർ പുതിയ രുചികരങ്ങളായ പാകസംവിധാനംകൊണ്ടു് കണക്കററ് തീററിച്ചു് നമ്മുടെ മടിശ്ശീല ആവരുടേതാക്കിത്തീൎക്കുന്ന കലയിൽ വിരുതന്മാരുമാണു്. പിണ്ഡംപോലല്ല വലിയ ഉരുളയായി ഭക്ഷിക്കരുതു്. പകുതി ഭക്ഷിച്ച ഉരുളയിൽ

നിന്നും പിന്നേയും ഭക്ഷിക്കരുത്. പലരുംകൂടി പന്തിയിൽ ഇരുന്നുണ്ണുമ്പോൾ ഇടക്കിരുന്ന് ധൃതിയിൽ ഊണു കഴിക്കരുത്. അന്നം വിതറുകയോ ശേഷിപ്പി ക്കുകയൊ ഇടത്തുകൈകൊണ്ട് തൊടുകയോ പാടില്ല എന്നൊക്കെ ശാസ്ത്ര പരം വിസ്തരിച്ചരുളുന്നതിനെ ഉദ്ധരിച്ച് ഇനിയും വിഷയത്തെ നീട്ടുന്നില്ല.

മാതാവ്, ഭഗിനി, ഭാര്യാ രജസ്വലാ, രോഗി, പതിതൻ ഇവരൊ ന്നിച്ച് സാധാരണമായി ഭക്ഷണം വിഹിതമല്ല. യുദ്ധകാഹളഭൂകമ്പാദി ബ ഹളവേളയിലും ഗ്രഹണകാലങ്ങളിലും ഭക്ഷണം വർജ്ജ്യമാണ്.

ധ്വാങ്ക്ഷകുക്കുടമാർജ്ജാരമൂഷികാദി സ്പൃഷ്ടമായ അന്നത്തെ സർവ്വ ഥാ വർജിക്കണമെന്ന് ദേവലനും പറയുന്നു. മക്ഷികകീടനഖരോമാദികൾ കണ്ടാ ലും അത്രയും അന്നം വെടിയുകയാണ് നല്ലത്. ഉള്ളി തീരെ നിഷിദ്ധമാണ്. "മത്തക്രുദ്ധാതുരാണാം ച നഭുഞ്ജീത കദാചന" എന്നിങ്ങിനെ പുംശ്ചലി, വേശ്യ, ഷണ്ഡൻ, പിശുക്കൻ മുതൽപേരുടെ പക്കൽനിന്നും ഭക്ഷണം സ്വീക രിക്കരുത് എന്ന് മനു സവിസ്തരമായിത്തന്നെ പ്രതിപാദിച്ചിരിക്കുന്നു. എന്തെ ന്നാൽ

"അഭക്ഷ്യസ്യ നിവൃത്ത്യാതു വിശുദ്ധം ഹൃദയം ഭവേൽ
ആഹാരശുദ്ധൌ ചിത്തസ്യ വിശുദ്ധിർഭവതിസ്വതഃ

"ആഹാരശുദ്ധൌ ചിത്തശുദ്ധിഃ" എന്നതു് ആരോഗ്യസൂത്രം മാത്രമല്ല ആ ദ്ധ്യാത്മികസൂത്രവുമാകുന്നു. വ്യാസൻ വീണ്ടും പറയുന്നത് കേൾക്കേണ്ടതാണ്.

അനഭ്യാസേന വേദാനാം ആചാരസ്യ വിവർജനാൽ
ആലസ്യാദന്നദോഷാച്ച മൃത്യുഃ വിപ്രാൻ ജിഘാംസതി".

അന്നദോഷവും മരണകാരണങ്ങളിൽ ഒന്നത്രെ. ഇങ്ങിനെ അതിനിശിതങ്ങ ളായ വർജനീയവിധികളിലേക്ക് കടക്കാതെ ഭോജനാനന്തരകർത്തവ്യവുംകൂടി ചിന്തിച്ച് ഈ വിഷയം സമാപിക്കാം.

"പ്രാണാപാന സമാനാനാം ഉദാന വ്യാനയോസ്തഥാ
അന്നം പുഷ്ടികരഞ്ചാസ്തു മമാസ്ത്വവ്യാഹതം സുഖം
അഹം വൈശ്വാനരോഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ
പ്രാണാപാന സമായുക്തഃ പചാമ്യന്നം ചതുർവിധം
അഗസ്ത്യവഹ്നി ബഡവാനലശ്ച
ഭുക്തം മയാന്നം ജരയത്വശേഷം
സുഖഞ്ചമേ തൽ പരിണാമസംഭവം
യച്ഛത്വരോഗം മമ യസ്തുദേഹേ.

ഇത്യുച്ചാര്യ്യ സ്വഹസ്തേന പരിമൃജ്യ തഥോദരം
അനായാസ പ്രദായിനി കുര്യാൽ കർമ്മാണിസദ്വ്രതഃ
ഭുക്ത്വാ രാജവദാസീത ഗത്വാപദശതം ശനൈഃ "

എന്നിങ്ങിനെ പ്രാർത്ഥനാഭാവത്തോടെ വയറുതലോടിക്കൊണ്ട് പത്തുചാല് നടന്ന് രാജാവിനെപ്പോലെ സുഖവാനായിരിക്കണം. വ്യാസൻ ചൊല്ലുന്നത് ഒന്നുകൂടി ശ്രദ്ധേയമാണ്.

" ഭുക്ത്വാ വൈ സുഖമാസ്ഥായ തദന്നം പരിണാമയേൽ
ഇതിഹാസ പുരണാഭ്യാം വേദാർത്ഥാനുപബൃംഹയേൽ ".

ഭക്ഷണാനന്തരം സാവകാശംപോലെ ഇതിഹാസപുരാണകഥാപാരായണംമൂലം ആ അന്നത്തെ ശുദ്ധരക്തമായി വിപരിണമിപ്പിക്കണം. പിന്നെ സായംസന്ധ്യാവന്ദനാദികർമ്മശേഷം അത്താഴംകഴിഞ്ഞു സുഖശയനാർത്ഥിയായി

" മംഗല്യം പൂർണ്ണകുംഭം ച ശിരസ്ഥാനേ നിധായ ച
വൈദികൈർഗ്ഗാരുഡൈർമ്മന്ത്രൈഃ രക്ഷാംകൃത്വാ സ്വപേന്നിശി
രാത്രിസൂക്തം ജപൻ സ്മൃത്വാ സർവ്വാംശ്ച സുഖശായിനഃ
നമൻമത്വാ സ്വയംവിഷ്ണും സമാധിസ്ഥഃ സ്വപേന്നിശി ".

എന്നീ വരിയിൽ സൂചിപ്പിച്ചമാതിരി ശിരോഭാഗത്ത് മംഗല്യസാധനങ്ങൾ വെച്ച്, ഗരുഡമന്ത്രാദിമൂലം ദേഹരക്ഷചെയ്ത് സമാധിസ്ഥനായ അനന്തതല്പശായിയായ വിഷ്ണുവിനെ സ്മരിച്ച് നിദ്രാധീനനാകണം.

" അഗസ്ത്യോ മാധവശ്ചൈവ മുചുകുന്ദോ മഹാബലഃ
കപിലോ മുനിരാസ്തീക പഞ്ചൈതേ സുഖശായിനഃ "

എന്ന് അഗസ്ത്യാദിപഞ്ചമുനിമാരേയും സുഖശയനാർത്ഥിക്ക് അനുസ്മരിക്കാം. " ശയനേ പാതു മാധവഃ " എന്നുണ്ടല്ലൊ.

" ക്ഷീരസാഗര തരംഗശീകരാസാര താരകിത ചാരുമൂർത്തയേ
ഭോഗിഭോഗ ശയനീയശായിനേ മാധവായ മധുവിദ്വിഷേ നമഃ "

ഇത്യാദിസ്തുതികളേക്കൊണ്ട് ശ്രീമന്നാരായണനെ സമാധിയോടുകൂടി അനുസന്ധാനംചെയ്ത്, വാമപാർശ്വനായി കിഴക്കോട്ടൊ തെക്കോട്ടൊ തലവെച്ച് സുഖനിദ്രാധീനനായി ഭവിച്ചാൽ ഒരു ഹിന്ദുവിൻെറ—യഥാർത്ഥഹിന്ദുവിൻെറ—നിത്യകർമ്മപരിപാടി ഒരുവിധം പൂർത്തിയായി എന്ന് കരുതാം. ലോകക്ഷേമകാർത്ഥം ഈശ്വരവിചാരപരായണരായി ജീവിക്കുവാൻ ബാദ്ധ്യസ്ഥരായിത്തീർന്ന ഒരു ജനവിഭാഗത്തിന്ന് മേൽവിവരിച്ച നിത്യകർമ്മപരിപാടിയിൽ ഇതരജീവിതവ്യാപാരങ്ങൾക്കു ഒരുനിമിഷംപോലും ലഭിക്കുക സാദ്ധ്യമല്ലാതിരുന്ന

തിനാൽ അവരെ ബ്രാഹ്മണരെന്നായി പ്രത്യേകം തിരിച്ചുനിൎത്തി പരിചരിക്കേണ്ടിവന്നു. ഇപ്രകാരം തൊഴിൽവിഭജനത്തെ അടിസ്ഥാനമാക്കി ജാതിവിഭജനം ക്രമേണ അനിവാൎയ്യമായിത്തീൎന്നതായി ചരിത്രവിദ്യാൎത്ഥികൾക്കു് കണ്ടെത്തുവാൻ കഴിയും. ഇന്നു് വംശപരമ്പരയാ ശീലിച്ചുപോന്ന കുലപ്രവൃത്തിയുടെ രീതികളിൽ മിശ്രണവും സാങ്കൎയ്യവുമൊക്കെ വന്നുകഴിഞ്ഞിരിക്കുന്നതിനാൽ വാസനാനുരൂപമായ ജീവിതമാൎഗ്ഗം ഓരോരുത്തരും അംഗീകരിക്കുകമാത്രമാണു് കരണീയമായിട്ടുള്ളതു്. ജന്മനാ ജായതേ ശൂദ്രഃ കൎമ്മണാ ജായതേ ദ്വിജഃ എന്നുണ്ടല്ലോ. ആ നിലക്കു് ഓരോ ഹിന്ദുകുടുംബത്തിലും മതവിശ്വാസിയും ഈശ്വരഭക്തനുമായ ഏതെങ്കിലും ഒരംഗത്തിന്നു മേൽചേൎത്ത, ആൎഷപരമ്പരാഗതമായ നിത്യകൎമ്മപരിപാടിയെ സ്വീകരിച്ചു്, വഴിയാംവണ്ണം അനുഷ്ഠിച്ചു് സ്വയംബ്രാഹ്മണനായിത്തീരാവുന്നതും അതുമൂലം തന്റേയും കുടുംബത്തിന്റേയും മാനവസമുദായത്തിന്റെ തന്നേയും യോഗക്ഷേമത്തെ കൈവരുത്താവുന്നതുമാണു്. ഒരു ഹൈന്ദവബ്രാഹ്മണന്റെ ജീവിതാദൎശം വിശ്വദേവതാഭാവനയാണെന്ന സംഗതി ഈ നിത്യകൎമ്മപൎയ്യവേക്ഷണത്തിൽനിന്നും ഈ മഹാസദസ്സിന്നു് ബോദ്ധ്യപ്പെട്ടിരിക്കുമെന്നു് വിശ്വസിക്കുന്നു.

— ശുഭം —

— ജി. വിശ്വനാഥശൎമ്മ.

# ഉപസംഹാരം

ആദ്യംപറഞ്ഞത് ജനകനെപ്പററിയാണ്. ഇപ്പോൾ ശ്രീരാമനെപ്പററി ചിലതു പറയാം. ഒരു വലിയ യാഗം നടത്തുന്ന സമയത്താണ് ശ്രീരാമൻ തൻെറ പുത്രന്മാരായ കുശലവന്മാരെ കണ്ടറിഞ്ഞത്. 'ഈ കഥയെക്കുറിച്ചു രണ്ടു കാൎയ്യങ്ങൾ ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നാമതു യാഗത്തെക്കുറിച്ചുതന്നെ. ചില വിശേഷ ക്രിയകൾ, മന്ത്രങ്ങൾ, പശുവധം, മനുഷ്യരുടെ ഊണിന്നു ഉപയോഗിക്കേണ്ടുന്ന നെയ്യിനെ വെറും തീയ്യിലൊഴിച്ചു ദുൎവ്വിനിയോഗം ചെയ്യുക—ഇതെല്ലാം ഉൾപ്പെട്ട ഒരു ഏൎപ്പാടാണ് യാഗം എന്നു പലരും ചെറുപ്പകാലംമുതൽ ധരിച്ചു വളൎന്നുവന്നിരിക്കും. അങ്ങിനെ ധരിച്ചിട്ടുള്ളവർ ദശരഥൻെറ പുത്രകാമേഷ്ടിയെക്കുറിച്ച് വാല്മീകി എഴുതിട്ടുള്ള വിവരണമെങ്കിലും വായിക്കേണ്ടതാണ്. ആ യാഗത്തിൽ പങ്കുകൊള്ളുവാനും അതിലുള്ള വിശേഷാംശങ്ങളെ കണ്ടറിയുവാനും സ്വദേശികളും പരദേശികളും ആയ രാജാക്കന്മാരും, അവരുടെ സേനയും പൌരന്മാരും വരുവാനിടയുള്ളതിനാൽ, അവരുടെ സൌകൎയ്യത്തിന്നുവേണ്ടി വളരെ വിശാലമായ ഒരു സ്ഥലത്തു് അസംഖ്യം മാളികകളും സാധാരണ ഗൃഹങ്ങളും തയ്യാറാക്കപ്പെട്ടു. അതിനെല്ലാം യോജിച്ചതോതിൽ ഭക്ഷണസാമാനങ്ങളും, സേവകന്മാരും എല്ലാം അതാതു സ്ഥാനങ്ങളിൽ ചേൎക്കപ്പെട്ടു. എല്ലാററിൻേറയും നടുവിലായി പുരോഹിതന്മാർ വേദം ചൊല്ലുകയും ഹോമം നടത്തുകയും ഉണ്ടായി എന്നതു ശരിതന്നെ. പക്ഷെ, അവിടെ കൂടിയിരുന്ന ജനസമൂഹം മുഴുവനും ഹോമകൎമ്മം കാണുകയൊ, ഇടവിടാതെ നടന്നിരുന്ന അന്നദാനത്തിൽ പങ്കുകൊള്ളുകയോ മാത്രമല്ല ചെയ്തത്. മഹൎഷിമാരും പണ്ഡിതന്മാരും കൂടുന്ന ദിക്കിൽ ആദ്ധ്യാത്മികചിന്തയും അതിനോടുചേൎന്ന സംഭാഷണങ്ങളും മററും നടന്നുകൊണ്ടേ ഇരിക്കും. ഇതെല്ലാം കണ്ടിട്ടും കേട്ടിട്ടും അവിടെ സന്നിഹിതരായവൎക്ക തങ്ങളുടെ ജ്ഞാനത്തെ പലവിധത്തിലും വികസിപ്പിക്കുവാൻ സാധിച്ചിരുന്നു. ഗായകന്മാരും നൃത്യകുശലന്മാരും ചിത്രപ്പണിക്കാരും അവരവരുടെ കലാനൈപുണ്യംകൊണ്ടു് ജനങ്ങളെ രസിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. ഇത്രയും വായിച്ചു കണ്ടെത്തിയതിൻെറശേഷം, വെറെ ചില വിഷയങ്ങൾ നാം ഊഹിച്ചുചേൎക്കുന്നത് ന്യായമായിരിക്കും. ഉദാഹരണമായി, കോസലത്തിലെ കൃഷിക്കാർ ഏററവും നല്ല വാഴക്കുലയെയൊ, നാളികേരക്കുലയെയൊ സമ്മാനിച്ചി

ട്ടുണ്ടായിരിക്കണം. അതുപോലെതന്നെ സ്വർണ്ണപ്പണികൾ ചെയ്യുന്നവരും, പട്ടുവസ്ത്രം നെയ്യുന്നവരും അവരവരുടെ കൈത്തൊഴിൽവസ്തുക്കളെ നൈവേദ്യം എന്ന നിലയിൽ "നടക്കു" വെച്ചിരുന്നിരിക്കണം. ദേവന്മാരെ സംബന്ധിച്ചേടത്തോളം ഇവയെല്ലാം അലങ്കാരമോ, പൂജാവിധാനത്തിലെ അംഗങ്ങളോ ആയിരുന്നിരിക്കാം. പക്ഷെ സാധാരണ ജനങ്ങളേയും അവരുടെ ദിനംപ്രതിയുള്ള വ്യാപാരത്തേയും സംബന്ധിച്ചേടത്തോളം, ഇവയെല്ലാം ഒരു വിധം പ്രദർശനത്തിന്റെ അംഗങ്ങളായി തോന്നിയിരിക്കണം. യാഗം സമാപ്തമായാൽ ഈ വസ്തുക്കളെല്ലാം പുരോഹിതന്മാൎക്ക് ദക്ഷിണ എന്ന പേരിലും, പണ്ഡിതന്മാൎക്കും കലാകാരന്മാൎക്കും ദാനം പ്രതിഫലം എന്ന പേരിലും തിരിച്ചുകൊടുക്കുക പതിവായിരുന്നു. യാഗത്തിന്നായി പിരിച്ചെടുത്ത ദ്രവ്യം മാത്രമല്ല, തന്റെ കയ്യിൽ മുമ്പുണ്ടായിരുന്ന ധനംകൂടി ദാനം ചെയ്താൽ അത് വളരെ ശ്രേഷ്ഠമായ യാഗമായിത്തീരും. അതിന്നു് വിശ്വജിത്ത് എന്നു പേർ. രഘു ആ മാതിരി ഒരു യാഗം ചെയ്തു എന്നും, അടുത്ത ദിവസം ഒരു മൺപാത്രം മാത്രം എടുത്താണ് അതിഥിസൽക്കാരത്തിന്ന് ഒരുങ്ങിയതെന്നും ചിലർ വായിച്ചിരിക്കുമല്ലോ. കായസൌഖ്യം ശരീരബലം ആത്മബലം, ബുദ്ധി ഇവയെല്ലാം അവനവന്റെ ആദ്ധ്യാത്മികഉന്നതിക്കും ലോകത്തിന്റെ ശ്രേയസ്സിന്നുംവേണ്ടി എങ്ങിനെയാണ് വിനിയോഗിക്കുക—എന്ന് വിശ്വജിദ്യജ്ഞംകൊണ്ട് കാണിച്ചുകൊടുപ്പാൻ സാധിക്കും. വിശ്വത്തെ ജയിക്കുന്നത്, ശത്രുക്കളെ യുദ്ധത്തിൽ തോല്പിച്ചും സംഹരിച്ചും അല്ല, പക്ഷെ, അതിരററ ത്യാഗത്താലും ലോകകല്യാണത്തിലുള്ള താല്പൎയ്യത്താലും ആണ്.

ശ്രീരാമൻതന്നെ ഒരു വലിയ യാഗം ആരംഭിച്ചുവെന്നും, ആ യാഗത്തിൽ പങ്കുകൊള്ളുവാനായി വാല്മീകികുശലവന്മാരെ കൊണ്ടുചെന്നുവെന്നും, അനേകം സജ്ജനങ്ങൾ നിറഞ്ഞ സഭയിൽ, രാമൻതന്നെ അഗ്രാസനം വഹിച്ചുകൊണ്ടിരുന്നുവെന്നും, അപ്പോഴാണ് കുട്ടികൾ രാമായണകഥ പാടികേൾപ്പിച്ചതെന്നും വാല്മീകിയുടെ കൃതി വായിച്ചവൎക്ക് ഓൎമ്മ ഉണ്ടായിരിക്കും. അവരെ രാമായണഗാനം അഭ്യസിപ്പിക്കുമ്പോൾതന്നെ വാല്മീകി ഒരു സംഗതി ദൃഢമായി ബോധിപ്പിച്ചിരുന്നു. തങ്ങളുടെ പാട്ടുകേട്ട് സന്തോഷിച്ച് ആരെങ്കിലും ധനം സമ്മാനമായി കൊടുത്തെങ്കിൽ, കുട്ടികൾ താഴെ കാണുന്ന മറുവടി ആണ് പറയേണ്ടത് " എന്നും ഞങ്ങൾ കാട്ടിലാണ് താമസിക്കുന്നത്.

തിന്നുന്നത് ഫലമൂലങ്ങളുമാണ് ഞങ്ങൾ ഈ സ്വർണ്ണംകൊണ്ട് എന്തു ചെയ്യും?” കുട്ടികളുടെ പാട്ടുകേട്ട് എല്ലാവരും സന്തോഷിച്ചു. രാമൻ ഉടനെ ലക്ഷ്മണനോട് അവക്ക് വളരെ പൊൻനാണയങ്ങൾ സമ്മാനം കൊടുപ്പാൻ കല്പിച്ചു. പക്ഷെ, പൊന്നു കണ്ടപ്പോൾ കുട്ടികൾ വല്മീകി പറഞ്ഞു ഏല്പിച്ചമാതിരിതന്നെ മറുവടി പറഞ്ഞു. എല്ലാവക്കും അത്യാശ്ചര്യമായി. തന്റെ ജ്ഞാനത്തെ പ്രതിഫലേച്ഛകൂടാതെ മററുള്ളവക്ക് ദാനം ചെയ്യുവാൻ ബാലന്മാരെ പഠിപ്പിച്ചിരുന്ന ഋഷികൾ രാമചന്ദ്രന്റെ രാജ്യഭരണകാലത്തുണ്ടായിരുന്നു എന്നത് നിശ്ചയംതന്നെ.

സീത പതിവ്രതയാണെന്നും, ലോകാപവാദം മാത്രം ഭയപ്പെട്ടിട്ടാണ് രാമൻ സീതയെ കാട്ടിലേക്ക് അയച്ചതെന്നും വാല്മീകി ദിവ്യദൃഷ്ടികൊണ്ട് മനസ്സിലാക്കി. തങ്ങളുടെ അമ്മയെ “ അന്യായമായി ” ഉപേക്ഷിച്ച രാമനോടു ലവകുശന്മാക്ക് വൈരം തോന്നുന്നത് സഹജമാണ്. അവക്ക് ആ ഒരു ഭാവം ഉണ്ടാവരുതെന്നും, നേരെമറിച്ച്, രാമൻ ആദർശപുരുഷനാണെന്നും, ധമ്മസ്ഥാപനത്തിന്നവതരിച്ച സാക്ഷാൽ ശ്രീവിഷ്ണുതന്നെ ആണെന്നും, ആ രാജകുമാരന്മാരും, അവർ പാടിയ കവിതവഴിയായി മനുഷ്യരെല്ലാവരും മനസ്സിലാക്കകവേണമെന്നും കരുതിയാണ് വാല്മീകി ഋഷി തന്റെ വിശിഷ്ടഗ്രന്ഥം എഴുതിയതു്. സത്യപരിപാലനം ഋഷികളുടെ ഒരു പ്രധാന ധമ്മമാണല്ലൊ.

ധമ്മപരിപാലനത്തെ ഒരു കോട്ടയെ രക്ഷിക്കുന്നതിനോടു ഉപമിക്കാം. ഏററവും പുറത്തുള്ള കോട്ടമതിലാണ് ഓരോ വീടും. ആ മതിലിനെ രക്ഷിക്കുന്ന ഭടനാണ് ഭത്താവു്, അതായതു്, ഋഷിയുടെ ഗുരുകുലത്തിൽ താമസിച്ചു, ധമ്മരഹസ്യം മനസ്സിലാക്കി, തിരിച്ചുവന്നു വിവാഹം ചെയ്ത യുവാവു് ആയാളെ ദൈവമായി കരുതുവാൻ ശീലിച്ച സ്ത്രീ, ധമ്മപരിപാലനത്തിൽ സഹായിക്കാതെ ഇരിക്കയില്ലല്ലൊ. ഇവർ രണ്ടുപേരും ധമ്മത്തെ കൈവിട്ടാൽ, രാജാവിന്റെ ഉദ്യോഗസ്ഥൻ അടുത്തു പിന്നിൽ, വീഴാതെ നില്ക്കുന്ന രണ്ടാം മതിലിനെ രക്ഷിക്കും. ആ ഉദ്യോഗസ്ഥനും ബ്രഹ്മചാരിയായി ഗുരുകുലത്തിൽ താമസിച്ചവനേ ആയിരിക്കുകയുള്ളു. ആയാളും, പ്രമാദംകൊ ധമ്മത്തെ വിട്ടാൽ, അടുത്തു പിന്നിൽ രാജാവുനിന്നു് രക്ഷിക്കും. രാജാക്കന്മാർ കൂടെ ഋഷികളുടെ അടുക്കൽ ധമ്മം അഭ്യസിച്ചവരായിരുന്നു. ഏതെങ്കിലും കാരണത്താൽ രാജാവു ധമ്മപരിപാലനം ചെയ്യാതെ ഇരുന്നാൽ, പൂർവ്വകാ

ത്തെ സമ്പ്രദായപ്രകാരം ധർമ്മത്തിന്റെ രക്ഷചെയ്തിരുന്നതു സർവ്വസംഗപരിത്യാഗം ചെയ്ത ഋഷികളായിരുന്നു. സീതക്കും കുശലവന്മാർക്കും വാൽമീകിയും, ശകുന്തളക്ക കണ്വനും ചെയ്ത രക്ഷ ഈ സംഗതിക്കുള്ള ചെറിയ ഉദാഹരണങ്ങളാണ്. ഒരുവിധത്തിൽ നോക്കിയാൽ, വാത്മീകിയുടെ ആശ്രമമാണ് ഋഷികളുടെ, രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ പ്രസവ ആശുപത്രി. അതുപോലെത്തന്നെ കണ്വന്റെ ആശ്രമമാണ് ആദ്യത്തെ പൂർണ്ണമായ അനാഥാലയം!

ധർമ്മത്തിന്റെ തത്വം മനസ്സിലാക്കിയ സ്വതന്ത്രരാജാക്കന്മാർ സമുദായത്തിനുവേണ്ടുന്ന സകല കാര്യങ്ങളും അന്വേഷിക്കുവാൻ തയ്യാറുള്ള കാലങ്ങളിലാണ് നമ്മുടെ മിക്ക മതഗ്രന്ഥങ്ങളും എഴുതപ്പെട്ടതു്. എന്നാൽ അക്കാലങ്ങളിൽക്കൂടി, ഋഷികളുടെ "പഴയ" വിദ്യാർത്ഥിയായ രാജാവ് ധർമ്മം കൈവിട്ടാൽ, ഉടനെത്തന്നെ, പ്രതിഫലേച്ഛ കൂടാതെയും നിശ്ശബ്ദവുമായി ഋഷികളും അവരുടെ "പുതിയ" ശിഷ്യന്മാരും ആരുടേയും ക്ഷണനം ഇല്ലാതെതന്നെ, വന്നു ധർമ്മപരിപാലനം ചെയ്യുക പതിവുമായിരുന്നുവെന്ന് പല കഥകളിലുംനിന്ന് നമുക്ക മനസ്സിലാക്കാം.

ഒരു പ്രത്യേക ദൃഷ്ടിപഥത്തിൽക്കൂടിയാണ് നാം ഇതുവരെ ധർമ്മത്തെ നോക്കിയതു്. വിദ്വാന്മാരായ പലരുടെയും പ്രസംഗങ്ങൾ നിങ്ങൾ കേൾക്കുകയുണ്ടായി. രണ്ടുമൂന്നു ദിവസങ്ങൾകൂടി നിങ്ങൾക്ക ഈ ഭാഗ്യം ലഭിക്കും. നാം ഗുരുവായൂർ ക്ഷേത്രസന്നിധിയിൽ ആധുനികമായ ഒരു ജ്ഞാനയജ്ഞമാണ് നടത്തുന്നതു്. ഈ യജ്ഞത്തിൽ പങ്കെടുത്തവരെല്ലാം സ്വദേശത്തേക്ക മടങ്ങിച്ചെന്നു ഇതുപോലെയൊ, ഇതിലും നല്ലതോ ആയ മറെറാരു യജ്ഞം നടത്തട്ടെ.

എന്നെ ക്ഷണിച്ച എനിക്ക ഈ പദവി തന്ന സമ്മേളനഭാരവാഹികൾക്കും, എന്റെ വാക്കുകളെ ക്ഷമയോടു കേട്ട സദസ്യരായ നിങ്ങൾക്കെല്ലാവർക്കും വീണ്ടും നമസ്കാരം.

—നിശ്രേയസാനന്ദസ്വാമികൾ

**KOTTAYAM PUBLIC LIBRARY**
**KOTTAYAM**

Cl. No. 294 Acc. No. 19581

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 12 OCT 2016 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

294
GUR-A

19581

ഗുരുവായൂർ ദേവസ്വം

ആദ്ധ്യാത്മിക ജീവിതം.

Indic Digital Archive Foundation

KOTTAYAM PUBLIC LIBRARY

Call No. 294 GUR-A Acc. No. 19581

Author ഗുരുവായൂർ ദേവസ്വം

Title ആദ്ധ്യാത്മിക ജീവിതം

gpura.org